# വിശുദ്ധ ചാവറ

## ഇതിഹാസവും ഐതിഹ്യവും

# വിശുദ്ധ ചാവറ
# ഇതിഹാസവും പൈതൃകവും

ഡോ. സിറിയക് തോമസ്

പ്രസാധകർ
ധർമാരാം പബ്ലിക്കേഷൻസ്
ബാംഗ്ലൂർ

**VISHUDHA CHAVARA**
**ITHIHASAVUM PAITHRUKAVUM**
(Malayalam)

by Dr. Cyriac Thomas

© Dharmaram Vidya Kshetram

First Edition, 2014

Published by : Dharmaram Publications
Published for : Centre for the Study and Research on Chavara

ISBN: 978-93-81207-11-6

Price ₹ 120.00; US $ 10

Layout & Printing:
Matha Prints, Bangalore

# ഉള്ളടക്കം


ആമുഖക്കുറിപ്പ്.......................................................7

അനുഗ്രഹ സന്ദേശം.................................................11

അനുഗ്രഹ സന്ദേശം.................................................15

അവതാരിക..............................................................17

1. കാലത്തിനു മുമ്പേ ജനിച്ച പ്രതിഭ ................................21

2. ചരിത്രത്തിന്റെ വഴികൾ..............................................22

3. മിഷനറിമാരുടെ കാലം ..............................................26

4. സഭയിലെ ചേരിപ്പോരുകൾ: കഥയും കാര്യവും ......................29

5. കൈനകരിയിൽ നിന്ന് ഒരു കർമ്മയോഗി..............................33

6. മല്പാനച്ചൻ കണ്ടെത്തിയ മുത്ത്.......................................36

7. വൈദിക പരിശീലനം ..................................................39

8. പുതിയ നിയോഗങ്ങൾ..................................................40

9. വേദനിപ്പിച്ച വേർപാടുകൾ ..........................................46

10. ഔദ്യോഗിക അംഗീകാരം..............................................48

11. ചക്രവാളങ്ങളും കടന്ന് ..............................................51

12. സാമൂഹിക പരിഷ്കർത്താവ്...........................................54

13. ശീശ്മയ്ക്കെതിരെ കുരിശുയുദ്ധം .....................................56

14. ധീരമായ ചുവടുവയ്പ്പുകൾ ............................................60

15. ചാവറയച്ചന്റെ വിദ്യാഭ്യാസ ദർശനം ....................................62

16. ചാവറയച്ചന്റെ ആത്മീയ ദർശനം ..........................................65

17. സ്ത്രീ ശാക്തീകരണം ..............................................................68

18. ദളിത് വിമോചനം....................................................................72

19. മുദ്രണാലയ പ്രേഷിതത്വം .........................................................74

20. മൗലികമായ അക്ഷര സപര്യ .................................................79

ഉപസംഹാരം ...........................................................................81

സഹായക ഗ്രന്ഥങ്ങൾ.................................................................85

# ആമുഖക്കുറിപ്പ്

കാൽ നൂറ്റാണ്ടിലേറെ പഴക്കമുള്ള ഒരു ആത്മബന്ധമാണ് ധർമാരാം വിദ്യാക്ഷേത്രവുമായി എനിക്കുള്ളത്. പാലാ സെന്റ് തോമസ് കോളജിൽ അധ്യാപകനായിരിക്കെ പലപ്പോഴും ഞാൻ ബാംഗളൂർ സന്ദർശിക്കുകയും ആ അവസരങ്ങളിൽ ധർമാരാമിലെ ഡീക്കന്മാർക്ക് ചില ക്ലാസുകൾ എടുക്കുകയും ചെയ്തിരുന്നു. ദൈവത്തിനും സഭയ്ക്കും വേണ്ടി സ്വയം സമർപ്പണം ചെയ്ത, ആധ്യാത്മിക ചൈതന്യം നിറഞ്ഞ, ഭക്തിയും യുവത്വവും തുളുമ്പുന്ന ആ വൈദികാർത്ഥികൾക്കൊപ്പം ചെലവഴിച്ച ദിവസങ്ങൾ എന്റെ ജീവിതത്തിലെ അവിസ്മരണീയ അനുഭവങ്ങളിൽപ്പെടുന്നു. ഏതാനും വർഷങ്ങളോളം ഇതു തുടർന്നു പോന്നു. എന്നെ സംബന്ധിച്ചിടത്തോളം വ്യക്തിപരമായി അത് ഒരു ആധ്യാത്മിക പ്രചോദനവും, അധ്യാപനപരമായി ഒരു ആത്മീയ പുനരുജ്ജീവനവും പ്രദാനം ചെയ്തു എന്നു പറയാതെ വയ്യ.

പക്ഷേ, സി.എം.ഐ സഭയിലെ ഗുരുശ്രേഷ്ഠനായ ഐക്കര അച്ചനുമായുള്ള എന്റെ സൗഹൃദത്തിന് അതിലും എത്രയോ വർഷങ്ങളുടെ പഴക്കമുണ്ട്. ഞാൻ പാലാ സെന്റ് തോമസ് കോളജിലെ ചെറുപ്പക്കാരനായ ലക്ച്ചററും, അച്ചൻ സി.എം.ഐ സഭയുടെ ഏറ്റവും പ്രായം കുറഞ്ഞ പ്രിയോർ ജനറലുമായിരുന്ന കാലം മുതൽ ആരംഭിച്ചതാണ് ആ സ്നേഹബന്ധം. കേരളത്തിലെ മൂന്നു സർവകലാശാലകളുടെ വൈസ് ചാൻസലറാകാനുള്ളഅസുലഭാനുഗ്രഹംഎനിക്കുണ്ടായി.ഐക്കരഅച്ചനാകട്ടെ, എല്ലാ അർത്ഥത്തിലും ഏതൊരു യൂണിവേഴ്സിറ്റിയെക്കാളും ഉന്നതമായ പദവിയുള്ള ധർമാരാമിന്റെ റെക്ടർ സ്ഥാനവും ധർമ്മാരാം വിദ്യാക്ഷേത്രത്തിന്റെ പ്രസിഡന്റ് സ്ഥാനവും രണ്ടു പ്രാവശ്യം വീതം അലങ്കരിച്ചു. അത്യപൂർവമായ ഒരു നിയോഗം. പ്രശസ്തമായ ഓക്സ്ഫോർഡ് സർവകലാശാലയുടെ ഫാക്കൽറ്റി അംഗമാകാനും വളരെ ചെറുപ്പത്തിൽ തന്നെ അച്ചന് ഭാഗ്യമുണ്ടായി.

സിഎംഐ സഭയുമായി എനിക്കുള്ള ബന്ധം സ്കൂൾ വിദ്യാഭ്യാസ കാലം മുതലാരംഭിച്ചതാണ്. അന്ന് മലബാർ കാത്തലിക് സ്റ്റുഡന്റ്സ് ലീഗിലെ (എം.സി.എസ്.എൽ; ഇതു പിന്നീട് കെ.സി.എസ്.എൽ ആയി) സജീവ അംഗമായിരുന്നു ഞാൻ. ബഹുമാനപ്പെട്ട കോൺസ്റ്റന്റൈൻ അച്ചൻ (ഫാ. ജെ.സി മണലേൽ സിഎംഐ) ആയിരുന്നു അന്ന് എം.സി.

എസ്.എൽ. ഡയറക്ടർ. ഒരു വിദ്യാർത്ഥി എന്ന നിലയിൽ പൊതു വേദികളിലേയ്ക്ക് എന്നെ കൈപിടിച്ച് ഉയർത്തിയതിൽ ബഹുമാനപ്പെട്ട മണലേൽ അച്ചനും വലിയ പങ്കുണ്ട്.

സ്കൂൾ വിദ്യാഭ്യാസ കാലത്ത് പിന്നീട് എന്റെ വ്യക്തിത്വ വികസനത്തിൽ നിർണായക സ്വാധീനം ചെലുത്തിയ മറ്റൊരാൾ പ്രശസ്തനായ ഫാ. ആബേൽ സിഎംഐ ആയിരുന്നു. ഞാൻ ദീപിക ബാലസഖ്യത്തിൽ സജീവ പ്രവർത്തകനായിരുന്നപ്പോൾ ബഹുമാനപ്പെട്ട ആബേലച്ചനായിരുന്നു ബാലസഖ്യത്തിന്റെ കൊച്ചേട്ടൻ. ഈ വന്ദ്യ ഗുരുക്കന്മാരൊക്കെ എന്റെ വളർച്ചയുടെ ഓരോ കാലഘട്ടങ്ങളിൽ എന്നിൽ നിർണായക സ്വാധീനം ചെലുത്തിയ ആചാര്യന്മാരായിരുന്നു. എങ്കിലും ബാല്യം മുതൽ എന്തുകൊണ്ടോ എനിക്ക് ചാവറയച്ചനോടായിരുന്നു വലിയ ആദരവും ഭക്തിയും. എന്റെ മാതാപിതാക്കൾ ചാവറയച്ചന്റെയും അൽഫോൻസാമ്മയുടെയും വലിയ ഭക്തരായിരുന്നു. അവരുടെ ജീവിതത്തിന്റെ പല നിർണായക ഘട്ടങ്ങളിലും ഈ രണ്ടു വിശുദ്ധാത്മാക്കളുടെയും സ്വർഗീയ മധ്യസ്ഥ്യം അവർ തേടിയിരുന്നു. ഒരുപക്ഷെ എന്റെ പിതാവ് എനിക്ക് സിറിയക് എന്ന് പേരിട്ടതു പോലും ഈ ഭക്തി കൊണ്ടു കൂടിയാവാം. ക്രൈസ്തവ കുടുംബങ്ങളിൽ പിറക്കുന്ന രണ്ടാമത്തെ ആൺ സന്താനത്തിന് നമ്മുടെ പാരമ്പര്യമനുസരിച്ച് അമ്മയുടെ അപ്പന്റെ പേരാണ് നല്കുക. എന്റെ അമ്മയുടെ അപ്പന്റെ പേര് കോരച്ചൻ എന്നായിരുന്നു. എന്റെ പേരും കോര എന്ന് ആകേണ്ടതായിരുന്നു. എനിക്ക് സിറിയക് എന്ന് പേരിട്ടതിനെ പിന്നീട് അപ്പച്ചൻ ന്യായീകരിച്ചത് കോരയും കുര്യനും കുര്യാക്കോസും എല്ലാം ഇംഗ്ലീഷിൽ വരുമ്പോൾ സിറിയക് തന്നെ എന്നു പറഞ്ഞാണ്. അങ്ങനെയാണ് ചാവറയച്ചൻ എന്റെ സ്വർഗീയ മധ്യസ്ഥനായത്. ആ പുണ്യാത്മാവിന്റെ അനുഗ്രഹങ്ങൾ ജീവിതത്തിലുടനീളം എനിക്കും ധാരാളമായി ലഭിച്ചിട്ടുണ്ട്. എത്രയോ പ്രതിസന്ധികളിൽ ചാവറയച്ചന്റെ സ്വർഗീയ ഇടപെടലുകൾ എനിക്ക് തുണയായി. മഹാത്മ ഗാന്ധി സർവകലാശാലയിൽ വൈസ് ചാൻസലറായിരിക്കെ, എപ്പോഴൊക്കെ ഞാൻ പ്രതിസന്ധികളെ അഭിമുഖീകരിച്ചുവോ അപ്പോഴൊക്കെ അതിരമ്പുഴയിലെ പ്രിയദർശിനി കുന്നിലെ വൈസ് ചാൻസലറുടെ ചേമ്പറിലുള്ള ആ ഔദ്യോഗിക ഇരിപ്പിടത്തിൽ നിന്ന് ഞാൻ എഴുന്നേറ്റ് മാന്നാനം കുന്നുകൾക്കു നേർക്ക് നോക്കി ചാവറയച്ചന്റെ മാധ്യസ്ഥ്യം അപേക്ഷിച്ചിരുന്നു, പ്രശ്നപരിഹാരത്തിനായി. എന്റെ പ്രാർത്ഥനകൾക്ക് അപ്പപ്പോൾ എനിക്ക് ഉത്തരങ്ങളും ലഭിച്ചിരുന്നു.

2014 ജൂണിൽ ബഹു. ഐക്കരയച്ചനും, ധർമ്മാരാം വിദ്യാക്ഷേത്രം പ്രസിഡന്റ് സാജു ചക്കാലയ്ക്കലച്ചനും, ദൈവശാസ്ത്ര ഡീൻ, തോമസ് കൊല്ലംപറമ്പിലച്ചനും, ചാവറ പഠന-ഗവേഷണ കേന്ദ്രം ഡയറക്ടർമാരായ ഷാജി കൊച്ചുതറയച്ചനും, ബെന്നി നൽക്കരയച്ചനും മറ്റും ചേർന്ന് ധർമാരാം കോളജിൽ 2014–15 ലെ ചാവറ സ്മാരക പ്രഭാഷണത്തിനായി എന്നെ ക്ഷണിച്ചപ്പോൾ ഞാൻ എത്രത്തോളം അമ്പരന്നുപോയി എന്ന് സൂചിപ്പിക്കാനാണ് ഇത്രയും ആമുഖമായി വിവരിച്ചത്. പ്രഭാഷണത്തിനു പിന്നാലെ ചാവറയച്ചനെ കുറിച്ച് ഒരു ഗ്രന്ഥം എഴുതുവാൻ എന്നോട് ആവശ്യപ്പെട്ടപ്പോഴും ഞാൻ അത്ഭുത പരതന്ത്രനായി. കാരണം ചാവറയച്ചനെ കത്തോലിക്കാ സഭ ഔദ്യോഗികമായി വിശുദ്ധരുടെ ഗണത്തിലേയ്ക്ക് പേരു വിളിക്കുന്ന വത്സരത്തിൽ തന്നെ, അദ്ദേഹത്തിന്റെ പേരിലുള്ള പ്രഭാഷണം നടത്തുന്നതിന് എനിക്ക് അവസരം ലഭിച്ചു. അതിനെ തുടർന്ന് ഇപ്പോൾ അദ്ദേഹത്തെക്കുറിച്ചുള്ള ഈ ഗ്രന്ഥം രചിക്കുന്നതിനും എനിക്ക് ക്ഷണം ലഭിച്ചിരിക്കുന്നു. ധർമാരാമിനും അവിടുത്തെ ആദരണീയരായ വൈദിക ശ്രേഷ്ഠർക്കും നന്ദി പറയുവാൻ എനിക്കു വാക്കുകളില്ല.

'ഇതിഹാസവും പൈതൃകവും' എന്ന പേരിൽ വിശുദ്ധ ചാവറയച്ചന്റെ ജീവിതവും ദർശനവും എഴുതുവാൻ ആരംഭിച്ചപ്പോൾ മുതൽ ഞാൻ എന്റെ സ്വർഗീയ മധ്യസ്ഥനായ അച്ചനോട് ഈ പ്രയത്നത്തിൽ എന്റെ മേൽ അച്ചന്റെ കാരുണ്യവർഷം ചൊരിയണമേ എന്നു ഉത്ക്കടമായി പ്രാർത്ഥിക്കുന്നുമുണ്ടായിരുന്നു.

ഈ ഗ്രന്ഥരചനയിൽ എന്നെ സഹായിച്ച സർവർക്കും നന്ദി. പ്രത്യേകിച്ച് എന്റെ ശിഷ്യന്മാരായിട്ടുള്ള ആബെ ജേക്കബിനും ഡോ. സ്റ്റാനി തോമസിനും ഡൽഹിയിൽ എന്റെ സെക്രട്ടറിയായി ഞങ്ങൾക്കൊപ്പമുള്ള ശ്രീഹരി കർത്തായ്ക്കും.

ഡോ. സിറിയക് തോമസ്

79, ന്യൂ മോത്തിബാഗ്,
ന്യൂഡൽഹി – 23
24.10.2014

ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് | മേജർ ആർച്ചുബിഷപ്-കാതോലിക്കാ ബാവ | പ്രസിഡന്റ്, സി.ബി.സി.ഐ. | പ്രസിഡന്റ്, കെ.സി.ബി.സി.

പട്ടം, തിരുവനന്തപുരം
നവംബർ 12, 2014

# അനുഗ്രഹ സന്ദേശം

വി. കുര്യക്കോസ് ഏലിയാസ് ചാവറയുടെ ജീവിതം അക്ഷരാർത്ഥത്തിൽതന്നെ ഒരു ഇതിഹാസവും ആ പൈതൃകം സത്യമായും ഭാരതസഭയുടെ അമൂല്യനിക്ഷേപങ്ങളിൽ ഒന്നുമാണ്. വാ. ചാവറയച്ചനെ പരിശുദ്ധ ഫ്രാൻസിസ് മാർപ്പാപ്പ വിശുദ്ധനായി ഉയർത്തുന്ന ഈ അവസരത്തിൽ അറിയപ്പെടുന്ന പണ്ഡിതനും എഴുത്തുകാരനുമായ ഡോ. സിറിയക് തോമസ് വി. ചാവറയച്ചനെക്കുറിച്ച് 'ഇതിഹാസവും പൈതൃകവും' എന്ന പേരിൽ മനോഹരമായ ഒരു ഗ്രന്ഥം പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ അതിയായ സന്തോഷമുണ്ട്.

കേരള സാംസ്കാരിക നവോത്ഥാന നായകന്മാരിൽ മുൻനിരക്കാരിലൊരുവനായ വി. ചാവറ പിതാവിന്റെ ജീവിതവും ദൗത്യവും തികച്ചും പ്രപോദനാത്മകമായ ഒരു ചരിത്രമാണ്. ഡോ. സിറിയക് തോമസ് ചൂണ്ടികാണിച്ചിരിക്കിന്നതുപോലെ കേരളത്തിലെ പ്രസിദ്ധ സാമൂഹ്യ പരിഷ്കർത്താവായ ശ്രീ. നാരായണഗുരുവിന്റെ മുൻഗാമിയായിരുന്നു ചാവറയച്ചൻ. ഭാരതത്തിലെ പ്രഥമ ഏതദ്ദേശീയ കത്തോലിക്കാ സന്യാസ സഭകളിൽ ഒന്നായ സി.എം.ഐ. സഭയുടെ സ്ഥാപകരിൽ ഒരാളാണ് അദ്ദേഹം. ഇന്ന് ഈ സന്യാസസമൂഹം ഗുണനിലവാരത്തിലും സംഖ്യാബലത്തിലും മാത്രമല്ല രാജ്യത്തെ വിദ്യാഭ്യാസമേഖലയിലെ കാര്യക്ഷമവും ശക്തവുമായ സാന്നിധ്യവുമായി നിലകൊള്ളുന്നു. ചാവറയച്ചൻ രണ്ടു നൂറ്റാണ്ടുകൾക്കു മുമ്പ് മാന്നാനത്ത് ഒരു സംസ്കൃത വിദ്യാലയം സ്ഥാപിച്ചുകൊണ്ട് സി.എം.ഐ. വൈദികരുടെ വിദ്യാഭ്യാസ പ്രേഷിതപ്രവർത്തനത്തിന് വഴിതെളിച്ചു. അന്നത്തെ സാമൂഹിക പശ്ചാത്തലത്തിൽ അത് ധീരമായ ഒരു കാൽവെപ്പുതന്നെയായിരുന്നു.

ഒരു സന്യാസിയും അറിയപ്പെടുന്ന ആത്മീയഗുരുവും എന്ന തുപോലെതന്നെ മതനിരപേക്ഷ വിദ്യാഭ്യാസ സാമൂഹിക ധാരണ കൾക്കു അടിസ്ഥാനമിട്ട ഉത്തമനായ വിദ്യാഭ്യാസ പ്രവർത്തക നായിരുന്നു ചാവറയച്ചൻ. വി. ജോൺപോൾ രണ്ടാമൻ മാർപ്പാപ്പ വി. അൽഫോൻസാമ്മയോടൊപ്പം ചാവറയച്ചനെ വാഴത്തപ്പെട്ടവ നായി പ്രഖ്യാപിച്ചെങ്കിലും അദ്ദേഹത്തിന്റെ നടപടിക്രമങ്ങൾ പൂർത്തി യാക്കുന്നതിന് അതിസൂക്ഷ്മ കാര്യങ്ങൾപോലും ശ്രദ്ധാപൂർവ്വം വിശകലനം ചെയ്യുന്ന പരിശുദ്ധ സിംഹാസനത്തിന് ഏതാനും വർഷങ്ങൾ വേണ്ടിവന്നു. സി. അൽഫോൻസാമ്മ 2008 ഒക്ടോബറിൽ ബനഡിക്ട് പതി നാറാമൻ മാർപ്പാപ്പയാൽ വിശുദ്ധയെന്ന് നാമകരണം ചെയ്യപ്പെട്ടിരുന്നു.

ഭാരതത്തിലെ സുറിയാനി കത്തോലിക്കരുടെ തദ്ദേശിയനായ ആദ്യവി കാരി ശ്രേഷ്ഠൻ (ജനറാൾ) ഫ്രാൻസീസ് മാർപ്പാപ്പായാൽ കാനോനി കമായി വിശുദ്ധനായി ഉയർത്തപ്പെടുന്നതിൽ ഇന്ത്യ അഭിമാനിക്കുക യും സന്തോഷിക്കുകയും ചെയ്യുന്നു. വിശ്വാസയോഗ്യമായ ഒരു കഥയ നുസരിച്ച് ചാവറയച്ചൻ, തന്നെ മെത്രാനാക്കുവാനുള്ള റോമിൽനിന്നുള്ള വാഗ്ദാനത്തെ തികച്ചും എളിമയോടെ ഒരു സന്യാസി എന്ന നിലയിൽ നിരസിച്ചെന്നും പകരമായി പൊതുവികാരി പദവി (വികാരി ജനറാൾ) എന്ന പദവി സ്വീകരിച്ചുവെന്നും എഴുതപ്പെട്ടിരിക്കുന്നു. എന്നിരു ന്നാലും അക്കാലത്തെ ഒരു അംഗീകൃത സഭാ നേതാവ് എന്ന രീതിയിൽ അദ്ദേഹത്തിന്റെ പ്രാധാന്യം അല്പംപോലും കുറഞ്ഞില്ല.

'ഇതിഹാസവും പൈതൃകവും' എന്ന പേരിൽ ഡോ. സിറിയക് തോമസ് വി. ചാവറയെക്കുറിച്ചുള്ള ഈ ഗ്രന്ഥം രചിക്കുന്നതിന് വളരെ യധികം ബുദ്ധിമുട്ടിയെന്നത് നിസംശയകരമായ വസ്തുതയാണ്. ഇപ്പോൾ ഭാരതസർക്കാരിന്റെ ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു വേണ്ടി യുള്ള ദേശീയ സമിതി അംഗമായി സേവനം ചെയ്യുന്ന ഡോ. സിറിയക് തോമസ് കേരളത്തിലെ മൂന്നിടത്ത് സർവ്വകലാശാല അധിപനായി സേവ നം ചെയ്ത അറിയപ്പെടുന്ന ഒരു വിദ്യാഭ്യാസ വിദഗധനാണ്. ദേശഭക്തരായ സ്വാതന്ത്ര്യസമര സേനാനികളുടെ പാരമ്പര്യമുറങ്ങുന്ന ഒരു വിശ്രുത കുടുംബത്തിൽ പിറന്ന ഡോ. സിറിയക് സഭാ മാതാവിന്റെ ഒരു അഭി മാന സന്താനമാണ്. വിദ്യാസമ്പന്നനായ പണ്ഡിതനും ജനപ്രിയ പ്രഭാഷ കനുമായ അദ്ദേഹം വാ. മദർ തെരേസയെയും വി. അൽഫോൻസാമ്മ

യെയും കുറിച്ച് 'അമ്മയും സഹോദരിയും' എന്ന പേരിൽ അടുത്തയിടെ പ്രസിദ്ധീകരിക്കപ്പെട്ടതുൾപ്പടെ ജനസമിതി നേടിയ ഒട്ടനവധി പുസ്തകങ്ങൾ ഇംഗ്ലീഷിലും മലയാളത്തിലുമായി രചിച്ചിട്ടുണ്ട്.

'വി. ചാവറ: ഇതിഹാസവും പൈതൃകവും' എന്ന പേരിൽ തന്റെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ ചാവറ കുരിയാക്കോസ് പിതാവിനെക്കുറിച്ചുള്ള ഈ പുസ്തകമാണ് അദ്ദേഹത്തിന്റെ ഇതുവരെയുള്ള രചനകളിൽ ഏറ്റവും പുതിയത്. ഈ പുസ്തകം അനുവാചകർക്കു തീർച്ചയായും ഒരു അനുഗ്രഹമായിരിക്കുമെന്ന് എനിക്കുറപ്പാണ്. വി. ചാവറയച്ചനെക്കുറിച്ച് ഇത്തരമൊരു പുസ്തകമെഴുതാൻ സൻമനസ്സ് കാണിച്ച ഗ്രന്ഥകാരനും അപ്രകാരംതന്നെ അനുഗ്രഹിക്കപ്പെടട്ടെ.

സർവ്വശക്തനായ ദൈവം ഈ ഗ്രന്ഥകാരനെയും വായനക്കാരെയും അനുഗ്രഹിക്കുമാറാകട്ടെ.

ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ്
മേജർ ആർച്ചുബിഷപ്-കാതോലിക്കാ ബാവ

എറണാകുളം, കൊച്ചി **ജോർജ്ജ് കർദ്ദിനാൾ ആലഞ്ചേരി**
നവംബർ 12, 2014 **മേജർ ആർച്ചുബിഷപ്-സീറോ മലബാർ സഭ**
മേജർ അർച്ച്ബിഷപ്സ് ഹൗസ്

# അനുഗ്രഹ സന്ദേശം

ഭാരത സഭയ്ക്കു ലഭിച്ച ഒരു ദൈവീക ദാനമാണ് വി. കുരിയാക്കോസ് ഏലിയാസ് ചാവറ. സമാദരണീയനായ ഈ വൈദികൻ മാതൃകാ യോഗ്യമായ പ്രശാന്ത ജീവിതം നയിക്കുകയും വിശ്വാസത്തിന്റെ ഒരു ധീരസാക്ഷ്യം നൽകുകയും ചെയ്തു. തന്റെ നേതൃത്വത്തിലൂടെയും വിദ്യാ ഭ്യാസമേഖലയിലെ പൈതൃകത്തിലൂടെയും സമൂഹത്തിന് പ്രബുദ്ധത യുടെ വാതിൽ തുറന്നുകൊടുത്ത സാമൂഹിക പരിഷ്കർത്താവായി രുന്നു ചാവറയച്ചൻ. അന്നുവരെ മറ്റു വിദ്യാലയങ്ങളുടെ പടിവാതിൽ വി ലക്കപ്പെട്ടിരുന്ന അന്നത്തെ പിന്നോക്ക വിഭാഗത്തിലെ കുഞ്ഞുങ്ങൾക്ക് പള്ളിക്കൂടത്തിന്റെ വാതിൽ തുറന്നുകൊടുത്ത് ജനപ്രീതിക്കു പാത്രീ ഭൂതനായവനാണ് അദ്ദേഹം. അമലോദ്ഭവ മാതാവിന്റെ കർമ്മലസഭ യുടെ സ്ഥാപകപിതാക്കന്മാരിലൊരുവനായ വി. ചാവറയുടെ ആത്മീ യത അസാധാരണവും അനന്യവുമായ സാമൂഹ്യ ആദ്ധ്യാത്മിക പ്രതി ബദ്ധതയുടെ സമഞ്ജസമായ ഒരു സമ്മേളനമായിരുന്നു. കേരള സമൂഹത്തിനും സഭയ്ക്കും ഇവിടുത്തെ ക്രൈസ്തവ സമൂഹത്തിനും അതു ല്യമായ സംഭാവനകൾ നൽകിയ അത്യുൽകൃഷ്ടനായ ആത്മീയ സാമൂഹ്യ പരിഷ്കർത്താവായിരുന്നു അദ്ദേഹം. ക്രാന്തദർശിയും ആരംഭകാല സാമൂഹ്യപരിഷ്കർത്താക്കളിൽ ഒരുവനുമായിരുന്നു അദ്ദേഹം. ജാതിസമ്പ്രദായംകൊണ്ടു വീർപ്പുമുട്ടിയ സമൂഹത്തിലെ എല്ലാ തുറകളിലുമുള്ള വിദ്യാർത്ഥികൾക്കായി ഒരു സംസ്കൃത സ്കൂൾ സ്ഥാപിച്ചതിൽനിന്നും വിശ്വാസം ജീവിതത്തിലൂടെ പ്രഘോഷിച്ച ഒരു കർമ്മയോഗിയായിരുന്നു എന്നത് സ്പഷ്ടമാണ്. ചാവറയച്ചൻ വിശുദ്ധ നായി ഉയർത്തപ്പെടുന്ന നാമകരണ കാലഘട്ടത്തിൽ തന്നെ, പേരുകേട്ട വിദ്യാഭ്യാസ പ്രവർത്തകനും പണ്ഡിതനും എഴുത്തുകാരനുമായ ഡോ. സിറിയക് തോമസ് വി. ചാവറയച്ചന്റെ ജീവിതവും പ്രേഷിതപ്രവർത്ത

നങ്ങളും ആസ്പദമാക്കി ഒരു പുസ്തകം രചിച്ചു എന്നറിയാൻ സാധിച്ചതിൽ എനിക്ക് അതിയായ ആനന്ദമുണ്ട്. ഭാരതത്തിന്റെ അഭിമാന സ്തംഭങ്ങളായ വി. അൽഫോൻസാമ്മയെയും വാ. മദർ തെരേസയും കുറിച്ച് 'അമ്മയും സഹോദരിയു'മെന്ന പേരിൽ അവർക്കുള്ള ശതവാർഷികാഘോഷങ്ങളുടെ ഉപഹാരമായി രചിച്ച മറ്റൊരു ഗ്രന്ഥവും ഞാൻ സന്തോഷപൂർവ്വം അനുസ്മരിക്കുന്നു. നമ്മുടെ ആത്മീയാചാര്യൻമാരിൽ പ്രധാനിയും, സാമൂഹ്യപരിഷ്കർത്താക്കളിലൊരുവനുമായ വി. ചാവറയെക്കുറിച്ചുള്ള 'ഇതിഹാസവും പൈതൃക'വുമെന്ന പുസ്തകം അദ്ദേഹത്തിന്റെ ജീവിതത്തേയും സംഭാവനകളേയും കുറിച്ചുള്ള ഒരു ആധികാരിക കൃതിയാണെന്നത് തീർച്ചയാണ്.

ഈ പുസ്തകരചയിതാവിനും വായനക്കാരോരുത്തർക്കും ദൈവാനുഗ്രഹങ്ങളും പ്രാർത്ഥനകളും നേർന്നുകൊണ്ട്,

ജോർജ്ജ് കർദ്ദിനാൾ ആലഞ്ചേരി
മേജർ ആർച്ചുബിഷപ്

# അവതാരിക

ത്രികാലങ്ങളെ ജ്ഞാന ഭക്തി കർമ്മ മാർഗ്ഗങ്ങളുടെ സമഞ്ജസമായ സമ്മേളനത്താൽ പ്രഭാവമാർന്ന സ്വന്തം വ്യക്തിത്വം കൊണ്ട് പ്രകാശമാനമാക്കുന്ന മനുഷ്യരാണ് ദൈവത്തിന്റെയും മനുഷ്യരുടെയും ഓർമ്മകളിൽ തങ്ങിനില്ക്കുന്നത്. കാലാതിവർത്തികളായ പ്രസ്തുത ജന്മങ്ങളെ ചരിത്രം ആദരിക്കുകയും ആഘോഷിക്കുകയും അനുകരിക്കാൻ പരിശ്രമിക്കുകയും ചെയ്യാറുണ്ട്. പത്തൊമ്പതാം നൂറ്റാണ്ടിലെ കേരള സഭയേയും സമൂഹത്തേയും തന്റെ ജീവിതം കൊണ്ടും സമർപ്പണ സപര്യകൊണ്ടും ധന്യവും ദീപ്തവുമാക്കിയ വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ ഇങ്ങനെ ദൈവ–മനുഷ്യ സ്മരണകളിൽ ചിരപ്രതിഷ്ഠനേടിയ വ്യക്തിയാണ്. എണ്ണിയാലൊടുങ്ങാത്ത കാര്യങ്ങളാണ് 66 വർഷം നീണ്ട ജീവിതത്തിനിടയിൽ അദ്ദേഹം ചെയ്തു തീർത്തത്. ദർശനവീടിന്റെ ആത്മഹർഷത്തിൽ അഭിരമിക്കാതെ അതു നൽകിയ ആത്മീയാനുഭവത്തേയും ആത്മാനുതാപത്തേയും അനേകായിരങ്ങൾക്ക് അനുഭവവേദ്യമാക്കിക്കൊടുക്കുകയായിരുന്നു ചാവറപ്പിതാവ്. കേരളത്തിന്റെ ആത്മീയ–സാംസ്കാരിക, സാഹിത്യ, സാമൂഹിക മണ്ഡലങ്ങളെ അഗാധമായി സ്പർശിച്ച ഈ ഭാരതത്തിലെ ആദ്യ ദർശനപ്പട്ടക്കാരന്റെ ജീവിതം ദൈവസ്നേഹത്തിന്റേയും മാനവസേവനത്തിന്റേയും ഇതിഹാസമാണ്.

ഇതിഹാസ ജന്മങ്ങൾ ഭൂമിയിൽ വിരളമായി മാത്രം സംഭവിക്കുന്നവയാണ്. അതുകൊണ്ടുതന്നെയാണ് അവ കാലത്തെ അതിജീവിക്കുന്ന ചൈതന്യമായും പൈതൃകമായും നിലകൊള്ളുന്നത്. വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ ജീവിതവും ദർശനവും ഒരേ സമയം ഇതിഹാസവും പൈതൃകവുമായി മാറുന്നത് ഈയർത്ഥത്തിലാണ്. ഈയൊരു ഐതിഹാസിക മാനത്തേയും പൈതൃകത്തേയും അതിമനോഹരമായി അടയാളപ്പെടുത്തുകയാണ് ഡോക്ടർ സിറിയക് തോമസിന്റെ ‘‘ഇതിഹാസവും പൈതൃകവും’’ എന്ന ഈ കൃതി. കേരളത്തിന്റെ വിദ്യാഭ്യാസ–സാംസ്കാരിക–സാമൂഹിക മേഖലകളിൽ സംഭാവനകൾ നല്കുകയും ഈ രംഗങ്ങളിൽ ഉത്തരവാദിത്തപ്പെട്ട സ്ഥാനങ്ങൾ വഹിക്കുകയും ചെയ്തിട്ടുള്ള ഡോ. സിറിയക് തോമസ് അടിമുടി ഒരു

ചാവറ ഭക്തനാണ് എന്ന വസ്തുത ഈയുദ്യമത്തെ കൂടുതൽ ശ്രേഷ്ഠ തരമാക്കിയിട്ടുണ്ട്. പേരുകൊണ്ട് എന്നതുപോലെതന്നെ നേരുകൊണ്ടും അദ്ദേഹം ഈ പുസ്തകരചനയിലൂടെ അതിന് അടിവരയിടുന്നു.

എൺപതോളം പേജുകൾ മാത്രമുള്ള താരതമ്യേന ചെറുതായ ഈ ഗ്രന്ഥത്തിലെ ഇരുപതു അദ്ധ്യായങ്ങളിലൂടെ ചാവറ കുര്യാക്കോസ് ഏലിയാസ് എന്ന പുണ്യാത്മാവിന്റെ ഐതിഹാസിക ജീവിതത്തിന്റെ നേർരേഖാചിത്രമാണ് ഗ്രന്ഥകാരൻ നല്കുന്നത്. കാലത്തിനു മുമ്പേ ജനിച്ച ഈ മഹാപ്രതിഭയെ കാലശിലയിൽ അമരത്വം നേടിയ വിശുദ്ധ ജന്മമായിട്ട് അവതരിപ്പിക്കുന്നത് കേരള ക്രൈസ്തവ സഭാ സമൂഹത്തിന്റെ സങ്കീർണ്ണവും സംഭവബഹുലവുമായ ചരിത്രഭൂമികയിലാണ്. അപ്പസ്തോലിക പാരമ്പര്യമുള്ള ഒരു സഭാസമൂഹം ഈ നാടിന്റെ സാംസ്കാരിക പൈതൃകവും പ്രത്യേകതകളും സ്വന്തമാക്കി വളർന്നെങ്കിലും വൈദേശികമായ ഇടപെടലുകൾ പ്രസ്തുത തനിമയെ എങ്ങനെ വികലമാക്കിയെന്നും അത് സഭയുടെ സർഗ്ഗാത്മകഭാവത്തെ എങ്ങനെ താറുമാറാക്കിയെന്നും ചുരുക്കമായി പ്രതിപാദിച്ചുകൊണ്ട് ഈ ദശാസന്ധിയിൽ കേരള സമൂഹത്തെ സമഗ്രമായി രൂപാന്തരപ്പെടുത്താൻ ചാവറപ്പിതാവ് എങ്ങനെ സ്വയം വിളക്കുമരമായി മാറിയെന്ന് ഡോ. സിറിയക് വിശദീകരിക്കുന്നു.

തന്റെ കാലത്തിനൊപ്പം സഞ്ചരിച്ചുകൊണ്ട്, തന്റെ കാലത്തിനപ്പുറത്തേയ്ക്ക് ഉൾക്കാഴ്ചയോടെ നോക്കിയ ചാവറപ്പിതാവ് പുതിയ പാതയിലൂടെ നടന്ന മുൻഗാമിയാണ് എന്ന പൊതു ധാരണയെ തിരുത്തിക്കൊണ്ട് വഴി പോലുമില്ലാത്തിടത്ത് സ്വയം ഒരു പാത പുതുതായി വെട്ടിത്തുറക്കുകയും അതിലൂടെ ആദ്യം സഞ്ചരിക്കുകയും ചെയ്തുകൊണ്ടാണ് മുൻഗാമിയായത് എന്ന ദർശനമാണ് ഗ്രന്ഥകാരൻ അവതരിപ്പിക്കുന്നത്. സമൂഹഘടനയെ പിടിച്ചുലയ്ക്കാനും പുതിയ ചട്ടക്കൂടിൽ അതിനെ പുനഃപ്രതിഷ്ഠിക്കാനും സാധിച്ച ചാവറപ്പിതാവ് ഇതര സാമൂഹിക പരിഷ്ക്കർത്താക്കൾക്കു മുമ്പിൽ പ്രകാശഗോപുരമായി മാറിയെന്നും തന്റെ കാലഘട്ടത്തിൽ സംഭവിച്ച സാമൂഹിക പരിവർത്തനങ്ങളുടെ രൂപാന്തരീകരണപ്രക്രിയയിൽ രാസത്വരകമായി മാറി എന്നു നിരീക്ഷിക്കുന്ന ഡോ. സിറിയക് തോമസ്, വി. ചാവറ കുര്യാക്കോസ്

ഏലിയാസച്ചന്റെ സമഗ്രസംഭാവനകളെയൊന്നും പ്രതിപാദിക്കാൻ മറന്നുപോയിട്ടില്ല.

വിശുദ്ധ ചാവറയെന്ന ഇതിഹാസത്തിന്റെ ആത്മീയാനുഭവത്തെ മൂന്നു ദർശന ധാരകളിലാണ് ഗ്രന്ഥകാരൻ അവതരിപ്പിക്കുന്നത് – ദൈവദർശനം, ആത്മദർശനം, സ്നേഹദർശനം. വിശുദ്ധിയുടെ ആഴമായ സുവർണ്ണമുദ്രകളുടെ പൈതൃകം അദ്ദേഹം സമ്മാനിക്കുന്നത് ഈ മൂന്നു ദർശനങ്ങളിലൂടെയാണെന്ന ഗ്രന്ഥകാരന്റെ നിഗമനം മൗലികവും മനോഹരവുമാണ്. ദൈവത്തെ പിതാവായി ദർശിച്ചും, ദൈവതിരുമുമ്പിൽ സ്വന്തം അപൂർണ്ണതകളെ തിരിച്ചറിഞ്ഞും, ദർശനഭവനത്തിലെ ദൈവാനുഭവത്തെ അപരരിലേക്കു പകർന്നും ചാവറയച്ചൻ, ദൈവിക വിസ്മയങ്ങളുടെ വിധിതീർപ്പുകളാൽ മനോഹരമാക്കപ്പെട്ട മനുഷ്യജന്മത്തിന്റെ പൂർണ്ണത പരസ്നേഹത്തിലാണ് എന്നു സ്വജീവിതം കൊണ്ട് സാക്ഷ്യപ്പെടുത്തി എന്ന പ്രസ്താവം, ചാവറയെന്ന ഇതിഹാസത്തെ ആഴത്തിലറിയുകയും ആ പൈതൃകം കൈമാറിക്കിട്ടുകയും ചെയ്ത ഒരുത്തമ സഭാസ്നേഹിയുടെ സാക്ഷ്യമൊഴിയാണ്.

വി. ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ അതുല്യവ്യക്തിത്വത്തിന്റെ സമഗ്രമേഖലകളേയും സ്പർശിക്കുമ്പോഴും, സിറിയക് തോമസിലെ വിദ്യാഭ്യാസ വിചക്ഷണൻ വാചാലനാകുന്ന ഇടങ്ങളുണ്ട്. അതു സ്വാഭാവികമായും ചാവറപ്പിതാവിന്റെ വിദ്യാഭ്യാസ ദർശനത്തെക്കുറിച്ചു പ്രതിപാദിക്കുമ്പോഴാണ്. ''അക്ഷരം അഗ്നിയാണെന്നും ഈ അഗ്നി ഉള്ളിലുള്ളവർക്കു മാത്രമേ സമൂഹത്തെ മാറ്റാനും വളർത്താനുമുള്ള ഊർജ്ജമുണ്ടാകൂ.... അറിവിലൂടെ അഭിവൃദ്ധി, വിദ്യാഭ്യാസത്തിലൂടെ വികസനം'' ......ഇങ്ങനെയുള്ള ദർശനങ്ങളാണ് പ്രവാചകവീക്ഷണമുള്ള വിദ്യാദാന ശുശ്രൂഷയ്ക്കായി ചാവറയച്ചനെ പ്രേരിപ്പിച്ചത് എന്ന് സ്വന്തം അനുഭവസമ്പത്തിന്റെ കൂടി പിൻബലത്തിൽ ഡോ. സിറിയക് സമർത്ഥിക്കുന്നു.

തന്റെ കാലഘട്ടത്തിലെ സമൂഹത്തേയും മതത്തേയും, ആത്മീയതയേയും പൂർണ്ണതയിൽ ദർശിച്ച ഇതിഹാസമായ ചാവറപ്പിതാവിന്റെ പൈതൃകത്തിനു പ്രണാമമർപ്പിച്ചുകൊണ്ടുള്ള ഡോ. സിറിയക് തോമസിന്റെ അക്ഷരപൂജ, തീർത്തും സമയോചിതവും സമ്മോഹനവുമായ

ഒരു സുകൃതമാണ്. ''ചെറുതാണ് ചേതോഹരം'' എന്ന മഹത്വചനത്തെ ഓർമ്മിപ്പിക്കുന്ന ഈ രചന, ആയാസരഹിതമായ വായനയ്ക്കും അയത്ന ലളിതമായ വിചിന്തനത്തിനും അനുഭവസമ്പന്നമായ ആത്മവിശുദ്ധീകരണത്തിനും വഴിയൊരുക്കുമെന്നു തീർച്ച. ഗ്രന്ഥകാരനെ സർവ്വാത്മനാ അനുമോദിക്കുന്നു.

അനേകരുടെ വായനാഭിഷേകത്താൽ അദ്ദേഹവും ഈ ഗ്രന്ഥവും പ്രസാദനിർഭരമാകട്ടെയെന്ന് ആശംസിക്കുകയും ചെയ്യുന്നു.

ഡോ. തോമസ് ഐക്കര, സി.എം.ഐ.
റെക്ടർ, ധർമ്മാരാം കോളേജ്

# 1. കാലത്തിനു മുമ്പേ ജനിച്ച പ്രതിഭ

ആധുനിക കേരള ചരിത്രത്തിലെ നവോത്ഥാന കാലഘട്ടമായ പത്തൊൻപതാം നൂറ്റാണ്ട് മാനവസമൂഹത്തിനു സമ്മാനിച്ച ക്രാന്ത ദർശിയായ പുണ്യതേജസാണ് ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ. കാലത്തിനു മുമ്പേ ജനിച്ച മഹാ പ്രതിഭ. സഭയുടെയും സമുദായത്തി ന്റെയും സമഗ്ര പുരോഗതി സ്വപ്നം കാണുകയും അതിനുവേണ്ടി സ്വയം സമർപ്പിക്കുകയും ചെയ്ത അതുല്യനായ മനുഷ്യ സ്നേഹിയായി രുന്നു വന്ദ്യ ചാവറയച്ചൻ. തനിക്കു നല്കപ്പെട്ട ദർശനത്തോട് അതീവ വിശ്വസ്തനായി ജീവിക്കുകയും, എന്തു പ്രതിബന്ധങ്ങളുണ്ടായാലും ആ വിശ്വസ്തത പാലിക്കും എന്നു ദൃഢനിശ്ചയം ചെയ്യുകയും, അതിന്റെ പേരിൽ നേരിടേണ്ടി വന്ന പരീക്ഷകളെ ദൃഢചിത്തതയോടെ അഭിമുഖീക രിക്കുകയും ചെയ്ത വ്യക്തിയാണ് അദ്ദേഹം. ആ ജീവിതത്തിൽ വ്യർത്ഥ ദിനങ്ങൾ ഒന്നുമില്ലായിരുന്നു. വ്യർത്ഥ രചനകളും ഇല്ലായിരുന്നു. കോടി ജപകോടി ധ്യാനകോടിലയ തുല്യമായിരുന്നു ആ സുകൃത ജീവിതം. ഒരു പക്ഷെ ആ ജന്മം തന്നെ പത്തൊമ്പതാം നൂറ്റാണ്ടിന്റെ അർത്ഥനയുടെ ഫലമാവാം . കാലശിലയിൽ അമരത്വം നേടിയ ഒരു വിശുദ്ധ ജന്മം! കേരളം അജ്ഞാനാന്ധകാരത്തിൽ ആമഗ്നമായിരുന്ന ഒരു കാലഘട്ടത്തിൽ, അനാചാരങ്ങളുടെയും ജാതിസ്പർദ്ധയുടെയും വേതാളങ്ങൾ സമൂ ഹത്തെ ഗ്രസിച്ചിരുന്ന ദശാസന്ധിയിൽ, ധാർമിക ജീവിതത്തിന്റെ മൂല്യ ങ്ങൾ കേരളീയരിൽ അങ്കുരിപ്പിക്കുന്നതിനു വേണ്ടി തന്റെ അസുലഭമായ കർമ്മവൈഭവം പൂർണമായി സമർപ്പിച്ചു എന്നതുകൊണ്ടാണ് ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ ജീവിതം ഇതിഹാസ സമാനമായത്. പക്ഷെ, കേരളത്തിലെ നവോത്ഥാനനായകരുടെ കൂട്ടത്തിൽ ചരിത്രം ചാവറയച്ചന്റെ പേര് വിസ്മരിച്ചു പോയി. ആകസ്മികമാവാം... ആവാം...

ചാവറയച്ചന്റെ ഔന്നത്യം മനസിലാക്കണമെങ്കിൽ അദ്ദേഹത്തിന്റെ കാലഘട്ടത്തിലെ കേരളത്തിന്റെ മത–സാമൂഹിക–രാഷ്ട്രീയ പശ്ചാത്തലം മനസിലാക്കേണ്ടതുണ്ട്. ചാവറയച്ചൻ ഭൂജാതനാകുന്നതിനു മുമ്പുള്ള കാലഘട്ടം കേരളത്തിന്റെ ചരിത്രത്തിൽ മതപരമായും സാമൂഹികമായും രാഷ്ട്രീയമായും വളരെ പ്രാധാന്യം അർഹിക്കുന്നു.

# 2. ചരിത്രത്തിന്റെ വഴികൾ

സൂയസ് കനാലിന് കിഴക്ക് ഒരുപക്ഷേ ഏറ്റവും കൂടുതൽ കത്തോലിക്കാ സാന്ദ്രതയുള്ള പ്രദേശം കേരളമാവണം. ആദിമ നൂറ്റാണ്ടിൽ ത്തന്നെ, അതായത് റോമിൽ സഭ എത്തിയ അതേ കാലത്തു തന്നെ, ഭാരത ഉപഭൂഖണ്ഡത്തിലും വിശ്വാസത്തിന്റെ പ്രകാശം എത്തിയിരുന്നു. ശ്ലീഹരിൽ പ്രമുഖനായ വിശുദ്ധ പത്രോസ് ശ്ലീഹാ റോമിൽ സുവിശേഷം പ്രസംഗിച്ച അതേകാലഘട്ടത്തിൽതന്നെയാണ് ഇന്ത്യൻ ഉപഭൂഖണ്ഡത്തിലെത്തിയ മാർ തോമാശ്ലീഹ ഇവിടെയും നസ്രായനായ ഈശോയുടെ സഭ സ്ഥാപിച്ചതും സുവിശേഷം പ്രഘോഷിച്ചതും. അതുകൊണ്ടാണ് റോമൻ സഭയുടെ അത്രതന്നെ പഴക്കവും പാരമ്പര്യവും ഭാരതത്തിലെ സഭയ്ക്കുമുണ്ട് എന്ന് ഇവിടുത്തെ ക്രൈസ്തവർ അവകാശപ്പെടുന്നതും.

റോമായിൽ ഭരണകൂടവും അധികാരികളും ആദിമസഭാപിതാക്കന്മാരെയും വിശ്വാസ സമൂഹത്തെയും പീഡിപ്പിക്കുകയും അടിച്ചമർത്തുകയും ചെയ്തപ്പോൾ, ഭാരതത്തിൽ നേരെ മറിച്ചായിരുന്നു അനുഭവം. ഇവിടെത്തെ രാജാക്കന്മാർ ക്രൈസ്തവർക്ക് ആവശ്യമായ എല്ലാ സഹായങ്ങളും ചെയ്തു കൊടുത്തുകൊണ്ടാണ് അവരെ ഈ സംസ്കാരത്തിലേയ്ക്ക് സ്വാഗതം ചെയ്തത്. ഹിന്ദുമതവിശ്വാസികളായിരുന്ന ഇവിടുത്തെ രാജാക്കന്മാർ മാർ തോമാശ്ലീഹായെ സൗഹൃദത്തോടെ സ്വീകരിച്ച് ഇവിടെ പള്ളികൾ സ്ഥാപിക്കുന്നതിന് നിരുപാധികം സ്ഥലങ്ങൾ അനുവദിച്ചു കൊടുക്കുകയായിരുന്നു. എ.ഡി. 52–ൽ കൊടുങ്ങല്ലൂരിലാണല്ലോ മാർ തോമാശ്ലീഹാ കപ്പലിറങ്ങിയത്. ക്രൈസ്തവ വിശ്വാസം സ്വീകരിച്ച തങ്ങളുടെ പ്രജകളുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിന് രാജാക്കന്മാർ തികഞ്ഞ സൗമനസ്യവും കാണിച്ചു. അങ്ങനെയാണ് അവർ സൗജന്യമായി നല്കിയ സ്ഥലത്ത് മലബാറി (കേരളം) ന്റെ വിവിധ പ്രദേശങ്ങളിൽ ക്രിസ്ത്യൻ പള്ളികൾ ഉയർന്നു വന്നത്. ആദ്യനൂറ്റാണ്ടുകളിൽ കേരളത്തിലുണ്ടായ ദേവാലയങ്ങളെല്ലാം അന്നത്തെ ഭരണാധികാരികൾ പുലർത്തിയ ഉദാര മനസ്കതയുടെയും മതേതരത്വത്തിന്റെയും വ്യക്തമായ തെളിവുകളാണ്. എന്നാൽ, പുതിയ വിശ്വാസം പ്രചരിപ്പിക്കുന്നതിന് ചില മേഖലകളിൽ നിന്നെല്ലാം കടുത്ത എതിർപ്പുകളും ഉണ്ടായി. വ്യവസ്ഥാപിത

പാരമ്പര്യങ്ങൾക്കിടയിലേയ്ക്ക് പുതിയൊരു മതവിശ്വാസം കടന്നുവരുമ്പോൾ അത്തരം എതിർപ്പുകൾ സംഭവിക്കുക സ്വാഭാവികവുമാണ്. ഈ ഉപഭൂഖണ്ഡത്തിൽ വന്ന് സുവിശേഷ പ്രചാരണം നടത്തിയതിന് മാർ തോമാശ്ലീഹാ വിലയായി നല്കേണ്ടി വന്നത് സ്വജീവൻ തന്നെയായിരുന്നു. ചെന്നൈയിലെ മൈലാപ്പൂരിൽ തോമസ് അപ്പോസ്തലൻ രക്തസാക്ഷിയായി. ഇതെല്ലാം ചരിത്രമാണ്. ഈ ചരിത്ര സാദ്ധ്യതകളെ യുക്തിഭദ്രമായി ന്യായീകരിക്കുന്നത്ഇന്ത്യക്ക്പൗരാണികകാലത്ത്അറബിരാജ്യങ്ങളുമായി നിലവിലുണ്ടായിരുന്ന വാണിജ്യ ബന്ധങ്ങളാണ്. മലബാർ തീരങ്ങളിലെ വിപണികളിൽ നിന്ന് ഈജിപ്തിൽ ഫറവോമാരുടെ കൊട്ടാരത്തിലേയ്ക്കും, റോമിലെ പ്രഭുമന്ദിരങ്ങളിലേയ്ക്കും സുഗന്ധവ്യഞ്ജനങ്ങൾ കൊണ്ടു പോകുന്നതിന് മുസരിസിലും പന്തലായനി കൊല്ലത്തും പുറം കടലിൽ വിദേശ കപ്പലുകൾ മാസങ്ങളോളം നങ്കൂരമിട്ടു കിടന്നിരുന്നുവെന്നത് വെറും കഥയല്ല. ഇന്ത്യയുടെ ദേശീയ സംസ്കാരത്തിന്റെയും ചരിത്രത്തിന്റെയും ഭാഗമായിതന്നെ മാർ തോമാശ്ലീഹായുടെ വരവും പ്രസംഗവും ഒട്ടു മിക്ക ചരിത്രകാരന്മാരും അംഗീകരിക്കുന്നുണ്ട്. പില്ക്കാലത്ത് കേരളത്തിലെത്തിയ വിദേശ സന്ദർശകരും, അവരിൽ ചിലർ എഴുതിയ യാത്രാവിവരണ ഗ്രന്ഥങ്ങളുമെല്ലാം കേരളവും പാശ്ചാത്യ നാടുകളും തമ്മിൽ നിലനിന്നിരുന്ന വാണിജ്യ ബന്ധങ്ങളെ അടിവരയിടുന്നുമുണ്ട്.

ഈ പശ്ചാത്തലത്തിൽ വേണം ആലുവായിൽ ഏതാനും വർഷം മുമ്പ് അന്നത്തെ ആർഎസ്എസ് മുഖ്യൻ ശ്രീ. സുദർശനുമായി അന്ന് കാത്തലിക് ബിഷപ്സ് കോൺഫറൺസ് ഓഫ് ഇന്ത്യയുടെ (സിബിസിഐ) അധ്യക്ഷനായിരുന്ന ആർച്ചുബിഷപ് സിറിൾ മാർ ബസേലിയോസ് നടത്തിയ സംവാദത്തിനിടെ ചെയ്ത പരാമർശത്തെ കാണാൻ – ''ഇവിടുത്തെ ക്രൈസ്തവർ ജന്മനാ ഇന്ത്യക്കാരും, വിശ്വാസപ്രകാരം ക്രിസ്ത്യാനികളും സാംസ്കാരികമായി ഹൈന്ദവരുമാണ്''* എന്നതായിരുന്നു ആർച്ചുബിഷപ്പിന്റെ വാക്കുകൾ. കേരളത്തിലെ പള്ളിപ്പെരുന്നാളുകളും ആഘോഷങ്ങളും ആചാരാനുഷ്ഠാനങ്ങളും പരിശോധിച്ചാൽ അവയ്ക്ക് ഇവിടുത്തെ ക്ഷേത്രാചാരങ്ങളുമായി വളരെ അടുത്ത ഒരു ബന്ധം ദർശി

---

* ഭാരതക്രൈസ്തവരുടെ തനിമയെക്കുറിച്ച് വന്ദ്യ പ്ലാസിഡ് പൊടിപാറയച്ചന്റെ വിഖ്യാതമായ പ്രസ്താവനയാണിത്.

ക്കാൻ കഴിയും. സുറിയാനി ക്രിസ്ത്യാനികളുടെ സാംസ്കാരികമായ ഹൈന്ദവ പാരമ്പര്യത്തിന് ഇതിലധികം എന്തു തെളിവാണു വേണ്ടത്. ഉദാഹരണത്തിന് കേരളത്തിലെ ക്രിസ്ത്യാനികളുടെ വിവാഹത്തിലെ ഒഴിവാക്കാനാവാത്ത ഒരു പരമ്പരാഗത ചടങ്ങാണല്ലോ വരൻ വധുവിന്റെ കഴുത്തിൽ താലി (മിന്ന്) അണിയിക്കുന്നത്. ഹൈന്ദവ വിവാഹങ്ങളിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു ചടങ്ങും ഇതു തന്നെയാണ്. നൂറ്റാണ്ടുകൾക്കു മുമ്പ് ഇവിടുത്തെ ക്രൈസ്തവർ തങ്ങളുടെ വിവാഹത്തിലും ഈ ആചാരം ഹൈന്ദവ പാരമ്പര്യത്തിൽ നിന്ന് പിന്തുടർന്നതാവണം. എന്നാൽ വധൂവരന്മാർ പരസ്പരം മോതിരം കൈമാറുന്ന ചടങ്ങ് പാശ്ചാത്യ സംസ്കാരത്തിന്റെ ഭാഗവുമാണ്. പക്ഷെ വധുവിന്റെ ശിരസിൽ മന്ത്രകോടി (അലങ്കരിച്ച സാരി അഥവാ കസവു പുടവ) അണിയിക്കൽ എന്ന ചടങ്ങ് ഹൈന്ദവരുടെ പുടവകൊടയുടെ (വധുവിന് വരൻ കസവു വിവാഹ വസ്ത്രങ്ങൾ നല്കുന്ന ഹൈന്ദവ ആചാരം) പരിഷ്കരിച്ച രൂപം തന്നെയാവാനേ തരമുള്ളു. ഹൈന്ദവ വിവാഹത്തിലെ പ്രധാന ചടങ്ങുകളിലൊന്നാണല്ലോ ഇതും. പള്ളിത്തിരുനാളുകളോടനുബന്ധിച്ച് മുത്തുക്കുടകളുടെയും വാദ്യമേളങ്ങളുടെയും വെടിക്കെട്ടിന്റെയും അകമ്പടിയോടെ തിരുസ്വരൂപങ്ങളും വഹിച്ചുകൊണ്ടു നടത്തുന്ന വർണാഭമായ പ്രദക്ഷിണത്തിന് ക്ഷേത്രങ്ങളിലെ പറയെടുപ്പ്, ആറാട്ട് തുടങ്ങിയ അനുഷ്ഠാനങ്ങളുമായും സാമ്യമുണ്ട്. മുത്തുക്കുടയും, ആനയും, ചെണ്ടയും, കരിമരുന്ന് പ്രയോഗങ്ങളുമെല്ലാം ഇവയുടെ അവിഭാജ്യ ഘടകങ്ങളുമാണല്ലോ. ഇതുപോലെയാണ് ക്രിസ്ത്യൻ ദേവാലയങ്ങളിലെ തിരുനാളിനു തുടക്കം കുറിച്ചുകൊണ്ടുള്ള കൊടിയേറ്റവും. കേരളത്തിലെ എല്ലാ ഹൈന്ദവ ക്ഷേത്രങ്ങളിലും ഉത്സവത്തോടനുബന്ധിച്ചുള്ള പ്രധാനമായ ചടങ്ങാണ് ആഘോഷമായ കൊടിയേറ്റ്.

മതപരമായ ആചാരാനുഷ്ഠാനങ്ങളിലെ ഇത്തരം സമാനതകളാണ് കേരളത്തിലെ ഹിന്ദു ക്രിസ്ത്യൻ വിഭാഗങ്ങളെ രണ്ടു വിശ്വാസങ്ങളുടെ തണലിലാണെങ്കിൽ പോലും സാമൂഹികമായും സാംസ്കാരികമായും പരസ്പരം ഒരേ ചരടിൽ ഒരുമിച്ചു നിർത്തുന്നത്. അതുകൊണ്ടു തന്നെയാണ് ഹിന്ദു ഭരണാധികാരകൾ അക്കാലത്ത് ക്രൈസ്തവർക്ക് വിവിധങ്ങളായ ആനുകൂല്യങ്ങൾ ശാസനങ്ങളായി നല്കിയതിന്റെ രേഖകൾ ചരിത്രത്തിൽ നമ്മൾ വായിക്കുന്നതും. ഉന്നത ശ്രേണിയിലുള്ള ഹിന്ദു

ക്കൾക്കൊപ്പം, സുറിയാനി ക്രിസ്ത്യാനികളെയും സമൂഹത്തിലെ കുലീനവിഭാഗമായിട്ടാണ് പരിഗണിച്ചിരുന്നത്. അക്കാലത്തെ ഭരണാധികാരികൾ നസ്രാണികളെ തങ്ങളുടെ സൈന്യത്തിലെ ഉയർന്ന തസ്തികകളിൽ പോലും നിയമിച്ചിരുന്നു. കരമൊഴിവായി ക്രൈസ്തവർക്ക് ഭൂമിയും മറ്റ് ആനുകൂല്യങ്ങളും അനുവദിക്കുന്നതിലും രാജാക്കന്മാർ മടി കാണിച്ചിരുന്നില്ല. ഇത് മാർത്തോമാ ക്രിസ്ത്യാനികളുടെ സാമൂഹിക അവസ്ഥ ഉയർത്തി. വ്യാപാരികളായ മാർത്തോമ്മാ ക്രിസ്ത്യാനികൾക്ക് അക്കാലത്ത് സമൂഹത്തിൽ സവിശേഷമായ നിലയും വിലയുമുണ്ടായിരുന്നു.

ഈ പശ്ചാത്തലത്തിലാണ് പേർഷ്യയിൽ നിന്ന് പ്രമുഖ വണിക്കായ ക്നായി തോമ്മായും കൂട്ടരും എ.ഡി. 345 ൽ കേരളത്തിലേയ്ക്ക് എത്തുന്നത്. ക്നായി തോമ്മായുടെ വരവ് പേർഷ്യൻ സഭയുമായി മാർത്തോമ്മാ ക്രിസ്ത്യാനികൾക്കുണ്ടായിരുന്ന ബന്ധം കൂടുതൽ ദൃഢമാക്കുവാനുമിടയാക്കി. അങ്ങനെയാണ് മധ്യപൂർവ സഭയിൽ നിന്ന് മേല്പ്പട്ടക്കാർ മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ആത്മീയ പാലനത്തിനായി അഞ്ചാം നൂറ്റാണ്ടു മുതൽ മലബാറിൽ എത്തി തുടങ്ങുന്നത്. മധ്യപൂർവ സുറിയാനി സഭകളിൽ നിന്ന് മേല്പ്പട്ടക്കാർ ആത്മീയ പാലനത്തിനായി വന്നെങ്കിലും മാർത്തോമ്മാ ക്രിസ്ത്യാനികൾ അവരുടെ പരമ്പരാഗതമായ ആചാരാനുഷ്ഠാനങ്ങളിൽ നിന്ന് വ്യതിചലിക്കാൻ അത്ര കൂട്ടാക്കിയിരുന്നില്ല. മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ഈ സവിശേഷ വ്യക്തിത്വമാണ് പിന്നീട് മാർത്തോമായുടെ നടപടികൾ (മാർത്തോമ്മാ മാർഗം) എന്ന പേരിൽ അറിയപ്പെട്ടത്. പത്രോസിന്റെ നിയമങ്ങളിൽ നിന്ന് തികച്ചും വ്യത്യസ്തമായിരുന്നു ഇത്. രണ്ടു സഭകളും തമ്മിലുള്ള പാരമ്പര്യങ്ങളിലെ ഈ അന്തരമാണ് പിന്നീട് മാർതോമ്മാ ക്രിസ്ത്യാനികളും പോർച്ചുഗീസ് മിഷനറിമാരും തമ്മിലുള്ള അഭിപ്രായ വ്യത്യാസങ്ങളിലേയ്ക്കും, പിന്നീട് നൂറ്റാണ്ടുകളോളം ഇവിടെ നിലനിന്ന സഭാ തർക്കങ്ങൾക്കും സംഘർഷങ്ങൾക്കും മറ്റും വഴിവച്ചത്.

# 3. മിഷനറിമാരുടെ കാലം

പോർച്ചുഗലിൽ നിന്നുള്ള വ്യാപാരികളുടെ പിന്നാലെയാണ് സുവിശേഷ പ്രചാരണാർത്ഥം പാശ്ചാത്യ ക്രിസ്ത്യൻ മിഷനറിമാർ പില്ക്കാലത്ത് ഇന്ത്യയിൽ എത്തുന്നത്. അവർ ഇവിടെ കണ്ടത് തികച്ചും വ്യത്യസ്തമായ ആചാരാനുഷ്ഠാനങ്ങൾ പുലർത്തുന്ന മാർത്തോമ്മാ ക്രിസ്ത്യാനികളെയാണ്. വാസ്തവത്തിൽ ആർഷസംസ്കാരത്തിന്റെ ഭാഗമായി തന്നെ നിലനിന്നുകൊണ്ട് ക്രൈസ്തവ വിശ്വാസത്തെ പുണർന്ന ഭാരതസഭയെ വസ്തുനിഷ്ഠമായി മനസിലാക്കാൻ പാശ്ചാത്യ മിഷനറിമാർക്ക് കഴിയാതെ പോയതാണ് ഇവിടെ പിന്നീടുണ്ടായ സഭാപരമായ പ്രശ്നങ്ങൾക്കെല്ലാം തന്നെ കാരണമായത്. ഇന്ത്യയിലെ മാർത്തോമ്മാ ക്രിസ്ത്യാനികളെ പൂർണമായും റോമൻ സഭയുടെ നിയന്ത്രണത്തിൻ കീഴിൽ കൊണ്ടു വരുന്നതിനു മിഷനറിമാർ ശ്രമം തുടങ്ങിയതോടെ പ്രശ്നങ്ങളും ആരംഭിച്ചു. എന്നാൽ തങ്ങളുടെ സഭാപാരമ്പര്യങ്ങളിൽ നിന്നു വ്യതിചലിക്കാൻ മാർത്തോമ്മാ ക്രിസ്ത്യാനികളും കൂട്ടാക്കിയില്ല. ഇത് പിന്നീട് ഭാരത സഭയിൽ വൻ കോലാഹലങ്ങൾക്കിടയാക്കിയ ഒട്ടേറെ സംഭവവികാസങ്ങൾക്കും കാരണമായി. തുടർന്ന് പോർച്ചുഗീസ് മിഷനറിമാരുടെ നേതൃത്വത്തിൽ ഗോവ ആർച്ചു ബിഷപ് ആയിരുന്ന ഡോം മെനേസസിന്റെ അധ്യക്ഷതയിൽ 1559 ൽ ഉദയംപേരൂരിൽ സഭയുടെ പ്രത്യേക സമ്മേളനം (ഉദയംപേരൂർ സൂനഹദോസ്) ചേർന്ന് പുതിയ നിയമങ്ങൾ (ഡിക്രികൾ) പാസാക്കുകയും അവ ഭാരതത്തിലെ മാർത്തോമ്മാ ക്രിസ്ത്യാനികളുടെ മേൽ അധികാരപൂർവം അടിച്ചേൽപ്പിക്കുകയും ചെയ്തു. അങ്ങനെ മാർത്തോമ്മാ ക്രിസ്ത്യാനികൾക്ക് അവരുടെ മാതൃസഭയായ പേർഷ്യയിലെ സുറിയാനി സഭയുമായി ദീർഘനാളായി നിലനിന്നിരുന്ന ബന്ധം അവസാനിപ്പിച്ച് അവരെ പൂർണമായും പോർച്ചുഗീസ് സഭാ ഭരണസംവിധാനമായ പദ്രുവാദോയുടെ കീഴിൽ കൊണ്ടുവരുവാൻ ആയിരുന്നു മിഷനറിമാരുടെ ശ്രമം. അതുവഴി കേരള സഭയിൽ മെത്രാന്മാരെ നിയമിക്കാനുള്ള അധികാരം പോലും അവരിൽത്തന്നെ നിക്ഷിപ്തമാക്കാനും അവർക്കു സാധിച്ചു. കാരണം പോർച്ചുഗീസ് രാജ്ഞിയുടെ അധികാര സീമയിലുള്ള എല്ലാ കോളനികളിലും സഭാപരമായ അധികാരങ്ങൾ പാദ്രുവാദോയ്ക്ക് ആയിരുന്നു. ഇത്തരത്തിലൊരധി

കാരപത്രം മാർപാപ്പയിൽ  നിന്ന് അവർ നേരത്തെ തന്നെ കരസ്ഥമാക്കി യിരുന്നു.

പോർച്ചുഗീസ് മിഷനറിമാരുടെ ഈ അധികാരത്തോട് സുറിയാനി ക്രിസ്ത്യാനികൾക്കുണ്ടായിരുന്ന ശക്തമായ എതിർപ്പും അമർഷവുമാണ് ഒടുവിൽ അവരെ 1653 - ൽ മട്ടാഞ്ചേരിയിലെ കൂനൻ കുരിശു സത്യത്തോ ളം എത്തിച്ചത്. അതാകട്ടെ മാർത്തോമ്മ ക്രിസ്ത്യാനികളെ രണ്ടു വിഭാഗ ങ്ങളാക്കി വിഭജിച്ചു. പഴയകൂറ്റുകാർ, പുത്തൻ കൂറ്റുകാർ എന്നിങ്ങനെ അറിയപ്പെട്ട ഇവരിലെ ആദ്യവിഭാഗം റോമിനോട് പരിപൂർണ വിധേയത്വം പ്രഖ്യാപിച്ചപ്പോൾ, രണ്ടാമത്തെ വിഭാഗം പോർച്ചുഗീസ് മിഷനറിമാരു മായുള്ള സർവ ബന്ധങ്ങളും വിഛേദിക്കുകയും പേർഷ്യൻ സഭയുമാ യുള്ള അവരുടെ ബന്ധം തുടരുമെന്ന്  കുരിശിൽ ആലാത്ത് (കയർ) കെട്ടി അതിൽ തൊട്ട് പ്രതിജ്ഞയെടുക്കുകയും ചെയ്തു. ഇവർ പേർഷ്യൻ സഭയുമായും തുടർന്ന്  അന്ത്യോക്യ പാത്രിയാർക്കീസുമായും കൂടുതൽ അടുത്തു. അത് അവരെ സാമൂഹികവും സാമ്പത്തികവുമായി ശക്തി യുള്ള വിഭാഗമാക്കി വളരുന്നതിന് ഒട്ടൊന്നുമല്ല സഹായിച്ചത്. പോർച്ചു ഗീസ് മേൽക്കോയ്മയെയും റോമിനെയും വെല്ലുവിളിച്ച് വിഘടിച്ചു നിന്നവർ യാക്കോബായ വിഭാഗമെന്നു പിന്നീട് അറിയപ്പെട്ടു ഇവരിൽ വീണ്ടും അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടാവുകയും ഓർത്തഡോക്സ് സഭ,  മാർതോമ്മാ സഭ എന്ന് വീണ്ടും വേർതിരിവ് ഉണ്ടാവുകയും ചെ യ്തു. കാലം പോകെ സുറിയാനി ക്രിസ്ത്യാനികളിൽ ഒരു വിഭാഗം ആംഗ്ലി ക്കൻ സഭയുമായി ബന്ധപ്പെട്ട് സിഎംഎസ്, എൽഎംഎസ് എന്നിങ്ങനെ രണ്ടു വിഭാഗങ്ങൾ കൂടി രൂപമെടുക്കുകയും ചെയ്തു. അടുത്തകാലത്ത് ഇവ രണ്ടും ചേർന്ന് ചർച്ച് ഓഫ് സൗത്ത് ഇന്ത്യ (സിഎസ്ഐ) എന്ന പേരിൽ ഒരു സഭയായിത്തീർന്നു.

പഴയകൂറ്റുകാർ എന്ന പേരിൽ മാർപാപ്പായുടെയും റോമാസഭ യുടെയും പരമാധികാരം അംഗീകരിച്ച് മാതൃസഭയിൽ തുടർന്നെങ്കിലും മാർത്തോമ്മാ ക്രിസ്ത്യാനികൾക്ക് തങ്ങളുടെ പാരമ്പര്യങ്ങളും ആരാധന ക്രമങ്ങളും നിലനിർത്തുന്നതിന് വല്ലാതെ ക്ലേശിക്കേണ്ടി വന്നു. കേരളസഭ യുടെ  മേൽ പാദ്രുവാദോ അടിച്ചേൽപ്പിച്ച കർക്കശമായ നിയന്ത്രണങ്ങൾ കേരള സഭയിൽ പലപ്പോഴും ആഭ്യന്തര സംഘർഷത്തിനു കാരണമാവു കയും  അത് മാർത്തോമ്മാ ക്രിസ്ത്യാനികളുടെ വിശ്വാസത്തെ ആഴത്തിൽ

മുറിപ്പെടുത്തുകയും ചെയ്തു. അങ്ങനെയാണ് 1778 ൽ കേരളസഭയുടെ നിവേദനവുമായി മാർത്തോമ്മാ ക്രിസ്ത്യാനികളുടെ പ്രതിനിധികളായി പ്രശസ്ത പണ്ഡിതനായ ഫാ. ജോസഫ് കരിയാറ്റിയും അദ്ദേഹത്തെ സഹായിക്കാൻ ബഹുഭാഷാ വിദഗ്ധനും പ്രഥമ മലയാള യാത്രാവിവരണ ഗ്രന്ഥമായ 'വർത്തമാനപുസ്തക'ത്തിന്റെ രചയിതാവുമായ ഫാ. തോമസ് പാറേമാക്കലും പല പ്രതിസന്ധികളും തരണം ചെയ്ത് ഐതിഹാസികവും ചരിത്രപരവുമായ ലിസ്ബൺ യാത്രയ്ക്കു പുറപ്പെട്ടത്. പോർച്ചുഗലിൽ നിന്ന് ഇവർ റോമിലെത്തി കേരളസഭയിലെ പ്രശ്നങ്ങൾ മാർപാപ്പായെ ധരിപ്പിച്ചു. മാർത്തോമായുടെ പാരമ്പര്യത്തിൽ ജീവിക്കുന്ന കേരളത്തിലെ വിശ്വാസ സമൂഹത്തിൽ ഫ്രാൻസിസ്ക്കൻ, ഡൊമിനിക്കൻ,അഗസ്റ്റീനിയൻ, കാർമ്മലീത്ത, ഈശോസഭാ മിഷനറിമാർ തമ്മിലുള്ള ശീതയുദ്ധത്തിന്റെ വിവരങ്ങളും അവർ റോം മുമ്പാകെ ബോധിപ്പിച്ചു.

പുരാതന കാലം മുതൽ സുറിയാനി ക്രിസ്ത്യാനികൾ കേരളത്തിലെ സമ്പന്നരുംകുലീനരുമായവിഭാഗമായിട്ടാണ്പരിഗണിക്കപ്പെട്ടുപോന്നത്. അതിനാൽത്തന്നെ അവർക്ക് സമൂഹത്തിൽ വലിയ മാന്യതയും അംഗീകാരവും ലഭിച്ചിരുന്നു. ക്രിസ്ത്യാനികളുടെ കാർഷിക – വാണിജ്യ – സാമ്പത്തിക – വിദ്യാഭ്യാസ മേഖലകളിലെ സംഭാവനകളുടെ പേരിൽ ഇവിടുത്തെ ഭരണാധികാരികൾ അവരെ ആദരിച്ചിരുന്നു. രാജഭക്തിയിലും ദേശഭക്തിയിലും നസ്രാണികൾ മുമ്പിലായിരുന്നു. ആദരം നല്കി ആദരം വാങ്ങുക എന്നതായിരുന്നു ക്രിസ്ത്യാനികളുടെ ശൈലി. ഹിന്ദു-ക്രിസ്ത്യൻ സാഹോദര്യം കാത്തുസൂക്ഷിച്ചിരുന്നതു പോലും ഇങ്ങനെയൊരു ശൈലിയുടെ അടിസ്ഥാനത്തിലായിരുന്നു. രാജാവിനോടും അധികാരികളോടുമുണ്ടായിരുന്ന ബഹുമാനവും ഭക്തിയും ക്രിസ്ത്യാനികളെ കാലക്രമത്തിൽ സമൂഹത്തിലെ സ്വാധീന ശക്തിയാക്കി മാറ്റുകയും ചെയ്തു.

# 4. സഭയിലെ ചേരിപ്പോരുകൾ: കഥയും കാര്യവും

പരമ്പരാഗതമായിതന്നെ, കേരളത്തിലെ സുറിയാനി ക്രിസ്ത്യാനികൾക്ക് അന്ത്യോക്യ, ഡമാസ്കസ്, ബാബിലോൺ തുടങ്ങിയ കാൽദിയൻ – സിറിയൻ ക്രിസ്ത്യൻ സഭകളുമായി വളരെ അടുത്ത ബന്ധമാണ് ഉണ്ടായിരുന്നത്. കേരളത്തിലെ സുറിയാനി പള്ളികളിൽ അനുവർത്തിച്ചിരുന്നതു പോലും കൽദായ സുറിയാനി ആരാധനക്രമവുമായിരുന്നു. പൗരസ്ത്യ പാരമ്പര്യമനുസരിച്ച് നൂറ്റാണ്ടുകളോളം കേരളത്തിലേയ്ക്ക് മെത്രാന്മാരെ വാഴിച്ച് അയച്ചിരുന്നതു ബാബിലോൺ, അന്ത്യോക്യ തുടങ്ങിയ ദേശങ്ങളിൽ നിന്നായിരുന്നുവെന്നതും പൗരസ്ത്യ സഭകളും ഭാരതത്തിലെ വിശ്വാസ സമൂഹവുമായി ആധ്യാത്മികമായി ആഴത്തിലുള്ള ബന്ധം നിലനിർത്തുന്നതിനു സഹായകമായി. മലബാറിലേയ്ക്ക് സിറിയ, ബാബിലോൺ എന്നിവിടങ്ങളിൽ നിന്ന് മെത്രാന്മാർ വന്നിരുന്നുവെങ്കിലും ഇവിടുത്തെ പള്ളികളുടെ സ്വത്ത് സംബന്ധിച്ച് അതുവരെ ഒരു തർക്കവും ഉണ്ടായിരുന്നില്ല. അവർക്ക് ആദ്ധ്യാത്മിക കാര്യങ്ങളുടെ കർതൃത്വം മാത്രമെ ഉണ്ടായിരുന്നുള്ളു എന്നതാണ് യാഥാർത്ഥ്യം. കാര്യങ്ങളുടെ നടത്തിപ്പ് സുഗമമാകുന്നതിന് മലബാറിലെ സുറിയാനി സഭ ഒരു സ്വതന്ത്ര സഭയായിത്തന്നെ നിലനിന്നു പോന്നു. വിശ്വാസപരമായ അവരുടെ സ്വന്തം ആചാരങ്ങളും പാരമ്പര്യങ്ങളും സംസ്കാരങ്ങളുമെല്ലാം ഭദ്രമായി നിലനിന്നുവെന്നതാണ് ശരി. എന്നാൽ ആരാധനക്രമത്തിന്റെ കാര്യത്തിൽ അവർ കൽദായ പാരമ്പര്യങ്ങൾ പിന്തുടരുകയും മാതൃഭാഷയായ മലയാളത്തെ മാറ്റി നിർത്തി സുറിയാനിയിൽതന്നെ വിശുദ്ധ കുർബാനയും മറ്റും അർപ്പിക്കുകയും ചെയ്തു പോന്നു.

വ്യാപാരത്തിനായി പോർച്ചുഗീസുകാർ ഇന്ത്യയിലെത്തുവോളം ഈ ആധ്യാത്മിക സാഹചര്യവും സമവാക്യവും അതേ പോലെ തുടർന്നു. എന്നാൽ വാസ്കോ ഡി ഗാമ 1498 ൽ കോഴിക്കോട് കപ്പലിറങ്ങയതു മുതൽ പാശ്ചാത്യ മിഷനരിമാരുടെ വരവും തുടങ്ങി. അതോടെ കേരള സഭയിൽ ആരാധനക്രമമേഖലയിൽ നില നിന്നിരുന്ന സമാധാന അന്തരീക്ഷത്തിനും മാറ്റം സംഭവിച്ചു തുടങ്ങി. മാർപാപ്പയുടെ പരമാ

ധികാരത്തെ മാർതോമ്മാ ക്രിസ്ത്യാനികൾ എക്കാലത്തും അംഗീകരിച്ചിട്ടേയുള്ളു. അദ്ദേഹത്തെ പത്രോസിന്റെ അപ്പോസ്തലരിലെ മുഖ്യനായ വലിയ മുക്കുവന്റെ യഥാർഥ പിൻഗാമിയായി കേരളത്തിലെ വിശ്വാസി സമൂഹം എന്നും ആദരിച്ചു പോന്നു. അതോടൊപ്പം മാർത്തോമയിൽ നിന്നു പൈതൃകമായി ലഭിച്ച വിശ്വാസവും, പൂർവികരിൽ നിന്നു കൈമാറി കിട്ടിയ സമ്പന്നമായ ആചാരങ്ങളും പാരമ്പര്യങ്ങളും കേരളത്തിലെ വിശ്വാസി സമൂഹം വലിയ അഭിമാനത്തോടെ കാത്തു സൂക്ഷിക്കുകയും ചെയ്തിരുന്നു. എന്നാൽ കേരളത്തിലെത്തിയ പാശ്ചാത്യ മിഷനറിമാർക്ക് ഇവിടുത്തെ വിശ്വാസ സമൂഹത്തിന്റെ തനതായ ആരാധനക്രമങ്ങളും ആചാരാനുഷ്ഠാനങ്ങളും ഏതോ തരം പാഷണ്ഡതയായിട്ടാണ് തോന്നിയത്. അങ്ങനെയാണ് അവർ ഇവിടുത്തെ ക്രൈസ്തവരെ റോമിലെ സഭയുടെ കീഴിലാക്കാനുള്ള ശ്രമം ആരംഭിച്ചത്. അതിന് അവർ ആദ്യം ചെയ്തത് മാർത്തോമ്മാ ക്രിസ്ത്യാനികളുടെ സുറിയാനിയിലുള്ള ആരാധനക്രമങ്ങളും മറ്റു നടപടികളും അടിച്ചമർത്തുകയായിരുന്നു. പാശ്ചാത്യ മിഷനറിമാരുടെ ഈ നടപടിയാണ് കേരളസഭയിൽ പല അസ്വസ്ഥതകൾക്കും പിളർപ്പുകൾക്കും കാരണമായത്.

റോം അനുകൂല (പാദ്രുവാദോ – പ്രൊപ്പഗാന്ത) വിഭാഗവും കൽദായ അനുകൂലികളും തമ്മിലുള്ള വിടവ് ഒന്നിനൊന്ന് വർധിച്ചു വന്നു. പുത്തൻ കൂറ്റുകാരും പഴയ കൂറ്റുകാരും തമ്മിൽ നിലനിന്ന അഭിപ്രായ വ്യത്യാസങ്ങൾ പറഞ്ഞു തീർത്ത്, രമ്യതയിലെത്താനുള്ള ആത്മാർത്ഥമായ ശ്രമമായിരുന്നു വാസ്തവത്തിൽ ഫാ. ജോസഫ് കരിയാറ്റിയുടയും ഫാ.തോമസ് പാറേമ്മാക്കലിന്റെയും റോമായാത്ര. അതിനുള്ള പ്രായോഗിക പരിഹാരമായിട്ടാണ് അവർ കൊടുങ്ങല്ലൂർ അതിരൂപതയുടെ സ്ഥാപനത്തെയും മെത്രാപ്പോലീത്തയുടെ നിയമനത്തെയും നിർദ്ദേശിച്ചത്. ഈ നയതന്ത്ര യജ്ഞം മിക്കവാറും വിജയിച്ചതുമാണ്. ഫാ. കരിയാറ്റിയെ മലബാർ മുഴുവന്റെയും മെത്രാപ്പോലീത്തയായി ലിസ്ബണിൽ വച്ച് വാഴിക്കുകയും ചെയ്തു. പക്ഷെ, ആ സഭാസ്നേഹിയുടെ സേവനം അനുഭവിക്കാൻ മാർത്തോമ്മാ ക്രിസ്ത്യാനികൾക്ക് ഭാഗ്യമുണ്ടായില്ല. മടക്കയാത്രയിൽ ഗോവയിൽ വച്ച് 1786-ൽ മാർ കരിയാറ്റി ദുരൂഹ സാഹചര്യത്തിൽ ദിവംഗതനായതോടെ കാര്യങ്ങളെല്ലാം വീണ്ടും താളം തെറ്റി. എന്നാൽ മരിക്കുന്നതിനു മുമ്പ് തന്റെ വിശ്വസ്തനായ ഫാ.

തോമസ് പാറേമ്മാക്കലിനെ അദ്ദേഹം മലബാർ സഭയുടെ അഡ്മിനിസ്ട്രേറ്ററായി (ഗവർണർ, ഗോവർണദോർ) നിയമിച്ചെങ്കിലും സഭയിലെ തർക്കങ്ങൾക്കു ശാശ്വതമായ പരിഹാരം പിന്നെയും അകലെയായി.

സത്യത്തിൽ മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ശക്തമായ ചെറുത്തുനില്പിനെ തുടർന്നാണ് കേരളത്തിലെ സഭയിൽ ഇടപെടണമെന്ന് പോർച്ചുഗീസ് പാദ്രുവാദോ റോമിനോട് ആവശ്യപ്പെട്ടത്. അങ്ങനെയാണ് മലബാർ സഭയുടെ നിയന്ത്രണം പോർച്ചുഗീസ് ജെസ്വീറ്റുകളിൽ നിന്ന് പ്രൊപ്പഗാന്ത (റോമാ) കർമ്മലീത്ത വൈദികരുടെ കൈകളിലേയ്ക്ക് എത്തിച്ചേർന്നത്. പ്രൊപ്പഗാന്ത (റോമാ) ആകട്ടെ, പോർച്ചുഗീസുകാരല്ലാത്ത കർമ്മലീത്ത സഭക്കാരെയാണ് ഇവിടെയ്ക്ക് മേൽപ്പട്ടക്കാരായി നിയമിച്ചിരുന്നത്. അവരാകട്ടെ കൊടുങ്ങല്ലൂരിലോ ഫോർട്ടു കൊച്ചിയിലോ താമസിക്കാതെ വരാപ്പുഴ (കൊച്ചി) ആസ്ഥാനമാക്കുകയും ചെയ്തു. പാറേമ്മാക്കൽ ഗോവർണദോർ രചിച്ച പ്രശസ്തമായ യാത്രാവിവരണമായ വർത്തമാനപുസ്തകത്തിൽ കർമ്മലീത്ത മിഷനറിമാരുടെ ക്രൂരഭരണത്തെ ശക്തമായ ഭാഷയിൽ അപലപിച്ചിട്ടുണ്ട്. കൊടുങ്ങല്ലൂർ ആസ്ഥാനമായി ഒരു രൂപതയും, അതിന്റെ അധ്യക്ഷസ്ഥാനത്ത് തദ്ദേശീയനായ ഒരു മെത്രാനെയും ലഭിക്കുന്നതിനു വേണ്ടി ഇവിടുത്തെ വിശ്വാസികൾ നടത്തിയ നിരന്തരമായ പരിശ്രമങ്ങളെ കർമ്മലീത്ത മിഷനറിമാർ എതിർത്ത് തോല്പിച്ചതിന്റെ തീക്ഷ്ണമായ ഹൃദയ വ്യഥകൾ തന്റെ കൃതിയിൽ ആ സഭാസ്നേഹി വിവരിക്കുന്നുമുണ്ട്. മലബാറിലെ സഭയ്ക്കുമേൽ വിദേശ മിഷനറിമാർ സ്ഥാപിച്ച അധികാരത്തെയും കല്പിച്ച നിയന്ത്രണങ്ങളെയും പാറേമ്മാക്കൽ ഗോവർണദോർ നിശിതമായി വിമർശിക്കുകയും വൈദേശിക ശക്തികൾക്കെതിരെ അച്ചന്റെ അന്ത്യം വരെ പോരാടുകയും ചെയ്തു.

ഇതെല്ലാം കേരളത്തിലെ സഭാ വിശ്വാസികളിൽ വലിയ ചിന്താക്കുഴപ്പങ്ങൾക്കിടയാക്കി. ഇതിനിടെയാണ് ഫാ. കരിയാറ്റിയെ കൊടുങ്ങല്ലൂർ രൂപതയുടെ മെത്രാപ്പോലീത്തയായി ലിസ്ബണിൽ നിന്നു നിയമിച്ചത്. അങ്ങനെ സാങ്കേതികമായി മാർത്തോമ്മാക്രിസ്ത്യാനികളുടെ മേലുള്ള പ്രൊപ്പഗാന്തയുടെ അധികാരം വീണ്ടും സംഗതിവശാൽ പാദ്രുവാദോയ്ക്ക് തന്നെ ലഭിച്ചു. പാറേമ്മാക്കൽ തോമാക്കത്തനാരുടെ മരണശേഷം മാർത്തോമാ ക്രിസ്ത്യാനികളുടെ മേലുള്ളനിയന്ത്രണം വീണ്ടും പ്രൊപ്പ

ഗാന്തായ്ക്കും തദ്വാര കർമ്മലീത്ത വൈദികർക്കും തിരികെ ലഭിക്കാനിടയായി. പാദ്രുവാദോ ഭരണം കൊടുങ്ങല്ലൂരിൽ മാത്രമായി ഒതുങ്ങി. മലബാർ സഭയുടെ മേൽ അവർക്ക് കാര്യമായ അധികാരം ഇല്ലാതായി. പക്ഷെ, കേരള സഭയുടെ ചരിത്രത്തിൽ പില്ക്കാലത്ത് ഈശോസഭക്കാരും കർമ്മലീത്ത സഭക്കാരും തമ്മിൽ മാർത്തോമ്മാ ക്രിസ്ത്യാനികളുടെ പേരിൽ നടന്ന തുടർച്ചയായ ശീതസമരത്തിന് ഇത് വഴിമരുന്നിട്ടു. 1838 വരെ ഇതു തുടർന്നു. ഭാഗ്യസ്മരണാർഹനായ ഗ്രിഗരി പതിനാറാമൻ കൊടുങ്ങല്ലൂരിലെയും കൊച്ചിയിലെയും ആസ്ഥാനങ്ങൾ നിറുത്തലാക്കുകയും കേരളത്തിലെ ലത്തീൻ സുറിയാനി റീത്തുകളിലെ മുഴുവൻ ക്രിസ്ത്യാനികളെയും വരാപ്പുഴ അപ്പസ്തോലിക് വികാരിയാത്തിന്റെ കീഴിലാക്കുകയും ചെയ്തതോടെ നിയന്ത്രണം വീണ്ടും തിരികെ കർമ്മലീത്തക്കാരുടെ കൈകളിലെത്തി. തുടർന്ന് വരാപ്പുഴ വികാർ അപ്പസ്തോലിക്കയ്ക്ക് മെത്രാപ്പോലീത്ത എന്ന പദവിയും ലഭിച്ചു.

മാർത്തോമ്മാ ക്രിസ്ത്യാനികൾക്കാകട്ടെ, ഇത്തരത്തിലുള്ള അധികാര കൈമാറ്റങ്ങളോടെല്ലാം കടുത്ത അതൃപ്തിയായിരുന്നു. ഒന്നുകിൽ കൽദായ ആരാധനക്രമം വീണ്ടെടുക്കുക, അല്ലെങ്കിൽ ലത്തീൻ മിഷനറിമാരുടെ ഭരണ നേതൃത്വത്തിനു വഴങ്ങി ലത്തീൻ ക്രമം അംഗീകരിക്കുക എന്ന രണ്ടു പോംവഴികളെ അവർക്കു മുമ്പിൽ ഉണ്ടായിരുന്നുള്ളു. നൂറ്റാണ്ടുകളായി പിന്തുടർന്നു പോന്ന സുറിയാനി ആരാധനക്രമവും ആചാരങ്ങളും കൽദായ സഭയുമായുള്ള ബന്ധവും ഉപേക്ഷിക്കുക കേരള സഭയ്ക്ക് വലിയ ബുദ്ധിമുട്ടായിരുന്നു. വിശുദ്ധ തോമസ് അപ്പോസ്തലന്റെ പിൻഗാമികൾ എന്ന നിലയിൽ പരമ്പരാഗതമായി പിന്തുടർന്നു പോന്ന ആരാധന ക്രമവും ഭരണക്രമവും പാരമ്പര്യങ്ങളും ഉപേക്ഷിക്കേണ്ടിവന്നപ്പോൾ സ്വാഭാവികമായും ഇവിടുത്തെ മാർത്തോമ്മാ ക്രിസ്ത്യാനികളുടെ അഭിമാനം വീണ്ടും വ്രണപ്പെട്ടു. അവ തിരികെ ലഭിക്കണമെന്ന് അവർ മുറവിളി കൂട്ടി. കേരളത്തിലെ മാർത്തോമ്മാ ക്രിസ്ത്യാനികൾ, അവർ ഏതു വിഭാഗത്തിൽ പെട്ടവരുമാകട്ടെ, സുറിയാനി ക്രിസ്ത്യാനികൾ എന്നാണ് എക്കാലത്തും പൊതുവിൽ അറിയപ്പെട്ടിരുന്നത്.

# 5. കൈനകരിയിൽ നിന്ന് ഒരു കർമ്മയോഗി

ഇത്തരത്തിൽ കലുഷിതമായ ഒരു സഭാപശ്ചാത്തലത്തിലാണ് ചങ്ങനാശേരിക്കടുത്ത് ഒരു കുട്ടനാടൻ ഗ്രാമമായ കൈനകരിയിൽ ചാവറ കുര്യാക്കോസ് 1805 ഫെബ്രുവരി 10–നു ഭൂജാതനാകുന്നത്. സമുദ്രനിരപ്പിൽ നിന്നു താഴെ വെള്ളത്താൽ ചുറ്റപ്പെട്ട മധ്യതിരുവിതാം കൂറിലെ, ഒരു പറ്റം ഗ്രാമങ്ങളുടെ പൊതുസംജ്ഞയാണ് കുട്ടനാട്. അത്ത രത്തിലൊരു ഉൾനാടൻ ഗ്രാമമായിരുന്നു കൈനകരിയും. കുടുംബത്തി ലെ ഏറ്റവും ഇളയ സന്താനമായിട്ടായിരുന്നു ചാവറയച്ചന്റെ ജനനം. കൈനകരിയിലെ പുരാതന സുറിയാനി ക്രിസ്ത്യാനി കുടുംബമായ ചാവറ വീട്ടിൽ കുര്യാക്കോസ്–മറിയം ദമ്പതിമാരായിരുന്നു മാതാപി താക്കൾ. തോപ്പിൽ (ചോതിരക്കുന്നേൽ) കുടുംബാംഗമായിരുന്നു അമ്മ. ഇടവക ദൈവാലയമായ ചേന്നങ്കരി പള്ളിയിൽ ജ്ഞാനസ്നാനം നല്കിയ കുട്ടിക്ക് കുറിയാക്കോസ് (സിറിയക്) എന്ന പേരാണ് നല്കിയത്. 66 വർഷം മാത്രം ഈ ഭൂമിയിൽ സംഭവബഹുലമായ ജീവിതം ജീവിച്ച ചാവറയച്ചൻ 1871 ജനുവരി മൂന്നിന് കൊച്ചിയ്ക്കു സമീപം കൂനമ്മാ വിലുള്ള ആശ്രമത്തിൽ വച്ചാണ് ദിവംഗതനായത്. അപ്പോഴേയ്ക്കും അദ്ദേഹം സിഎംഐ സഭയുടെ സ്ഥാപക പിതാക്കന്മാരിലെ ഏറ്റവും പ്രശസ്തനായ സന്യാസശ്രേഷ്ഠനായി മാറികഴിഞ്ഞിരുന്നു.

ചുരുങ്ങിയ കാലത്തെ ജീവിതത്തിനിടയിൽ ചാവറയച്ചൻ സഭയിലും സമൂഹത്തിലും വലിയ അത്ഭുതങ്ങൾ തന്നെ ചെയ്തു. പ്രവർത്തിച്ച മേഖ ലകളിലെല്ലാം ഗുണപരമായ മാറ്റങ്ങൾ വരുത്താൻ അദ്ദേഹത്തിനായി. ജാതി ചിന്തകൾ ആഴത്തിൽ വേരോടിയ യാഥാസ്ഥിതിക സമൂഹത്തിൽ സാമുദായികപരിഷ്കർത്താവായിട്ടായിരുന്നുചാവറയച്ചന്റെഇടപെടൽ. താൻ കൂടി നേതൃത്വം നല്കി സ്ഥാപിച്ച സിഎംഐ സഭയിലൂടെ ഒരു പ്രവാ ചക ദൗത്യമാണ് ചാവറയച്ചൻ ഏറ്റെടുത്തത്. സഭയിലും സമൂഹത്തിലും അടിസ്ഥാനപരമായ പരിവർത്തനങ്ങൾ വരുത്തുവാൻ അനുയോജ്യമായ ജീവിത രീതിയായി സിഎംഐ സന്യാസ സമൂഹത്തെ അദ്ദേഹം ക്രമേണ രൂപപ്പെടുത്തി. അതായിരുന്നു അദ്ദേഹത്തിന്റെ കാഴ്ച്ചപ്പാടും ദർശനവും. തികച്ചും സാധാരണവും ഗ്രാമീണവുമായ ചുറ്റുപാടിലാണ് ജനിച്ചതെ

ങ്കിലും പുരാതനവും പാരമ്പര്യങ്ങളിൽ അടിയുറച്ചതുമായിരുന്നു ചാവറയച്ചന്റെ കുടുംബം. അക്കാലത്ത് സഭയും സമുദായവും വിട്ടുവീഴ്ച്ചയില്ലാത്ത യാഥാസ്ഥിതികത്വമാണ് പുലർത്തിയിരുന്നത്. വ്യവസ്ഥാപിത രീതിയിൽ നിന്ന് അല്പമെങ്കിലും വ്യതിചലിക്കാനുള്ള ശ്രമം എവിടെനിന്നെങ്കിലും ആരുടെയെങ്കിലും ഭാഗത്ത് നിന്ന് ഉണ്ടായാൽ, നിഷേധിയും വിപ്ലവകാരിയുമായി മുദ്രകുത്തപ്പെട്ടിരുന്ന ഒരു കാലമായിരുന്നു. സഭയുടെ സങ്കുചിതവും പരമ്പരാഗതവുമായ കടുംപിടുത്തങ്ങൾ രൂഢമൂലമായിരുന്ന സാമൂഹിക ചുറ്റുപാടിലാണ് ചാവറയച്ചൻ ജനിച്ചതും വളർന്നതും. പുരാതനവും പ്രശസ്തവും, സാമൂഹികവും സാമ്പത്തികവുമായി താരതമ്യേന ഉയർന്നതുമായ കുടുംബങ്ങളിൽ നിന്നു മാത്രമേ അക്കാലത്ത് വൈദികാർത്ഥികളെ തെരഞ്ഞെടുക്കുകയും പരിശീലനം നല്കുകയും ചെയ്തിരുന്നുള്ളു. ഇന്നു കാണുന്ന മാതിരിയുള്ള വൈദിക പരിശീലന കേന്ദ്രങ്ങളോ, സെമിനാരികളോ, പഠ്യപദ്ധതികളോ ഒന്നും അന്ന് ഉണ്ടായിരുന്നുമില്ല. തികച്ചും ഗുരുകുല ശൈലിയിലുള്ള പഠനമായിരുന്നു വൈദിക പരിശീലനം. വൈദിക വിദ്യാർത്ഥി (തീർത്ഥക്) ഗുരുവിനൊപ്പം താമസിച്ച് അദ്ദേഹത്തിന്റെ അടുത്ത് ഇരുന്ന് ജ്ഞാനം സമ്പാദിക്കുകയായിരുന്നു. ഇതിനായി പണ്ഡിതരായ ചില വൈദിക ശ്രേഷ്ഠരെ സഭ മല്പാൻമാർ എന്ന ബഹുമതി നല്കി പ്രത്യേകം നിയോഗിച്ചിരുന്നു. മല്പാൻമാർക്ക് സഭയിൽ പ്രത്യേക സ്ഥാനവും ആദരവുമാണ് ഉണ്ടായിരുന്നത്. വൈദിക വിദ്യാർത്ഥികളെ തെരഞ്ഞെടുത്തിരുന്നത് ഈ മല്പാൻമാർ തന്നെയായിരുന്നു. അതു സംബന്ധിച്ചുള്ള അദ്ദേഹത്തിന്റെ തീരുമാനങ്ങൾ അന്തിമവും ആയിരുന്നു. പക്ഷെ ഒരു നിബന്ധന മാത്രം. മല്പാൻമാർ തെരഞ്ഞെടുക്കുന്ന വൈദിക വിദ്യാർത്ഥികൾക്ക് അവരുടെ ഇടവകയിലെ പള്ളിയോഗങ്ങളുടെ (ഇടവക പൊതുയോഗം) സ്വഭാവസർട്ടിഫിക്കറ്റ് ആവശ്യമായിരുന്നു. ഇടവകയിൽ നിന്നു ലഭിക്കുന്ന ഈ സാക്ഷ്യപത്രത്തിന് ദേശക്കുറി എന്നാണ് പറഞ്ഞിരുന്നത്. വിവാഹത്തിനും ദേശക്കുറി ആവശ്യമാണല്ലോ.

സഭയിലും സമൂഹത്തിലും മല്പാൻമാർക്ക് വലിയ മാന്യതയും ബഹുമാനവും പ്രാധാന്യവുമാണ് അന്നു ലഭിച്ചിരുന്നത്. മാത്രവുമല്ല, സമുദായത്തിൽ അവർക്ക് വലിയ സ്വാധീനവും ഉണ്ടായിരുന്നു. അവരുടെ വൈദഗ്ധ്യവും പാണ്ഡിത്യവും സമൂഹത്തിലുള്ള ഉന്നത പദവി

യും മൂലം സഭാധികാരികൾ പോലും മല്പാന്മാരെ ഏറെ ബഹുമാനിച്ചിരുന്നു. മിക്ക മല്പാൻമാരും അവരുടെ താപസ തുല്യവും വിശുദ്ധവുമായ ജീവിതത്തിന്റെ പേരിൽ പ്രശസ്തരുമായിരുന്നു. ചിലർ കാർക്കശ്യക്കാരും കുറച്ചൊക്കെ പരുക്കൻ സ്വഭാവമുള്ളവരുമായിരുന്നുവെന്നതും സത്യമാണ്. ചുരുക്കം ചിലരാകട്ടെ ഉഗ്രകോപികളും. ഓരോ ഗുരുക്കന്മാരുടെയും പാണ്ഡിത്യത്തിന്റെ മാനദണ്ഡമനുസരിച്ച് അക്കാലത്തെ വൈദിക പരിശീലനത്തിന് വ്യത്യസ്തമായ രീതികളാണ് നിലനിന്നിരുന്നത്. പക്ഷെ എല്ലാ മല്പാന്മാർക്കും അവരുടെ ശിഷ്യഗണത്തോട് പുത്രനിർവിശേഷമായ സ്നേഹവും വാത്സല്യവും കരുതലും ഉണ്ടായിരുന്നുവെന്നതും പറയേണ്ടതു തന്നെ.

ബാല്യത്തിൽ തന്നെ കുര്യാക്കോസ് തികഞ്ഞ ദൈവ ഭക്തനായിരുന്നു. എല്ലാ ദിവസവും ദൈവാലയത്തിൽ പോവുകയും ദിവ്യബലിയിൽ സംബന്ധിക്കുകയും ചെയ്തിരുന്നു എന്നതുകൊണ്ടു തന്നെ ഭാവിയിൽ ആ കുട്ടി ഒരു നല്ല വൈദികനായി, സഭയുടെ വാഗ്ദാനമായി മാറുമെന്ന് നാട്ടുകാരും വീട്ടുകാരും ഒരുപോലെ കണക്കുകൂട്ടുകയും ചെയ്തു.

# 6. മല്പാനച്ചൻ കണ്ടെത്തിയ മുത്ത്

അന്നത്തെ വിദ്യാഭ്യാസ സമ്പ്രദായം ഏകാധ്യാപക വിദ്യാലയങ്ങൾ അഥവാ ആശാൻ കളരികൾ ആയിരുന്നു. കീഴ്വഴക്കമനുസരിച്ച് മാതാപിതാക്കൾ കുര്യാക്കോസിനേയും അടുത്തുള്ള ആശാൻകളരിയിലയച്ച് ഭാഷയും കണക്കും പഠിപ്പിച്ചു. ഓരോ കുട്ടിയുടെയും പഠനം ഔദ്യോഗികമായി ആരംഭിക്കുന്ന ചടങ്ങ് എഴുത്തിനിരുത്ത് എന്നാണ് അറിയപ്പെട്ടിരുന്നത്. ഇന്നും അങ്ങനെ തന്നെ. ജീവിതത്തിൽ ആദ്യമായി ആ ചടങ്ങിൽ വച്ചാണ് കുട്ടി അരിയിൽ മാതൃഭാഷയിലെ ആദ്യാക്ഷരം കുറിക്കുക. അന്നും ഇന്നും ഈ ചടങ്ങ് വലിയ ആഘോഷവേളയാണ്. ഇതിന് ഹൈന്ദവ സംസ്കാരവുമായി ബന്ധമുണ്ടെങ്കിലും അതിന്റെ നിബന്ധനകൾ പാലിക്കുന്നതിൽ ക്രിസ്ത്യാനികളും മടിയൊന്നും കാണിച്ചിരുന്നില്ല. അത്തരം ആചാരങ്ങൾ ഇന്നും വലിയ മാറ്റമില്ലാതെ തുടരുന്നു. അഞ്ചു വർഷക്കാലം ചാവറയച്ചനും ആശാൻ കളരിയിൽ പഠിച്ചു.

ചാവറയച്ചനെ കൂടാതെ അദ്ദേഹത്തിന്റെ മാതാപിതാക്കൾക്ക് ഒരു ആൺകുട്ടിയും നാലും പെൺകുട്ടികളും ആണ് സന്താനങ്ങളായി വേറെ ഉണ്ടായിരുന്നത്. ചാവറയച്ചനായിരുന്നു ഏറ്റവും ഇളയ സന്താനം. ആഴമായ വിശ്വാസ ജീവിതം നയിച്ചിരുന്ന ഒരു കുടുംബമായിരുന്നു ചാവറയച്ചന്റെത്. അതുകൊണ്ട് ബാല്യത്തിൽ തന്നെ എല്ലാ പ്രാർത്ഥനകളും നമസ്കാരങ്ങളും വളരെ നന്നായി ചാവറയച്ചൻ ഹൃദിസ്ഥമാക്കിയിരുന്നു. മുതിർന്നവർ പോലും അദ്ദേഹത്തിന്റെ ഈ കഴിവു കണ്ട് അത്ഭുതപ്പെട്ടു. ബാലനായ കുറിയാക്കോസ് നാട്ടുകാരുടെയും വീട്ടുകാരുടെയും പ്രിയപ്പെട്ടവനായിട്ടാണ് വളർന്നുവന്നത്. പ്രായത്തിനപ്പുറമുള്ള ആത്മീയതയും മാതൃകാപരമായ എളിമയും ബാല്യം മുതലേ ചാവറയച്ചനിൽ കണ്ടിരുന്നു. വീട്ടിലെ ഇളയ സന്താനമായതിനാലാവാം കുഞ്ഞുനാൾ മുതലേ, ചാവറയച്ചന് അമ്മയോടായിരുന്നു കൂടുതൽ അടുപ്പം. അമ്മയിൽ നിന്നാണ് അദ്ദേഹം നന്മയുടെയും ആത്മീയതയുടെയും ആദ്യപാഠങ്ങൾ അഭ്യസിച്ചതും. അമ്മയുടെ മാതൃകാപരമായ ആത്മീയ ജീവിതം ആ ബാല മനസിൽ വിശുദ്ധിയുടെ ആഴമായ സുവർണ്ണ മുദ്രകൾ ചാർത്തിയിരിക്കണം. ചെറുപ്പം മുതൽ തന്നെ വൈദികനാകാനുള്ള ശക്തമായ

അഭിവാഞ്ഛ ചാവറയച്ചന് ഉണ്ടായിരുന്നുവെങ്കിലും ഒരു ആകസ്മിക സംഭവമാണ് ചാവറയച്ചന്റെ ജീവിതത്തിലെ വഴിത്തിരിവായത്.

അദ്ദേഹത്തിന്റെ ഉള്ളിൽ ജ്വലിച്ചു നിന്ന ആ ആഗ്രഹത്തെ കൂടുതൽ തീക്ഷ്ണമാക്കിക്കൊണ്ട്, ഒരു നാൾ അക്കാലത്തെ പ്രശസ്ത സഭാപണ്ഡിതനും പള്ളിപ്പുറം സെമിനാരിയിലെ അധ്യാപകനുമായിരുന്ന ഫാ. തോമസ് പാലയ്ക്കൽ മല്പാൻ രണ്ടു ദിവസത്തെ സന്ദർശനത്തിനായി കൈനകരിയിൽ എത്തിച്ചേർന്നു. സുഖമില്ലാതെ വിശ്രമിക്കുന്ന പിതൃസഹോദരിമാരെ സന്ദർശിക്കുന്നതിനായിരുന്നു അദ്ദേഹത്തിന്റെ വരവ്. കൈനകരിയിലെ രണ്ടു ദിവസത്തെ താമസത്തിനിടയിൽ സാന്ദർഭികമായി ബാലനായ കുറിയാക്കോസിനെ കാണാൻ ഇടവന്ന മല്പാന് ഉൾപ്രേരണയാലാവണം കുട്ടിയോട് വലിയ പ്രിയം തോന്നി. മല്പാൻ ബാലനെക്കുറിച്ച് അന്വേഷിച്ചു. ലഭിച്ച മറുപടിയാവട്ടെ അദ്ദേഹം പ്രതീക്ഷിച്ചതിലും അനുകൂലവുമായിരുന്നു. ഇതേത്തുടർന്ന് മല്പാൻ കുട്ടിയുടെ മാതാപിതാക്കളെ നേരിൽ കാണുകയും ബാലനെ വൈദിക പരിശീലനത്തിനായി പള്ളിപ്പുറം സെമിനാരിയിലേയ്ക്ക് അയക്കണമെന്ന് ആവശ്യപ്പെടുകയുമാണുണ്ടായത്. ആദ്യം അല്പമൊരു മടി കാണിച്ചെങ്കിലും പിന്നീട് പാലയ്ക്കൽ മല്പാന്റെ ആഗ്രഹപ്രകാരം കുട്ടിയെ വൈദിക പഠനത്തിനയയ്ക്കാമെന്ന് അവർ സമ്മതിച്ചു. കുട്ടിയുടെ ഉള്ളിലും വൈദികനാകാനുള്ള ആഗ്രഹം ഉണ്ടെന്നും, ദൈവവിളി സ്വീകരിക്കാൻ അനുവദിക്കണമെന്നും മല്പാൻ അവരെ ബോധ്യപ്പെടുത്തുകയായിരുന്നു. വൈകാതെ ചാവറയച്ചൻ പാലയ്ക്കൽ തോമസ് മല്പാന്റെ ശിഷ്യത്വം സ്വീകരിച്ച് വൈദിക പരിശീലനം ആരംഭിച്ചു. പള്ളിപ്പുറം സെമിനാരിയിൽ അന്നുണ്ടായിരുന്ന മുതിർന്ന വൈദിക വിദ്യാർത്ഥികൾ പോലും പാലയ്ക്കൽ മല്പാന്റെ ഏറ്റവും സമർത്ഥനായ വിദ്യാർത്ഥിയായി കുര്യാക്കോസിനെ അംഗീകരിച്ചിരുന്നു. സെമിനാരി പരിശീലന കാലത്ത് മല്പാന്റെ ഏറ്റവും വിശ്വസ്തനായ വിദ്യാർത്ഥിയായും വൈകാതെ ഏറ്റവും അടുത്ത സഹപ്രവർത്തകനായും ചാവറയച്ചൻ മാറിയതും തികച്ചും സ്വാഭാവികം. ഗുരുവും ശിഷ്യനും തമ്മിൽ സഭാകാര്യങ്ങളും ആധ്യാത്മിക വിഷയങ്ങളുമായിരുന്നു കൂടുതൽ ചർച്ച ചെയ്തിരുന്നത്. ചാവറയച്ചന്റെ ബുദ്ധിശക്തിയും, വിശ്വാസ തീക്ഷ്ണതയും, കാര്യങ്ങൾ പെട്ടെന്നു ഗ്രഹിക്കാനുള്ള കഴിവും, ആഴമായ ആദ്ധ്യാത്മികതയും, അനുസരണ

ശീലവും, എളിമയും, താപസ മനോഭാവവും, ഭക്ഷണം ഉൾപ്പെടെയുള്ള ഭൗതിക കാര്യങ്ങളിലെ ലാളിത്യവും ബോധ്യപ്പെട്ട പാലയ്ക്കൽ മല്പാൻ അദ്ദേഹത്തിൽ തന്റെ പിൻഗാമിയെ അന്നേ ദർശിച്ചിരുന്നിരിക്കണം. സുറി യാനിയിലും ലത്തീനിലും പാണ്ഡിത്യം നേടിയ ചാവറയച്ചൻ അക്കാ ലത്ത് വരാപ്പുഴ സെമിനാരിയിലെത്തിയിരുന്ന വിദേശ മിഷനറിമാരും, അപ്പസ്തോലിക പ്രതിനിധികളുമായും സംഭാഷണം നടത്തി അവരുടെ പ്രീതിയും നേടിയിരുന്നു. സുറിയാനിക്കാരും ലത്തീൻ മിഷനറിമാരും ദുരഭിമാനത്തിന്റെ കൊടുമുടിയിൽ നിന്ന ചില സമയങ്ങളിൽ ഇരു വിഭാ ഗങ്ങൾക്കുമിടയിൽ സൗമ്യതയുടെ പ്രതീകമായി നിലകൊണ്ട് വിദഗ്ധ മായി ആശയവിനിമയം നടത്തി അവരുടെ മുറിപ്പെട്ട വികാരങ്ങൾ സുഖ പ്പെടുത്തുന്നതിനു പാലയ്ക്കൽ മല്പാൻ നിയോഗിച്ചിരുന്നത് ചാവറയ ച്ചനെയായിരുന്നു. വരാപ്പുഴയിൽ ലത്തീൻ മിഷനറിമാരെ കൈകാര്യം ചെയ്ത ഈ സൗമ്യശീലവും അനുഭവജ്ഞാനവുമാണ് പില്ക്കാലത്ത് തന്റെ സന്യാസസമൂഹത്തിലെ മർക്കടമുഷ്ഠിക്കാരായ ചില സഹപ്ര വർത്തകരെ തന്മയത്വത്തോടെ തന്റെ വഴിക്കു കൊണ്ടുവരുന്നതിന് പ്രിയോർ എന്ന നിലയിൽ ചാവറയച്ചന് തുണയായത്.

# 7. വൈദിക പരിശീലനം

പള്ളിപ്പുറം സെമിനാരിയിൽനിന്ന് വളരെ വിജയകരമായ നിലയിൽ വൈദിക പരിശീലനം പൂർത്തിയാക്കിയ ചാവറയച്ചൻ 1829 നവംബർ 29–ന് അർത്തുങ്കൽ ദൈവാലയത്തിൽ പൗരോഹിത്യം സ്വീകരിച്ചു. സത്യത്തിൽ തിരുപ്പട്ട സ്വീകരണം നിശ്ചയിച്ചിരുന്നത് സെപ്റ്റംബർ മധ്യത്തോടെ വരാപ്പുഴയിലായിരുന്നു. ചാവറയച്ചൻ സഹപാഠികളായ മറ്റ് ഡീക്കന്മാർക്കും മല്പാനുമൊപ്പം നേരത്തെ തന്നെ പട്ടമേല്ക്കാനായി വരാപ്പുഴ അരമനയിൽ എത്തിച്ചേർന്നതുമാണ്. എന്നാൽ അവർക്കു വൈദിക പട്ടം നല്കേണ്ടിയിരുന്ന ബിഷപ് സ്റ്റബിലിനി, സഭയിൽ പ്രതിയോഗികളായ രണ്ടു വിഭാഗങ്ങൾ തമ്മിൽ നിലനിന്നിരുന്ന രൂക്ഷമായ ചില അഭിപ്രായവ്യത്യാസങ്ങളെ തുടർന്ന് അന്നത്തെ പട്ടശുശ്രൂഷ റദ്ദാക്കുകയായിരുന്നു. എന്തായാലും അർത്തുങ്കൽ ദൈവാലയത്തിൽ പൗരോഹിത്യം സ്വീകരിച്ച ചാവറയച്ചൻ അക്കാലത്തെ കീഴ്‌വഴക്കമനുസരിച്ച് പിറ്റേ ദിവസം നവംബർ 30–ന് തന്നെ സ്വന്തം ഇടവക ദൈവാലയമായ ചേന്നങ്കരി പള്ളിയിൽ പ്രഥമ ദിവ്യബലി അർപ്പിച്ചു. അടുത്ത ഒരു മാസം മുഴുവൻ അദ്ദേഹം തന്റെ ഇടവകയിൽത്തന്നെ താമസിച്ചു. പിന്നീട് അദ്ദേഹം പുളിങ്കുന്നിലെത്തി ബന്ധുമിത്രാദികളെ സന്ദർശിച്ച് ഏതാനും ദിവസം അവിടെയും പാർത്തു. നവവൈദികനായ കുറിയാക്കോസ് അച്ചന് അടുത്തുള്ള ദൈവാലയങ്ങളിൽ നിന്നെല്ലാം തന്നെ ധ്യാനപ്രസംഗം നടത്താൻ ക്ഷണമുണ്ടായി എന്നാൽ സ്വന്തം നാടായ കുട്ടനാട്ടിലും പരിസരങ്ങളിലൂടെയുമുള്ള ''മിഷൻ കറക്കം'' ഗുരുവായ പാലയ്ക്കൽ മല്പാനച്ചന് അത്ര ബോധിച്ചിട്ടില്ല എന്ന സൂചന ലഭിച്ച ഉടനെ ചാവറയച്ചൻ തിരക്കിട്ട് പള്ളിപ്പുറം സെമിനാരിയിലേയ്ക്കുതന്നെ മടങ്ങുകയായിരുന്നു.

# 8. പുതിയ നിയോഗങ്ങൾ

ചാവറ കൊച്ചച്ചനെ  മറ്റുചില ഉന്നത ദൗത്യങ്ങൾ ഏല്പ്പിക്കുന്നതിന്  മല്പാനച്ചൻ ആഗ്രഹിച്ചിരുന്നു. കാരണം ഫാ. പാലയ്ക്കലും മറ്റൊരു മുതിർന്ന വൈദികനായ ഫാ. തോമസ് പോരൂക്കരയും ചേർന്ന് ദീർഘനാളായി ഒരു ആശ്രമം തുടങ്ങുന്നതു സംബന്ധിച്ച ചർച്ചകൾ നടന്നു വരികയായിരുന്നു. ഡൊമിനിക്കൻ സന്യാസികളുടെ മാതൃകയിൽ വൈദികർക്കു വേണ്ടിയുള്ള ഒരു സന്യാസ സഭയായിരുന്നു അവരുടെ മനസിൽ ഉണ്ടായിരുന്ന സ്വപ്നം. തിരികെ പള്ളിപ്പുറത്ത് എത്തിയ  ചാവറയച്ചനുമായി ഫാ. പാലയ്ക്കലും ഫാ. പോരൂക്കരയും  ഈ വിഷയം സുദീർഘമായിത്തന്നെ ചർച്ച ചെയ്തു.  തുടർ നടപടികൾ  വേഗത്തിലാക്കുന്നതിനും  പദ്ധതി ആരംഭിക്കുന്നതിന് ഉചിതമായ സ്ഥലം കണ്ടെത്തുന്നതിനും  തീരുമാനിച്ചതനുസരിച്ച്  പല സ്ഥലങ്ങളും പോയി കണ്ടെങ്കിലും അതിരമ്പുഴയ്ക്കു സമീപമുള്ള മാന്നാനം കുന്നാണ് അവർക്ക് ഇഷ്ടമായത്.  സുറിയാനി ക്രിസ്ത്യാനികളുടെ ഒരു ശക്തി കേന്ദ്രമായിരുന്നു അക്കാലത്ത് അതിരമ്പുഴയും മാന്നാനവും സമീപപ്രദേശങ്ങളും. മാന്നാനം കുന്നിലെ കാടും മരങ്ങളും വെട്ടി വെടിപ്പാക്കി താമസസൗകര്യം ഒരുക്കുന്നതിന് കുറച്ച് കാലതാമസം നേരിട്ടു. നടപടിക്രമങ്ങൾ പൂർത്തിയാകാൻ വീണ്ടും വൈകി. ഒടുവിൽ മാന്നാനത്ത് ഒരു ദൈവാലയവും അതിനോടു ചേർന്ന് ഒരു ആശ്രമഭവനവും നിർമ്മിക്കുന്നതിന് ഗവൺമെന്റിൽ നിന്ന് ആവശ്യമായ അനുമതിയും രേഖകളും അവർക്കു ലഭിച്ചു. അന്നത്തെ വികാർ അപ്പസ്തോലിക്ക ആയിരുന്ന ബിഷപ്പ് മൗറേലിയൂസ് സ്റ്റബിലിനി ഈ  സദുദ്യമത്തെ അഭിനന്ദിച്ചു.  ആശ്രമ ഭവനത്തിന്റെ നിർമ്മാണത്തിനായി ഫാ. പാല്യ്ക്കലും ഫാ. പോരൂക്കരയും ചേർന്നു നടത്തുന്ന പരിശ്രമങ്ങൾക്ക്  അദ്ദേഹം എല്ലാ പിന്തുണയും വാഗ്ദാനം ചെയ്തു. അവരുടെ ഉദ്യമത്തെ അഭിനന്ദിക്കുക മാത്രമല്ല, അതിനുള്ള ഔദ്യോഗിക അനുമതി നല്കുകയും ഒപ്പം ആശ്രമത്തിന്റെ പ്രാരംഭ ചെലവുകൾക്കായി അന്നത്തെ നിലയിൽ  ഒരു വലിയ തുക സംഭാവനയായി അവരെ ഏല്പിക്കുകയും ചെയ്തു.  അതും കൂടാതെ തന്റെ അധികാരപരിധിയിലുള്ള എല്ലാ ഇടവകകളിലേയ്ക്കും മാന്നാനത്ത് ആരംഭിച്ചിരിക്കുന്ന ആശ്രമഭവനത്തിന്റെ നിർമാണ പ്രവർത്തനങ്ങൾ വേഗത്തിൽ

പൂർത്തിയാക്കുന്നതിന് ഉദാരമായി സംഭാവനകൾ നല്കണമെന്ന് ഒരു ഇടയലേഖനവും പുറപ്പെടുവിച്ചു.

തുടക്കത്തിൽ ആർച്ചു ബിഷപ് സ്റ്റബിലിനിക്ക് ആശ്രമം എന്ന ആശയത്തോട് വലിയ മമതയൊന്നും ഇല്ലായിരുന്നു. എങ്കിലും പിന്നീട് മല്പാന്റെയും മറ്റും നടപടികളെ നിറഞ്ഞ മനസോടെ തന്നെ അദ്ദേഹം സ്വാഗതം ചെയ്തു. ഇവരിൽ ഒരാളായ ഫാ. തോമസ് പോരൂക്കര കുറെക്കാലം ബിഷപ്പിന്റെ വിശ്വസ്തനായ സെക്രട്ടറി ആയി സേവനം അനുഷ്ടിച്ചിട്ടുമുണ്ടായിരുന്നു. ബുദ്ധിമാനും പ്രശസ്തനുമായ ഫാ. പോരൂക്കര, കേരളസഭയ്ക്ക് ഒരു നിർണായക ഘട്ടത്തിൽ ശക്തമായ നേതൃത്വം നലകിയിരുന്നു. പിന്നീടുള്ള കാലം കേരളത്തിന്റെ ആദ്ധ്യാത്മിക – സാമൂഹിക ജീവിതത്തിൽ തിരുത്തൽ ശക്തിയായി മാറിയ മാന്നാനത്തെ പുതിയ സന്യാസ ഭവനത്തിന്റെ മൂന്നു സ്ഥാപക പിതാക്കന്മാരിൽ പ്രാർത്ഥനയുടെയും, തപസിന്റെയും പ്രായശ്ചിത്തത്തിന്റെയും പാതയെ ആശ്ലേഷിക്കുകയും എന്നാൽ തികച്ചും കർമ്മനിരതമായ ജീവിതം നയിക്കുകയും ചെയ്തത് ഫാ. പോരൂക്കരയാണ്. പള്ളിപ്പുറം സെമിനാരിയിൽ വച്ച് ഗുരുവായ പാലയ്ക്കൽ മല്പാനച്ചൻ പോലും മറ്റു വൈദിക വിദ്യാർത്ഥികൾക്കു മാതൃകയായിരുന്ന ഫാ. പോരൂക്കരയുടെ തിളക്കമാർന്ന ആദ്ധ്യാത്മിക ജീവിതത്തിൽ ഏറെ ആകൃഷ്ടനായിരുന്നു. താൻ സ്വപ്നം കണ്ട സന്യാസ സഭയുടെ ഒരു ഭാവി വാഗ്ദാനമായി അന്നേ തന്നെ മല്പാനച്ചൻ ഫാ. പോരൂക്കരയെ തെരഞ്ഞെടുത്തതാണ്. ഈശോമിശിഹായുടെ വളർത്തു പിതാവും കന്യാമറിയാമിന്റെ കാവൽക്കാരനുമായ യൗസേപ്പുപിതാവിനോട് ഫാ. പോരൂക്കരയ്ക്ക് അകമഴിഞ്ഞ ഭക്തിയായിരുന്നു. പോരൂക്കരയുടെ ഈ ഭക്തിമൂലമാണത്രേ, മാന്നാനം കൊവേന്തയ്ക്ക് വിശുദ്ധ യൗസേപ്പുപിതാവിന്റെ നാമധേയം നല്കിയത്. 1823 ലാണ് അദ്ദേഹം പൗരോഹിത്യം സ്വീകരിച്ചത് എന്നു കരുതപ്പെടുന്നു. അതായത് ചാവറയച്ചനേക്കാൾ അഞ്ചു വർഷം മാത്രം പ്രായം കൂടുതൽ. പുതിയ സന്യാസ സഭയുടെ സ്ഥാപക പിതാക്കന്മാരിൽ രണ്ടാം സ്ഥാനക്കാരനായിത്തീർന്നു ഫാ. പോരൂക്കര. കേരളത്തിൽ തെക്കുമുതൽ വടക്കു വരെ വിവിധ ഇടവകകളിൽ വികാരിയായി അദ്ദേഹം സേവനമനുഷ്ടിച്ചിട്ടുണ്ട്. അക്കാലത്തെല്ലാം തന്റെ വിശ്വാസികളിൽ ഒരു ആദ്ധ്യാത്മിക നവോത്ഥാനത്തിന് അദ്ദേഹം പരിശ്രമിച്ചിരുന്നു. പ്രശസ്തനായ ഒരു വാഗ്മി

കൂടിയായിരുന്നു ഫാ. പോരൂക്കര. മലയാളം, തമിഴ്, ലത്തീൻ, സുറിയാനി, ഇംഗ്ലീഷ് തുടങ്ങിയ ഭാഷകളിലൊക്കെ അച്ചൻ അനർഗ്ഗളം സുവിശേഷ പ്രസംഗങ്ങൾ നടത്തിയിരുന്നു. വരാപ്പുഴയുടെ വികാരി അപ്പസ്തോലിക്കയായി 1828–ൽ മോൺ മൗറേലിയൂസ് സ്റ്റബിലീനി നിയമിതനായപ്പോൾ, തനിക്കു സെക്രട്ടറിയായി ഫാ. പാലയ്ക്കലിനെ ലഭിക്കണമെന്നാണ് ബിഷപ് ആഗ്രഹം പ്രകടിപ്പിച്ചത്. എന്നാൽ തനിക്കു പകരം ആ തസ്തികയിലേയ്ക്ക് ഫാ. പോരൂക്കരയുടെ പേര് നിർദ്ദേശിക്കുകയാണ് ഫാ. പാലയ്ക്കൽ ചെയ്തത്. പകരം മെത്രാന്റെ ഉപദേഷ്ടാവായി ഫാ.പാലയ്ക്കലും സേവനം അനുഷ്ടിച്ചു. ഏതൊക്കെ മേഖലകളിലേയ്ക്ക് ഫാ. പോരൂക്കരയെ ഉയർത്താൻ അവസരം ലഭിച്ചുവോ അതെല്ലാം വളരെ സാർത്ഥകമായി വിനിയോഗിക്കാൻ പാലയ്ക്കൽ തോമസ് മല്പാനച്ചനു സാധിച്ചു. അതേപോലെ തന്നെയായിരുന്നു ഫാ. ചാവറയുടെ കാര്യത്തിലും മല്പാനച്ചനുണ്ടായിരുന്ന കരുതലും വാത്സല്യവും പൂർണമായ വിശ്വാസവും.

സ്റ്റബിലീനി മെത്രാനച്ചന്റെ പൂർണ പിന്തുണയോടെയാണ് മൂവർ സംഘം അവരുടെ ലക്ഷ്യം സാക്ഷാത്ക്കരിക്കാനുള്ള ആത്മവിശ്വാസത്തിൽ ഉചിതമായ സ്ഥലം തേടി മാന്നാനം കുന്നിലെത്തിയത്. 1831–ൽ അവിടെ ആദ്യത്തെ നിർദ്ദിഷ്ട ആശ്രമഭവനത്തിനും ദൈവാലയത്തിനും അവർ ശിലപാകി. ആശ്രമഭവനത്തിന്റെ ഔദ്യോഗിക ശിലാസ്ഥാപന കർമ്മവും സ്ഥലം വെഞ്ചരിപ്പും 1831 മെയ് 11-ന് ഫാ. തോമസ് പോരൂക്കരയാണ് നിർവഹിച്ചത്. വിശുദ്ധവും മഹനീയവുമായ ആ കർമ്മം ഫാ. പോരൂക്കര തന്നെ നിർവഹിക്കണമെന്ന് ബിഷപ് സ്റ്റബിലീനിയും പാലയ്ക്കൽ മല്പാനും ചേർന്ന് നിശ്ചയിക്കുകയായിരുന്നു. തിരുക്കർമ്മങ്ങൾക്ക് ബിഷപ്പും മല്പാനച്ചനും പില്ക്കാലത്ത് പുതിയ സന്യാസ സഭയുടെ പ്രഥമ പ്രിയോർ ജനറൽ സ്ഥാനത്തേയ്ക്ക് നിയമിതനായ ഫാ. ചാവറയും വലിയൊരു വിശ്വാസ സമൂഹവും സാക്ഷികളായി. ഫാ. പോരൂക്കരയുടെയും ഫാ. ചാവറയുടെയും വിശ്രമരഹിതമായ പ്രയത്ന ഫലമായി ഒരാഴ്ച്ചയ്ക്കുള്ളിൽ ആശ്രമ ദൈവാലയത്തിന്റെ നിർമ്മാണം പൂർത്തിയായി. സമീപ പ്രദേശങ്ങളിലെ ക്രിസ്ത്യൻ കുടുംബങ്ങളുടെയും മാന്നാനം, അതിരമ്പുഴ, ഏറ്റുമാനൂർ പ്രദേശങ്ങളിലെ സ്വാധീനമുള്ള ഒട്ടേറെ വ്യക്തികളുടെയും അകമഴിഞ്ഞ സഹായ സഹകരണങ്ങളും അച്ചന്മാർക്ക് ലഭിച്ചു.

സഹായിച്ചവരിൽ ഏതാനും ഹിന്ദു, മുസ്ലിം കുടുംബങ്ങളും ഉൾപ്പെടും. ചാപ്പലിനോടു ചേർന്ന് വിശ്വാസികൾക്കു വന്നിരുന്ന് പ്രാർത്ഥിക്കുവാൻ വേണ്ടി ഒരു ഷെഡ്ഡും പ്രത്യേകമായി നിർമ്മിച്ചു. അന്നു മുതൽ ചാവറയച്ച നും പോരൂക്കര അച്ചനും മാന്നാനത്ത് സ്ഥിര താമസമാക്കുകയും ചെ യ്തു. സ്ഥാപക പിതാക്കന്മാരിൽ ഒന്നാമനായ ഫാ. പാലയ്ക്കൽ പള്ളി പ്പുറം സെമിനാരിയിൽത്തന്നെ താമസം തുടരുകയും എന്നാൽ ഇടയ്ക്ക് മാന്നാനത്തുവന്ന് സന്ദർശനം നടത്തുകയും ചെയ്തു പോന്നു.

ബിഷപ് മൗറേലിയൂസ് സ്റ്റബലീനിയെ റോമിലേക്ക് തിരികെ വിളിച്ച തോടെ മാന്നാനം കൊവേന്തയുടെ ആകാശം വീണ്ടും കാർമേഘാവൃത മായിത്തീർന്നു. കേരള സഭയുടെ പുതിയ അപ്പസ്തോലിക് വികാരിയായി എത്തിയത് ആർച്ചു ബിഷപ് ഫ്രാൻസീസ് സേവ്യറായിരുന്നു. ആരോഗ്യ പരമായ കാരണങ്ങൾ പറഞ്ഞാണ് ബിഷപ് സ്റ്റബലീനി വരാപ്പുഴയോട് വിടവാങ്ങിയതെങ്കിലും യഥാർത്ഥ കാരണം അതായിരുന്നില്ല. സുറി യാനി ക്രിസ്ത്യാനികളോട് കൂടുതൽ അടുപ്പം കാണിക്കുകയും അവർക്ക് അനർഹമായ ഒത്താശകൾ ചെയ്തു കൊടുക്കുകയും ചെയ്യുന്നു എന്ന് ആരോപിച്ച് ലത്തീൻ വിഭാഗത്തിന് സ്റ്റബലിനിയോട് കുറച്ചൊരു അതൃ പ്തിയുണ്ടായിരുന്നു. അതിൽ അല്പം വാസ്തവം ഉണ്ടായിരുന്നു താനും. തത്ഫലമായി പല കാര്യങ്ങളിലും ലത്തീൻ വിഭാഗം ബിഷപ് സ്റ്റബലീനി യോട് അത്ര സഹകരിച്ചിരുന്നുമില്ല. പുതിയ വികാർ അപ്പസ്തോലിക്ക മാന്നാനം വൈദികരോട് ആദ്യം അത്ര പ്രതിപത്തിയൊന്നും കാണി ക്കുകയുണ്ടായില്ല. തന്റെ മുൻഗാമിയുടെ പേരിലുണ്ടായ പക്ഷപാതപര മായ ആരോപണങ്ങൾ അദ്ദേഹം അറിയുകയും ചെയ്തിരുന്നു. വരാ പ്പുഴയിലെ ലത്തീൻ വൈദികരുമായി ആലോചിച്ചിട്ടാവണം അധികം വൈകാതെ ആർച്ചു ബിഷപ്പ് ഫ്രാൻസീസ്, ഫാ. ചാവറയെ പള്ളിപ്പുറ ത്തേയ്ക്കും, ഫാ. പോരൂക്കരയെ കൊല്ലത്തേയ്ക്കും സ്ഥലംമാറ്റിക്കൊണ്ട് കല്പന പുറപ്പെടുവിച്ചു. മാന്നാനം ദൗത്യം പാതിവഴിയിൽ ഉപേക്ഷിച്ച് സ്ഥലം വിടാൻ അതിനാൽ ഇരുവരും നിർബന്ധിതരായിത്തീർന്നു. മാന്നാനം കൊവേന്തയ്ക്ക് എതിരെ അന്ന് വരാപ്പുഴ കേന്ദ്രീകരിച്ച് ശക്ത മായി പ്രവർത്തിച്ചിരുന്ന ഒരു വിഭാഗം വൈദികരുണ്ടായിരുന്നു. അവ രുടെ സ്വാധീനത്തിൽപ്പെട്ടാവണം ഫ്രാൻസീസ് അപ്പസ്തോലിക്ക മാന്നാ നത്തെ പുതിയ സന്യാസ ആശ്രമത്തിനെതിരെ മുൻവിധിയോടെയും

അല്പം ശത്രുതയോടെയും നടപടികൾ പിന്നെയും തുടർന്നത്. തന്റെ മുൻഗാമിയായ സ്റ്റബലീനിയുടെ ശ്ലൈഹികാശീർവാദത്തോടെ ആരംഭിച്ച പ്രസ്ഥാനം എന്നതായിരുന്നു മാന്നാനം കൊവേന്തയ്ക്കെതിരെ അദ്ദേഹം കണ്ടെത്തിയ ഏറ്റവും വലിയ ന്യൂനത. എന്നാൽ കുറച്ചു നാളുകൾക്കു ശേഷം ആർച്ചുബിഷപ് ഫ്രാൻസീസ് സേവ്യർ മയപ്പെടുകയും മാന്നാനം ആശ്രമത്തിനെതിരെയുള്ള തന്റെ കടുംപിടിത്തത്തിൽ അയവു വരുത്തുകയും ചെയ്തു. അങ്ങനെ പോരൂക്കര അച്ചനും ചാവറയച്ചനും വീണ്ടും മാന്നാനം കുന്നിൽ തിരിച്ചെത്തി മാന്നാനം ആശ്രമ ദൗത്യം പുനരാരംഭിച്ചു.

തിരികെ എത്തിയ ഫാ. പോരൂക്കരയും ഫാ. ചാവറയും വർദ്ധിത വീര്യത്തോടെയാണ് തങ്ങളുടെ ജോലി പൂർത്തിയാക്കാനുള്ള തീവ്രശ്രമം തുടങ്ങിയത്. വരാപ്പുഴയിലെ സഭാധികാരികളുടെ അപ്രീതിയെ തുടർന്ന് മാന്നാനം വിട്ടുപോയപ്പോൾ നിശ്ചലമായിപ്പോയ നിർമ്മാണ പ്രവർത്തനങ്ങൾ വീണ്ടും ആരംഭിച്ചു. ധാർമ്മിക പിന്തുണയുമായി പള്ളിപ്പുറം സെമിനാരിയിൽ നിന്ന് വൈദിക വിദ്യാർത്ഥികളെയും കൊണ്ട് ഫാ. പാലയ്ക്കലും ഇടയ്ക്കിടെ മാന്നാനത്ത് വന്നുകൊണ്ടിരുന്നു. മാന്നാനത്ത് ആശ്രമത്തോടനുബന്ധിച്ച് ഇടവക വൈദികരെ പരിശീലിപ്പിക്കുന്നതിന് ഒരു സെമിനാരി ആരംഭിക്കുന്നതിനെ കുറിച്ച് പാലയ്ക്കൽ മല്പാനച്ചൻ ഒരു നിർദ്ദേശം വച്ചു. എന്നാൽ ഫാ. പോരൂക്കര ആദ്യം ആ നിർദ്ദേശത്തോട് യോജിച്ചില്ല. കാരണം അത്തരം ഒരു സ്ഥാപനം അവിടെ ആരംഭിച്ചാൽ അത് ആശ്രമപരിസരത്തിന്റെ ശാന്തത ഭഞ്ജിക്കുകയും തന്റെ സന്യാസ ചിട്ടകളുടെ ഏകാഗ്രത നഷ്ടപ്പെടുത്തുകയും ചെയ്യുമെന്ന് അദ്ദേഹം ഭയപ്പെട്ടിരുന്നിരിക്കണം. ഫാ. പോരൂക്കരയും ഫാ. പാലയ്ക്കലും തമ്മിലുണ്ടായ നയപരമായ ഈ അഭിപ്രായ ഭിന്നത ഇരുവരും തമ്മിലുള്ള ആത്മസൗഹൃദത്തെയും ബാധിക്കാതിരുന്നില്ല. ഫാ. ചാവറയാകട്ടെ ഇക്കാര്യത്തിൽ ആരുടെയും പക്ഷത്ത് ചേർന്നതുമില്ല. തന്നെക്കാൾ മുതിർന്നവരായ ഇരുവരും തമ്മിലുള്ള പ്രശ്നം അവർ തന്നെ തീർക്കട്ടെ എന്ന വിവേകപൂർവമായ നിഷ്പക്ഷ നിലപാടായിരുന്നു അദ്ദേഹത്തിന്റേത്. ഒടുവിൽ ഫാ. പോരൂക്കര വഴങ്ങി. ആശ്രമത്തോട് ചേർന്ന് ഒരു സെമിനാരി ആരംഭിക്കാനുള്ള ഫാ. പാലയ്ക്കലിന്റെ നിർദ്ദേശം അംഗീകരിക്കപ്പെട്ടു. മാന്നാനം ആശ്രമത്തിലെ അന്തേവാസികളുടെയും വൈദിക

വിദ്യാർത്ഥികളുടെയും ആത്മീയ ജീവിതത്തിന്റെ നിയമാവലി ക്രോഡീകരിച്ചത് ഫാ. പോരൂക്കര തന്നെയായിരുന്നു. 1837 ൽ ഫാ. ഗീവർഗീസ് തോപ്പിൽ കൂടി മാന്നാനം സന്യാസ സമൂഹത്തിലേയ്ക്ക് അംഗമായി എത്തി. അതോടെ മൂന്നു പേരും തങ്ങളുടെ എല്ലാ സ്വകാര്യ സമ്പാദ്യങ്ങളും സമൂഹത്തിന്റെ സ്വത്തായി പ്രഖ്യാപിക്കുകയും പൊതുവായ കണക്കും പണത്തിന്റെ വരവുചെലവുകളും സുതാര്യമാക്കുകയും ചെയ്തു. ഈ പുതിയ ഭരണ സംവിധാനം അവരുടെ ആദ്ധ്യാത്മിക തീർത്ഥാടനത്തിലെ ശക്തമായ മറ്റൊരു പടിയായിരുന്നു. അങ്ങനെ മാന്നാനത്തെ സന്യാസ സമൂഹം യഥാർത്ഥ ആദ്ധ്യാത്മിക ശൈലിയിലേയ്ക്ക് ഒരു ചുവടു വയ്ക്കുകയും ചെയ്തു.

# 9. വേദനിപ്പിച്ച വേർപാടുകൾ

ഇതിനിടെയായിരുന്നു ആശ്രമത്തിന്റെ മുഖ്യ സ്ഥാപകനായ ഫാ. തോമസ് പാലയ്ക്കൽ മല്പാന്റെ നിര്യാണം. മാന്നാനം ആശ്രമത്തി ലാകെ അത് ദുഃഖത്തിന്റെ കരിനിഴൽ വീഴ്ത്തി. കാരണം സന്യാസ സഭയെ അതിന്റെ കൃത്യമായ ഭ്രമണപഥത്തിൽ ഉറപ്പിക്കാനുള്ള അശ്രാന്ത പരിശ്ര മത്തിനിടയിലായിരുന്നു മല്പാനച്ചന്റെ വേർപാട്. ഫാ. പാലയ്ക്കലിന്റെ മരണത്തെ തുടർന്ന് ഫാ. പോരൂക്കരയെയും ഫാ. ചാവറയെയും മല്പാ ന്മാരായി (സെമിനാരി പ്രഫസർമാർ) അവരോധിച്ചുകൊണ്ട് ആർച്ചു ബിഷപ് ഫ്രാൻസീസ് സേവ്യർ കല്പന പുറപ്പെടുവിച്ചു. വികാരി അപ്പസ്തോലിക്ക പുറപ്പെടുവിച്ച നിയമന ബൂള മാന്നാനത്തിന് സ്വാഭാവികമായും സദ്വാർത്തയായിരുന്നു. കാരണം ഫാ. പോരൂക്ക രയ്ക്കും ഫാ. ചാവറയ്ക്കും സഭാധികാരികൾ നല്കിയ വലിയ അംഗീ കാരമായി ഈ സ്ഥാനലബ്ധിയെ അവർ കണക്കാക്കി.

ഫാ. പാലയ്ക്കൽ മരിക്കുന്നതിനു മുമ്പു തന്നെ മാന്നാനത്തെ മുഴുവൻ കാര്യങ്ങളും നടത്തിയിരുന്നത് ഫാ. ചാവറയായിരുന്നു. ജോലി ഭാരം കൊണ്ട് അദ്ദേഹം വലഞ്ഞിരുന്നു. പക്ഷെ, മാന്നാനത്തെ സഹപ്ര വർത്തകരായ വൈദികർ എല്ലാവരും അദ്ദേഹത്തെ ആത്മാർത്ഥമായി സഹായിക്കുവാൻ തയാറായി. ആശ്രമ ദൈവാലയത്തിന്റെ നിർമ്മാണം പൂർത്തിയാക്കൽ, തിരുനാൾ നടത്തിപ്പ്, വിശ്വാസ സമൂഹത്തോടുള്ള ഇടയ നടുത്ത ഉത്തരവാദിത്വങ്ങലുടെ നിർവഹണം തുടങ്ങിയ പല വെല്ലുവി ളികളെയും അദ്ദേഹം അതിജീവിച്ചത് സഹപ്രവർത്തകരുടെ നിർലോ പമായ സഹായം കൊണ്ടു കൂടിയാണ്. വിവിധ മേഖലകളിൽ നിന്ന് അദ്ദേഹത്തിന് ധാരാളം സാമ്പത്തിക സഹായങ്ങളും ലഭിച്ചു. ആർച്ചു ബിഷപ് ഫ്രാൻസീസ് സേവ്യർ പോലും ഉദാരമായി അദ്ദേഹത്തെ സഹായി ച്ചിരുന്നു. പെരുമാലിൽ, തയ്യിൽ, മുരിക്കൻ, കൊല്ലംപറമ്പിൽ, നെല്ലിപ്പുഴ, പീടികയ്ക്കൽ തുടങ്ങി മധ്യ കേരളത്തിലെ പുരാതന പ്രശസ്തമായ മിക്ക ക്രിസ്ത്യൻ തറവാടുകളും മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ആദ്ധ്യാത്മിക സ്തംഭമായ മാന്നാനം സന്യാസ ഭവനത്തെ സാമ്പത്തികമായി സഹായി ക്കാൻ മുന്നിൽ നിന്നിരുന്നു.

ആർച്ചു ബിഷപ് ഫ്രാൻസീസ് സേവ്യറിന്റെ ആകസ്മിക ദേഹവിയോഗം (1844) മാന്നാനം കൊവേന്തയ്ക്ക് വലിയ ആഘാതമായി. കാരണം അവസാന കാലത്ത് അദ്ദേഹം ഫാ. പോരൂക്കരയുടെയും ഫാ. ചാവറയുടെയും മാന്നാനം കൊവേന്തയുടെയും ഏറ്റവും അടുത്ത സ്നേഹിതനും ഉപകാരിയും ആയിരുന്നു. രണ്ടു വർഷം കഴിഞ്ഞപ്പോൾ മാന്നാനം കുന്നിൽ വീണ്ടും മരണദേവതയുടെ കാഹളം മുഴങ്ങി. ഇപ്രാവശ്യം വിടവാങ്ങിയത് ഫാ. പോരൂക്കരയായിരുന്നു. മാന്നാനം കുന്നിലെ ഐതിഹാസികമായ സഭാദൗത്യം തുടരാൻ ഫാ. ചാവറയെ ഭരമേല്പ്പിച്ചുകൊണ്ട് മാന്നാനം സന്യാസ സഭയുടെ രണ്ടാമനായ സ്ഥാപക പിതാവ് ഫാ. പോരൂക്കര നിത്യസമ്മാനത്തിന് വിളിക്കപ്പെടുമ്പോൾ അദ്ദേഹത്തിനു പ്രായം വെറും 46 വയസ് മാത്രമായിരുന്നു. മരണത്തിനും കുറെ നാൾ മുമ്പു മുതൽ കടുത്ത പ്രമേഹരോഗ ബാധിതനായിരുന്നു ഫാ. പോരൂക്കര. ചികിത്സകൾ എല്ലാം വിഫലമായി. ഏതാനും ദിവസങ്ങൾ മാത്രം ശയ്യാവലംബിയായ ശേഷം വളരെ ശാന്തമായി അദ്ദേഹം മരണത്തിന്റെ മടിയിലേയ്ക്ക് തല ചായ്ക്കുകയായിരുന്നു. മരിക്കുന്നതിന് രണ്ടു മണിക്കൂർ മുമ്പ് അദ്ദേഹം ചാവറയച്ചന്റെ പക്കൽ തന്റെ അന്ത്യകുമ്പസാരം നടത്തി. അദ്ദേഹത്തിന്റെ ആഗ്രഹപ്രകാരം ചാവറയച്ചൻ തന്നെ പോരൂക്കരയച്ചന് രോഗീലേപനവും നല്കി.

# 10. ഔദ്യോഗിക അംഗീകാരം

ആർച്ചുബിഷപ് ഫ്രാൻസീസിന്റെ പിൻഗാമിയായി നിയമിതനായ ആർച്ചുബിഷപ് ലുഡ്വിക്ക് വരാപ്പുഴയെത്തി സ്ഥാനമേറ്റ ഉടനെ തന്നെ മാന്നാനം ആശ്രമം സന്ദർശിച്ചു. ആശ്രമത്തിന്റെ ആദ്ധ്യാത്മിക അന്തരീക്ഷത്തിലും മറ്റു പ്രവർത്തനങ്ങളിലും അതീവ സന്തുഷ്ടനായ വികാരി അപ്പസ്തോലിക്ക, സന്യാസ സമൂഹത്തിന് ശ്ലൈഹിക അംഗീകാരം ലഭ്യമാക്കാമെന്ന് ഫാ. ചാവറയോട് വാഗ്ദാനം ചെയ്തു. അതിനായി ആശ്രമാംഗങ്ങൾ ഒപ്പുവച്ച ഔപചാരികമായ അപേക്ഷ തയ്യാറാക്കി എത്രയും വേഗം തനിക്ക് എത്തിച്ചു തരണമെന്നും ആർച്ചു ബിഷപ് നിർദ്ദേശിച്ചു.

ആർച്ചുബിഷപ് ലുഡ്വിക്ക് അദ്ദേഹത്തിന്റെ വാഗ്ദാനം പാലിക്കുക തന്നെ ചെയ്തു. ഫാ. ചാവറ നല്കിയ അപേക്ഷ പ്രകാരം 1855–ൽ തന്നെ ഔദ്യോഗികമായ നിയമാവലി തയാറാക്കി മാന്നാനം സഭയ്ക്ക് നല്കപ്പെട്ടു. അമലോത്ഭവ കന്യാമറിയത്തിന്റെ ദാസന്മാർ എന്ന് അറിയപ്പെട്ടിരുന്ന മാന്നാനത്തെ സന്യാസ സമൂഹത്തിന്റെ പേര് അന്നുമുതൽ കർമലീത്ത നിഷ്പാദുക മൂന്നാം സഭ (ക.നി.മൂ.സ) എന്നാക്കി. തുടർന്ന് മാന്നാനം ആശ്രമാംഗങ്ങൾ എല്ലാവരും തങ്ങളുടെ വ്രതവാഗ്ദാനവും നടത്തി. പുതുതായി കത്തോലിക്ക സഭയുടെ ഔദ്യോഗിക അംഗീകാരം ലഭിച്ച ഈ സന്യാസ സമൂഹത്തിന്റെ പ്രഥമ പ്രിയോർ (സുപ്പീരിയർ) ആയി ഫാ. ചാവറയെ നിയമിക്കുകയും ചെയ്തു. എന്നാൽ മെത്രാപ്പോലീത്ത നല്കിയ നിയമാവലി അംഗങ്ങൾക്കിടയിൽ ചില ആശയക്കുഴപ്പങ്ങൾ സൃഷ്ടിക്കാതിരുന്നില്ല. കാരണം ആ നിയമങ്ങൾ എല്ലാം തന്നെ കർമലീത്ത ഒന്നാം സഭയുടേതു തന്നെയായിരുന്നു. മാന്നാനം സഭ വാസ്തവത്തിൽ ആഗ്രഹിച്ചത് ഡൊമിനിക്കൻ സന്യാസ സമൂഹത്തിന്റെ ശൈലിയിലുള്ള ഒരു നിയമാവലിയായിരുന്നു. അതായിരുന്നു തുടക്കത്തിൽ സഭയുടെ സ്ഥാപക പിതാക്കന്മാരിൽ ഒരാളായ ഫാ. പോരൂക്കരയുടെയും കാഴ്ച്ചപ്പാട്. എന്നാൽ ലഭിച്ച നിയമത്തിലെ ഉപവാസം, ഏകാന്തധ്യാനം, മൗനവ്രതം തുടങ്ങിയ പല വ്യവസ്ഥകളും കഠിനവും കർശനവുമായിരുന്നു. പലരും സന്യാസ നിയമങ്ങളുടെ കാർക്കശ്യത്തിൽ ഖിന്നരായി. മാന്നാനം കൊവേന്തയിലെ പല അംഗങ്ങളുടെയും മനസ് വല്ലാതെ

വ്രണപ്പെട്ടു. സഭയിലെ ഒരു വിഭാഗം കർശനമായ നിയമങ്ങൾ മൂലം വ്രത വാഗ്ദാനം നടത്താൻ പോലും ഭയപ്പെട്ടുവെന്നതാണ് സത്യം. അതിനു പുറമെ കർമലീത്ത നിഷ്പാദുക മൂന്നാം സഭ എന്ന പേരും പലർക്കും ഇഷ്ടമായില്ല. അമലോത്ഭവമാതാവിന്റെ ദാസന്മാർ എന്ന പൂർവ നാമ ത്തോടായിരുന്നു അവർക്ക് കൂടുതൽ പ്രിയം.

സഭയുടെ പേര്, നിയമാവലി തുടങ്ങിയവയുമായി ബന്ധപ്പെട്ട് ആശയക്കുഴപ്പങ്ങൾ നിലനില്ക്കുമ്പോഴും മാന്നാനം സന്യാസ സമൂഹം സാവധാനം വളർച്ചയുടെ പടവുകൾ പിന്നിടുകയായിരുന്നു. വരാപ്പു ഴയിലെ ലത്തീൻ മിഷനറി വൈദികർക്കു പോലും ഇത് ആഹ്ലാദമായി. കാരണം, പേർഷ്യയിൽ നിന്നു വന്ന റോക്കോസ്, മേലൂസ് എന്നീ രണ്ട് മെത്രാന്മാരുടെ സ്വാധീനവലയത്തിൽ ഗണ്യമായ ഒരു വിഭാഗം മാർ തോമ്മാ ക്രിസ്ത്യാനികൾ ശീശ്മയിൽ ചേർന്നതു മൂലം കേരളത്തിലെ കത്തോലിക്ക സഭയുടെ അടിത്തറ പോലും ഇളകി നിന്ന കാലഘട്ടമായി രുന്നു അത്. റോമിൽ നിന്ന് മാർപാപ്പ നേരിട്ട് മെത്രാൻ പദവി നല്കി കേര ളസഭയിലേയ്ക്ക് അയച്ചവരാണ് ഈ പേർഷ്യൻ മേല്പട്ടക്കാർ എന്നു തെറ്റിധരിച്ചാണ് പല സുറിയാനി ക്രിസ്ത്യാനി ഇടവകകളും കൂട്ടത്തോടെ ശീശ്മയിലേയ്ക്കു മാറിയത്.

സഭ നേരിട്ട ഈ പ്രതിസന്ധിക്ക് പരിഹാരം കാണുക എന്ന ലക്ഷ്യ ത്തോടെ വരാപ്പുഴയുടെ വികാർ അപ്പസ്തോലിക്ക ഒരു തീരുമാനത്തി ലെത്തി. സുറിയാനി ക്രിസ്ത്യാനികളുടെ വികാരി ജനറാളായി ഫാ. ചാവ റയെ നിയമിക്കുക എന്നതായിരുന്നു ആ തീരുമാനം. കൂറുമാറി പോയ അജഗണത്തെ തിരുസഭയുടെ വിശുദ്ധ കൂടാരത്തിൽ തിരികെ എത്തിക്കു ന്നതിനായി ഫാ. ചാവറയും മാന്നാനം കൊവേന്തയിലെ സന്യാസ സമൂ ഹവും ഒന്നിച്ച് നിന്ന് ചെറുതല്ലാത്ത യത്നമാണ് കാഴ്ച്ചവച്ചത്. മാന്നാനം കൊവേന്തയുടെയും വരാപ്പുഴ വികാരിയാത്തിലെയും പ്രഥമ സുറി യാനി വികാരി ജനറാൾ എന്ന നിലയിൽ സഭയുടെയും സമുദായത്തി ന്റെയും നവോത്ഥാനത്തിന് ചാവറയച്ചൻ നേതൃനിരയിലേയ്ക്ക് മാറുക യായിരുന്നു.

സമർത്ഥനായ ഒരു സംഘാടകൻ എന്ന നിലയിൽ അദ്ദേഹം തന്റെ വിശ്വസ്തരെ ഒരിക്കലും അകന്നു പോകാതെ കൂടെ നിർത്തി. അവരുടെ

ബോധ്യങ്ങൾ ശക്തമാക്കി. സഭയുടെ നിലപാടുകളിൽ പലപ്പോഴും അദ്ദേഹം ഒരു കടുത്ത യാഥാസ്ഥിതികനായി. എന്നാൽ ചിലപ്പോഴെല്ലാം ചില വിട്ടുവീഴ്ച്ചകൾക്കും തയാറായി. ഒരു ആദ്ധ്യാത്മിക പിതാവ് എന്ന നിലയിൽ അദ്ദേഹം സഭാപരമായ നിലപാടുകളിൽ ഉറച്ചു നിന്നു. സമൂഹത്തിന്റെ നേരിയ സ്പന്ദനങ്ങൾ പോലും തിരിച്ചറിയാൻ അദ്ദേഹത്തിനു സാധിച്ചിരുന്നു. ഒരിക്കൽ പോലും പരാജയപ്പെട്ടിരുന്നില്ല. മഹത്തായ വിജയങ്ങളായിരുന്നു എന്നും അദ്ദേഹം നേടിയത്. എതിരാളി കളെ വളരെ സൗമ്യനായി തന്നെ അദ്ദേഹം നേരിട്ടു. കാർമലൈറ്റ്സ് ഓഫ് മേരി ഇമാക്കുലേറ്റ് (സിഎംഐ) സഭയ്ക്ക് ഖണ്ഡിതമായ രൂപഭാവങ്ങൾ നല്കിയ സമർത്ഥനായ ഈ ക്രാന്തദർശി ഏത് മാനദണ്ഡങ്ങൾ കൊണ്ട് അളന്നാലും, ഒരു യഥാർത്ഥ നേതാവു തന്നെയായിരുന്നു. ആ കാല ഘട്ടത്തിൽ കേരള സമൂഹത്തെ സമഗ്രമായി രൂപാന്തരപ്പെടുത്താൻ സ്വയം വിളക്കുമരങ്ങളായി മാറിയ ഇതര സാമൂഹിക പരിഷ്കർത്താക്കൾക്കു മുമ്പിൽ ചാവറയച്ചൻ ഒരു പ്രകാശഗോപുരം തന്നെയായിരുന്നു. എല്ലാ പ്രതിസന്ധികളെയും അതിജീവിച്ചുകൊണ്ട് അന്ത്യം വരെ അദ്ദേഹം ജീവിച്ചു.

എല്ലാ അർത്ഥത്തിലും കേരളത്തെ സംബന്ധിച്ചിടത്തോളം 19–ാം നൂറ്റാണ്ട് സംഭവ ബഹുലമായിരുന്നു. അടിസ്ഥാനപരവും ദൂരവ്യാപകവു മായ മാറ്റങ്ങൾ നാടിന്റെ സാമൂഹിക രാഷ്ട്രീയ മേഖലകളെ ആഴത്തിൽ സ്പർശിച്ച ഒരു കാലം കൂടിയായിരുന്നു അത്. പുതിയ ആദ്ധ്യാത്മിക ദർശനങ്ങളും വ്യാഖ്യാനങ്ങളും ഉദയം ചെയ്ത കാലം. ആധുനിക കണ്ടു പിടിത്തങ്ങളിലൂടെ ശാസ്ത്രം നൂതന മാനങ്ങൾ തേടിയപ്പോൾ, പുസ്ത കങ്ങളുടെയും വർത്തമാന പത്രങ്ങളുടെയും അച്ചടിയും പ്രചാരവും സമ്പദ്ഘടന, വ്യവസായം, വാണിജ്യം, രാഷ്ട്രീയം, സമൂഹം, ഭരണം, അധികാരം തുടങ്ങിയവയുടെ വ്യവസ്ഥാപിത സിദ്ധാന്തങ്ങളെ, എന്തിന് യുദ്ധ തന്ത്രങ്ങളെയും ആയുധങ്ങളെയും പോലും അടിമുടി മാറ്റിമറിച്ചു. വ്യവസ്ഥിതിയിലെ വിപ്ലവകരമായ പുനസംവിധാനവും വിദ്യാഭ്യാസ മേഖലയിലെ പുതിയ കാഴ്ച്ചപ്പാടുകളും വ്യക്തികളുടെയും സമൂഹത്തി ന്റെയും വീക്ഷണങ്ങളിൽ വലിയ പരിവർത്തനം വരുത്തി. തന്റെ കാല ഘട്ടത്തിൽ കേരളത്തിൽ സംഭവിച്ച സാമൂഹിക പരിവർത്തനങ്ങളുടെ രൂ പാന്തരീകരണ പ്രക്രിയയിൽ ഫാ. ചാവറ ശക്തിയേറിയ ഒരു രാസത്വരക മായി.

## 11. ചക്രവാളങ്ങളും കടന്ന്

മധ്യകേരളത്തിലെ ഒരു കുഗ്രാമത്തിൽ ജനിച്ച ഫാ. ചാവറ ചക്രവാളസീമകളും കടന്നു വളർന്നു. തികച്ചും യാഥാസ്ഥിതികമായ ഒരു സാമൂഹിക വ്യവസ്ഥിതിയിൽ ജീവിച്ച അദ്ദേഹത്തിന് അതിന്റെ എല്ലാ പരിധികളെയും അതിവർത്തിക്കുവാനുമായി. അതേസമയം പുരോഹിതൻ എന്ന നിലയിൽ അദ്ദേഹം അതീവ വിവേകത്തോടെ സഭാനിയമപ്രകാരമുള്ള എല്ലാ ഉത്തരവാദിത്വങ്ങളും സ്വയം നിർവഹിക്കുകയും ചെയ്തു. ആദ്ധ്യാത്മിക ചിന്തകൻ എന്ന നിലയിൽ ദൈവവചനം പ്രഘോഷിക്കുക എന്ന തന്റെ അപ്പസ്തോലിക ദൗത്യം ധീരതയോടെ അദ്ദേഹം തുടരുകയുമുണ്ടായി. അതിനായി അന്നേവരെ അപരിചിതമായ വഴികളിലൂടെ പോലും അദ്ദേഹം യാത്ര ചെയ്തു. പ്രസംഗിക്കുവാനുള്ള തന്റെ സിദ്ധി പൂർണമായി അദ്ദേഹം ദൈവവചന പ്രഘോഷണത്തിനായി വിനിയോഗിച്ചു. ക്രമേണ ഒരു സാമൂഹിക പരിഷ്കർത്താവായി അദ്ദേഹം രൂപാന്തരം പ്രാപിച്ചു. എന്നാൽ അതിന്റെ ദൂരവ്യാപകമായ ഫലങ്ങളെ കുറിച്ച് അദ്ദേഹം ചിന്തിച്ചതുപോലുമില്ല. തന്റെ കാലഘട്ടത്തിനൊപ്പം സഞ്ചരിച്ചുകൊണ്ട് തന്റെ കാലത്തിനുമപ്പുറത്തേയ്ക്ക് അദ്ദേഹം ഉൾക്കാഴ്ച്ചയോടെ നോക്കി. അവിടെ ആ നൂറ്റാണ്ടിന്റെ സാമൂഹിക പരിഷ്കർത്താക്കളായ സ്വാമി വിവേകാനന്റെയും ശ്രീനാരായണ ഗുരുവിന്റെയും നിരയിൽ തന്റേതായ ഒരു സ്ഥാനവും പ്രതിഷ്ഠാ സങ്കേതവും അദ്ദേഹം സൃഷ്ടിച്ചെടുത്തു. സാമൂഹിക നവോത്ഥാന നായകൻ എന്ന നിലയിൽ സമാനതകളില്ലാത്ത ഒരു മുൻഗാമിയായിരുന്നു ഫാ. ചാവറ. പുതിയ ഒരു പാതയിലൂടെ ഒരാൾ നടക്കുമ്പോൾ അയാൾ മുൻഗാമിയാകുന്നു എന്നാണ് നമ്മുടെ പൊതു ധാരണ. എന്നാൽ, വഴി പോലുമില്ലാത്തിടത്ത് സ്വയം ഒരു പാത പുതിയതായി വെട്ടിത്തുറക്കുകയും അതിലൂടെ ആദ്യം സഞ്ചരിക്കുകയും ചെയ്യുമ്പോഴാണ് യഥാർത്ഥത്തിൽ ഒരാൾ യഥാർത്ഥ മുൻഗാമിയാകുന്നത്. പകലോമറ്റം, ശങ്കരപുരി, കള്ളി, കാളികാവ് തുടങ്ങിയ കുടുംബങ്ങളും അവരുടെ ശാഖകളും പാലയൂരിൽ നിന്ന് വന്ന് കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ, പ്രത്യേകിച്ച് തെക്കൻ കേരളത്തിൽ താമസമാക്കിയവരാണ്. ഹൈന്ദവ ഭരണാധികാരികളുടെ കീഴിൽ അതതു മേഖലകളിൽ ഇതര വിഭാഗങ്ങളുമായി സഹവർത്തിത്വത്തിൽ ജീവിക്കു

മ്പോഴും അവർ തങ്ങളുടെ വിശ്വാസ പൈതൃകം പൂർണമായും കാത്തു സൂക്ഷിച്ചു. അതു പ്രചരിപ്പിക്കാൻ എന്നും ബദ്ധശ്രദ്ധരുമായിരുന്നു. ചാവറയച്ചൻ ഒരു വർഗീയവാദിയാവാതിരിക്കാൻ കാരണം ഈ കുലീന പാരമ്പര്യവും സംസ്കാരവും ആയിരിക്കാം. എങ്ങിനെ നോക്കിയാലും അദ്ദേഹം സമൂഹത്തെയും മതത്തെയും ആദ്ധ്യാത്മികതയെയും അവയു ടെ പൂർണതയിൽ ദർശിച്ച ഒരു മഹാ മനുഷ്യനായിരുന്നു.

മഹാന്മാരുടെയും മഹാനദികളുടെയും ഉത്ഭവം ആരും അന്വേ ഷിക്കാറില്ല എന്ന പോലെ ചാവറയച്ചന്റെയും ജന്മദിനം സംബന്ധിച്ച് ചില തർക്കങ്ങൾ നിലനില്ക്കുന്നുണ്ട്. ചില ജീവചരിത്രകാരന്മാർ അദ്ദേഹ ത്തിന്റെ ജന്മദിനം 1804 ഫെബ്രുവരി 8 എന്നാണ് രേഖപ്പെടുത്തുന്നത്. എന്നാൽ പൊതുവിലുള്ള ഒരു ധാരണപ്രകാരം അത് 1805 ഫെബ്രുവരി 10 ആണ്. എന്നാൽ ചാവറയച്ചന്റെ കാര്യത്തിൽ ഇത്തരം ജീവചരിത്ര വിശദാംശങ്ങൾക്കു വലിയ പ്രാധാന്യമൊന്നും ഇല്ല തന്നെ. മറിച്ച് സ്മര്യ പുരുഷൻ സഭയ്ക്കും സമുദായത്തിനും അർപ്പിച്ച സംഭാവനകളിലൂടെ അദ്ദേഹം എങ്ങിനെ രണ്ടിന്റെയും ചരിത്രം രൂപപ്പെടുത്തി എന്നതിനാണ് പ്രസക്തി.

ജ്യോതിശാസ്ത്ര പ്രകാരം ചാവറയച്ചന്റെ ഗ്രഹനിലയിൽ കണ്ട സന്യാസയോഗ ലക്ഷണങ്ങളാവാം അദ്ദേഹത്തെ ഒരു യഥാർത്ഥ യോഗി യാക്കിയത്. പക്ഷെ ചാവറയച്ചന്റെ ജീവിതവും പ്രവർത്തനവും മൂന്നു യോഗങ്ങളുടെ – സന്യാസ, കർമ്മ, രാജയോഗങ്ങളുടെ – മിശ്രണമായി രുന്നു എന്നതിന് ആ ജീവിതം തന്നെയാണു സാക്ഷ്യം. ചാവറയച്ചൻ അടിസ്ഥാനപരമായി ഒരു സന്യാസി തന്നെയായിരുന്നു. എന്നാൽ സത്ത യിലും അച്ചടക്കത്തിലും അദ്ദേഹം ഒന്നാം സഭക്കാരുടെ സമുന്നതനായ ഗുരുവുമായിരുന്നു. സ്ഥാപനങ്ങളുടെയും സന്യാസ സമൂഹങ്ങളുടെയും രാജശില്പിയായിരുന്നു. എല്ലാറ്റിനുമുപരി അദ്ദേഹം പ്രശസ്തനായ വി ദ്യാഭ്യാസ വിചക്ഷണനായിരുന്നു. അതിലൂടെ ദീപ്തമായ ഒരു സന്യാസ സമൂഹത്തിനാണ് അദ്ദേഹം അടിസ്ഥാനശിലകൾ പാകിയത്. ചാവറയച്ചൻ വലിയ ഭക്തനായിരുന്നു. പക്ഷെ അദ്ദേഹത്തിന് നാട്യങ്ങൾ ഒട്ടും ഇല്ലാ യിരുന്നു. ബൗദ്ധികമായി എന്നും ഉയർന്ന തലത്തിലായിരുന്നു അച്ചൻ, അതോടൊപ്പം വിനയാന്വിതനും ആയിരുന്നു. സമർത്ഥനായിരുന്നു, എളി

മയുടെ ആൾരൂപവുമായിരുന്നു. അദ്ദേഹത്തിന്റെ ശരീര ഭാഷ പോലും ഒരു പ്രധാനപുരോഹിതന്റേതായിരുന്നു എന്നു പറയാം.

ജീവന്റെ പുസ്തകത്തിലെ രേഖകൾ പ്രകാരം ചാവറയച്ചൻ ഏകദേശം 66 വയസു വരെ മാത്രമേ ജീവിച്ചുള്ളു. പക്ഷെ അദ്ദേഹത്തിന്റെ സംഭാവനകളുടെ മൂല്യം പരിശോധിച്ചാൽ, അദ്ദേഹം 66 വയസിനുള്ളിൽ നൂറു വർഷത്തെ നേട്ടങ്ങളെങ്കിലും തന്റെ സഭയ്ക്കും സമുദായത്തിനും നല്കിയിട്ടുണ്ട്! തികച്ചും യാഥാസ്ഥിതികമായ സമൂഹത്തിന്റെ അടിസ്ഥാന ഘടനയെ പരിഷ്കരിക്കുന്നതിന് സാർത്ഥകമായ ശ്രമങ്ങളാണ് ചാവറയച്ചൻ നടത്തിയത്. പിന്നീട് കേരളം കണ്ട പല സംരംഭങ്ങളുടെയും തുടക്കക്കാരനും ചാവറയച്ചനായിരുന്നു. അദ്ദേഹം ഒരേ സമയം ശക്തനായ എഴുത്തുകാരനും ഭാവനാകുബേരനായ ഒരു കവിയുമായിരുന്നു. ശ്രേഷ്ഠനായ പുരോഹിതനായിരുന്നു, പൂർണ്ണമായും സന്യാസിയുമായിരുന്നു. നിപുണനായ ഭരണാധിപനായിരുന്ന അച്ചൻ, ജന്മനാ നേതൃവാസനകൾ ഉണ്ടായിരുന്ന മികവുറ്റ പ്രഭാഷകനുമായിരുന്നു. ഇതിനെല്ലാമുപരി അദ്ദേഹം ഒരു തികഞ്ഞ മനുഷ്യസ്നേഹിയുമായിരുന്നു. തന്റെ കാലത്തിനു മുമ്പേ കടന്നുപോയ ഒരാൾ എന്ന് അദ്ദേഹത്തെ ചിലർ വിശേഷിപ്പിച്ചു കാണുന്നുണ്ട്. സമൂഹത്തിൽ അതിന്റെ നേതൃനിരയിലുള്ളവരുടെ ബോധ്യങ്ങൾക്കാണ് പ്രാധാന്യം. സമൂഹഘടനയെ പിടിച്ചുലയ്ക്കാനും പുതിയ ചട്ടക്കൂടിനുള്ളിൽ നൈതിക അടിത്തറമേൽ അതിനെ പുനഃപ്രതിഷ്ഠിക്കാനും അവർക്കു സാധിക്കണം. രാഷ്ട്രീയത്തിലും ഭരണത്തിലും, സമൂഹത്തിലും മതത്തിലും എല്ലാം ഇത് ഒരുപോലെയാണ്. യഥാർത്ഥ നേതാവിന് ഉറച്ച ബോധ്യങ്ങൾ ഉണ്ടായിരിക്കണം. ഭാവിയിലേയ്ക്ക് പ്രഖ്യാപിത ലക്ഷ്യങ്ങൾ വേണം. ഈ വിശേഷണങ്ങൾ എല്ലാം ചാവറയച്ചനിൽ ഒത്തു ചേർന്നിരുന്നു.

# 12. സാമൂഹിക പരിഷ്കർത്താവ്

ഒന്നര നൂറ്റാണ്ടു മുമ്പ് ജീവിച്ചു കടന്നുപോയ സാമൂഹിക പരിഷ്കർത്താവും നേതാവുമായിരുന്നു ചാവറയച്ചൻ. എന്നിട്ടും ഇന്നും അദ്ദേഹത്തിന്റെ നേതൃത്വ ശൈലി പ്രസക്തമാണ്. അതാണ് ചാവറയച്ചനെ വ്യത്യസ്തനാക്കുന്നത്, മഹാനാക്കുന്നത്, വിസ്മയമാക്കുന്നത്. സിഎംഐ സഭയുടെ പ്രഥമ പ്രയോർ ജനറലാണ് ചാവറയച്ചൻ. വലിയ പ്രിയോർ എന്നായിരുന്നു അദ്ദേഹം ജനങ്ങൾക്കിടയിൽ അറിയപ്പെട്ടിരുന്നത്. ഒരുപക്ഷേ ചാവറയച്ചനു മാത്രം ലഭിച്ച ബഹുമതിയുമായിരുന്നു ഇത്.

ചാവറ ചാവറ തന്നെയായിരുന്നു. സത്യമായും ഒരു ഇതിഹാസമായിരുന്നു ആ ജീവിതം. അദ്ദേഹം സമ്മാനിച്ച പൈതൃകം അതുല്യവും അതി വിശിഷ്ടവുമാണ്. മതത്തിന്റെയും ആദ്ധ്യാത്മികതയുടെയും മേഖലയിലെ അദ്ദേഹത്തിന്റെ സംഭാവനകൾ മാറ്റിനിർത്തിയാൽ പോലും വിദ്യാഭ്യാസം, അച്ചടി എന്നീ മേഖലകളിലെ അദ്ദേഹത്തിന്റെ പ്രേഷിത പ്രവർത്തനം അവിസ്മരണീയമാണ്. പ്രത്യേകിച്ച് പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിലും സ്ത്രീ ശാക്തീകരണത്തിലും ചാവറയച്ചൻ നല്കിയ സേവനങ്ങൾ കേരളം ഉള്ളിടത്തോളം കാലം ഓർമ്മിക്കുക തന്നെ ചെയ്യും. പുരുഷന്മാർക്കായി ഒരു സന്യാസ സഭ സ്ഥാപിച്ചപ്പോൾതന്നെ സ്ത്രീകൾക്കു വേണ്ടിയും അത്തരം ഒരു സഭ സ്ഥാപിക്കുന്നതിന്റെ സാധ്യതകളെ കുറിച്ചും ചാവറയച്ചൻ ചിന്തിച്ചിരുന്നു. അതാണ് പില്ക്കാലത്ത് രൂപം കൊണ്ട സിഎംസി സന്യാസിനി സമൂഹം. ആ സഭയും ഇതാ ഇപ്പോൾ ഒരു വിശുദ്ധയെ കൂടി സമ്മാനിച്ചിരിക്കുന്നു – എവുപ്രാസ്യാമ്മ. രണ്ടു കർമ്മലീത്ത സന്യാസ സഭാംഗങ്ങൾക്കും ഒരുപോലെ സന്തോഷിക്കാനുള്ള അവസരമാണ് ചാവറയച്ചനും എവുപ്രാസ്യാമ്മയും ഒന്നിച്ച് വിശുദ്ധരുടെ ഗണത്തിലേയ്ക്ക് ഫ്രാൻസീസ് മാർപാപ്പായാൽ പേരുവിളിക്കപ്പെടുന്ന മുഹൂർത്തം. ഒരുപക്ഷെ, മറ്റൊരു ഫ്രാൻസീസ് പ്രഭാവമെന്നും പറയാം. പെൺകുട്ടികളുടെ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിലൂടെ മാത്രമെ സമൂഹത്തെ രക്ഷിക്കാൻ സാധിക്കുകയുള്ളു എന്ന് ചാവറയച്ചൻ പൂർണമായി വിശ്വസിച്ചിരുന്നു.

കേരളം നൂറു ശതമാനം സാക്ഷരത നേടിയതിന്റെ ബഹുമതി കുറെയെങ്കിലും 19–ാം നൂറ്റാണ്ടിൽ ജീവിക്കുകയും ഗ്രാമങ്ങളിൽ സ്കൂളുകളും വിദ്യാഭ്യാസ സ്ഥാപനങ്ങളും സ്ഥാപിക്കുകയും ചെയ്ത ചാവറയച്ചനെ പോലുള്ള മാർഗ്ഗദർശികൾക്കു കൂടി അവകാശപ്പെട്ടതാണ്. ബഹുമതികളോ അവാർഡുകളോ മോഹിച്ചിട്ടല്ല, മറിച്ച് സാധാരണക്കാർക്ക് പ്രത്യേകിച്ച് യുവജനങ്ങൾക്കും ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഉന്നത വിദ്യാഭ്യാസം നല്കി അവരെ ഭാവിയുടെ വാഗ്ദാനങ്ങളാക്കി വളർത്തിക്കൊണ്ടു വരിക എന്നതായിരുന്നു ഇതിലൂടെ ചാവറയച്ചന്റെ ലക്ഷ്യം. ഉച്ചനീചത്വങ്ങൾ കൂടാതെ സാധാരണക്കാർക്കിടയിൽ വിദ്യാഭ്യാസം പ്രചരിപ്പിക്കുക എന്നതായിരുന്നു ചാവറയച്ചന്റെ വ്യക്തമായ കാര്യപരിപാടി. ജാതി ചിന്തകൾ അതിന്റെ പാരമ്യത്തിൽ നിന്ന ഒരു കാലഘട്ടത്തിലാണ് ഒരു കത്തോലിക്ക പുരോഹിതൻ ഇത്തരത്തിലൊരു സാഹസത്തിന് മുതിർന്നതെന്ന് ഓർക്കണം. പക്ഷെ ജാതി–മത സംബന്ധമായ വേർതിരിവുകളോ, സാമൂഹിക സാമ്പത്തിക ഉച്ചനീചത്വങ്ങളോ വിദ്യാഭ്യാസത്തിന്റെ കാര്യത്തിലുള്ള ചാവറയച്ചന്റെ നിശ്ചയദാർഢ്യത്തെ ദുർബലപ്പെടുത്തിയില്ല. ആദ്യകാലം മുതലേ, സിഎംഐ സഭ സ്കൂളുകളും അവയോടനുബന്ധിച്ച് മാന്നാനം, വാഴക്കുളം മുത്തോലി തുടങ്ങിയ സ്ഥലങ്ങളിൽ ബോർഡിങ്ങുകളും സ്ഥാപിച്ചിരുന്നു. ഈ സ്കൂളുകളിലെല്ലാം അക്കാലത്തെ ഏറ്റവും മികച്ച വിദ്യാഭ്യാസമാണ് നല്കിയിരുന്നത്. ഈ സ്കൂളുകളോടനുബന്ധിച്ച് പ്രവർത്തിച്ചിരുന്ന ബോർഡിങ്ങുകളും അച്ചടക്കത്തിന്റെയും പഠനത്തിന്റെയും മേഖലകളിൽ മുന്തിയ നിലവാരമാണ് പുലർത്തിയിരുന്നത് എന്നും അനുഭവസ്ഥർ സാക്ഷ്യപ്പെടുത്തുന്നു.

# 13. ശീശ്മയ്ക്കെതിരെ കുരിശുയുദ്ധം

കേരളത്തിലെ മാർത്തോമ്മാ ക്രിസ്ത്യാനികളുടെ വിശ്വാസ ചരിത്രത്തിലെ രണ്ടു കറുത്ത അധ്യായങ്ങളാണ് റോക്കോസ്, മേലൂസ് ശീശ്മകൾ. ഈ രണ്ടു ശീശ്മകൾക്കുമെതിരെ മലബാർ സഭയിൽ നടന്ന കുരിശുയുദ്ധത്തിനു നേതൃത്വം നല്കിയ സഭാസ്നേഹിയായിരുന്നു ചാവറയച്ചൻ. 1861 മെയ് 20–നായിരുന്നു കേരളത്തിലേയ്ക്കുള്ള റോക്കോസിന്റെ ആഗമനം. അതിന് കേരളത്തിലെ ചിലരുടെ ഒത്താശയും ഉണ്ടായിരുന്നു. റോക്കോസിന്റെ വരവ്, ഒരു കൊടുങ്കാറ്റിന്റെ ആരംഭമായിരുന്നു. റോക്കോസ് മെത്രാൻ കേരളത്തിൽ എത്തുന്നു എന്ന വിവിരം മെസപ്പൊട്ടോമിയയിലെ അന്നത്തെ അപ്പസ്തോലിക്ക ഡെലഗേറ്റ് യഥാസമയം വരാപ്പുഴയെ അറിയിച്ചിരുന്നു. പ്രതിരോധ നടപടി എന്ന നിലയിൽ പള്ളികളിൽ ഔദ്യോഗിക  കത്തുകൾ പ്രസിദ്ധീകരിച്ച് വരാപ്പുഴ മെത്രാപ്പോലീത്ത തന്റെ വിശ്വാസികളെ ജാഗരൂഗരാക്കി. കർമ്മലീത്താ സഭയുടെ പ്രിയോർ എന്ന നിലയിൽ ചാവറയച്ചനും റോക്കോസിനെ സ്വീകരിക്കരുതെന്ന് വിശ്വാസികളെ അറിയിച്ചിരുന്നു. പക്ഷെ വരാപ്പുഴയുടെ പ്രതീക്ഷയിൽ കവിഞ്ഞ സ്വീകരണമാണ് റോക്കോസിന് കൊച്ചിയിൽ ലഭിച്ചത്. ഇത് വരാപ്പുഴയെ വല്ലാതെ ആശങ്കയിലാഴ്ത്തി. അങ്ങനെയാണ് സുറിയാനിക്കാരുടെ പ്രീതി സമ്പാദിക്കുക എന്ന ലക്ഷ്യത്തോടെ 1861 ജൂൺ 8–ന് ചാവറയച്ചനെ വരാപ്പുഴ മെത്രാപ്പൊലീത്ത സുറിയാനിക്കാരുടെ വികാരി ജനറാളായി നിയമിച്ചത്. റോക്കോസിനു പിന്നിൽ സുറിയാനിക്കാർ അണിനിരന്നേക്കുമോ എന്ന ഭീതിയും ഈ തിരക്കിട്ട നിയമനത്തിനു പിന്നിൽ ഉണ്ടായിരുന്നു. എന്തായാലും സുറിയാനിക്കാർ റോക്കോസിനെ സ്വീകരിക്കണമോ എന്നും റോക്കോസിന് റോമിൽ നിന്ന് അധികാര പത്രം നല്കിയിട്ടുണ്ടോ എന്നും അന്വേഷിച്ചുകൊണ്ട്  അധികാരമേറ്റ് വൈകാതെ ജൂൺ 19 നു തന്നെ ചാവറയച്ചൻ റോമിലേയ്ക്ക് കത്ത് അയച്ചു. സെപ്തംബർ 5–ന്  പിയൂസ് ഒമ്പതാമൻ മാർപാപ്പ ചാവറയച്ചന് നല്കിയ മറുപടിയിൽ മലബാറിലേയക്ക് ഇങ്ങനെ ഒരു മെത്രാനെ അയക്കാൻ ബാഗ്ദാദിലെ പാത്രിയാർക്കീസിന് അധികാരമില്ലെന്നും തോമാ റോക്കോസ് അനധികൃതമായാണ് മലങ്കരയിൽ എത്തിയിരിക്കുന്നത്

എന്നും വിശദീകരണം ലഭിച്ചു. ഉടൻതന്നെ ചാവറയച്ചൻ ചേർത്തല ശങ്കുണ്ണി മേനോൻ പേഷ് കാർ മുമ്പാകെ റോക്കോസിനെതിരെ പരാതി നല്കി. പേഷ്കാരിന്റെ നിരോധനത്തെ തുടർന്ന് റോക്കോസ് കൊച്ചിക്കു വടക്കുള്ള പ്രദേശങ്ങളിലേയ്ക്കു നീങ്ങി.

ഇതിനിടെ ഒമ്പതാം പിയൂസിന്റെ നിർദ്ദേശമനുസരിച്ച് റോക്കോസിനെ തിരികെ വിളിക്കാൻ പാത്രിയാർക്കീസ് നിർബന്ധിതനായി. 1861 സെപ്തംബർ 7 – ന് പാത്രിയാർക്കീസ് റോക്കോസിനെ തിരികെ വിളിച്ചു. ഇതു സംബന്ധിച്ച് റോമിൽനിന്നുള്ള കത്ത് സെപ്തംബർ 5–ന് ബർണർദീനോസ് മെത്രാപ്പോലീത്തയ്ക്കും ലഭിച്ചിരുന്നു. എന്നാൽ കല്പന ലഭിച്ചിട്ടും മലങ്കര വിട്ടുപോകാൻ മാർ റോക്കോസ് കൂട്ടാക്കിയില്ല. ഒരു വിഭാഗം ജനങ്ങൾ നല്കിയ പിന്തുണയും അനധികൃതമെങ്കിലും മെത്രാൻ സ്ഥാനത്തിന്റെ അധികാരവും അദ്ദേഹത്തെ മത്തു പിടിപ്പിച്ചു. തന്മൂലം നവംബർ 30-ന് വരാപ്പുഴ മെത്രാപ്പോലീത്ത മഹറോൻ ചെല്ലി മാർ റോക്കോസിനെ സഭയ്ക്കു പുറത്താക്കി.

വികാരി ജനറാളായി സ്ഥാനമേറ്റ ഉടൻ തന്നെ തന്റെ സർവശക്തിയുമുപയോഗിച്ച് റോക്കോസ് ശീശ്മയെ ചാവറയച്ചൻ നേരിട്ടു. 1861 ഫെബ്രുവരിയിൽ റോക്കോസിനെ സ്വീകരിക്കാൻ പാടില്ല എന്ന പരസ്യം മാന്നാനത്തു നിന്ന് അച്ചടിച്ച് പ്രസിദ്ധീകരിക്കുകയും റോക്കോസിന്റെ അധികാര ബൂള പരിശോധിക്കാൻ പോവുകയും ചെയ്തു ചാവറയച്ചൻ. റോമിന്റെ അധികാരപത്രമില്ലാതെ എത്തിയ റോക്കോസിനെതിരെ ചാവറയച്ചനും കൂട്ടരും പള്ളികൾ തോറും നടന്ന് അതിശക്തമായ പ്രചാരണ പരിപാടികൾ നടത്തി.

സമൂഹത്തിൽ ചാവറയച്ചനുള്ള സ്വാധീനവും അദ്ദേഹം മാത്രമാണ് തന്റെ പ്രതിയോഗിയെന്നും മനസിലാക്കിയ റോക്കോസ് രഹസ്യത്തിൽ ആളെ വിട്ട് ചാവറയച്ചനെ വരുത്തി, തന്നോടൊപ്പം നിന്നാൽ മെത്രാനാക്കാമെന്ന് വാഗ്ദാനം നല്കി. അന്നത്തെ കാലത്ത് ലഭിക്കാമായിരുന്ന ഏറ്റവും വലിയ അംഗീകാരമായിരുന്നു മെത്രാൻ പദവി. പക്ഷെ, ചാവറയച്ചൻ പ്രലോഭനത്തിനു വഴങ്ങിയില്ല. പിന്നീട് പല വിധത്തിലുള്ള പീഡനങ്ങൾ നടന്നു. തൈക്കാട്ടുശേരി പള്ളിയിൽ ആസ്ഥാനം ഉറപ്പിച്ച റോക്കോസ് ചാവറയച്ചനെ പോലീസിനെ ഉപയോഗിച്ച് പിടിക്കാൻ

ശ്രമിച്ചു, പക്ഷെ അച്ചൻ തന്ത്രപൂർവം രക്ഷപ്പെട്ടു. ഇതിനിടെ എൽത്തുരുത്ത് ആശ്രമം പിടിച്ചെടുക്കാൻ റോക്കോസും കൂട്ടരും പദ്ധതിയിട്ടു. പക്ഷെ തൃശൂരിൽ നിന്ന് ജനങ്ങളെ സംഘടിപ്പിച്ച് ചാവറയച്ചൻ ആ പദ്ധതി പൊളിച്ചുകളഞ്ഞു. ഇതുപോലെ മാന്നാനം കൊവേന്ത പിടിച്ചെടുക്കാനും ശീശ്മ പക്ഷക്കാർക്ക് റോക്കോസ് നിർദ്ദേശം നല്കിയെങ്കിലും അതു നടന്നില്ല. ഒടുവിൽ റോക്കോസ് തന്ത്രം മാറ്റി. താൻ പ്രിയോരിന്റെ ആളാണ് എന്ന സർക്കുലർ എല്ലാ പള്ളികളിലേയ്ക്കും അയച്ചു കൊടുത്തു. സത്യം അറിയാതെ ജനം അമ്പരന്നു. കേരളത്തിലെ 154 പള്ളികളിൽ പ്രധാനപ്പെട്ട 89 ഇടവകകൾ പൂർണമായും 31 ഇടവകകൾ ഭാഗികമായും റോക്കോസ് പക്ഷത്തായി. ഇങ്ങനെ പോയാൽ സുറിയാനി സഭ റോമാ മാർപാപ്പയുടെ കീഴിൽനിന്നു വിട്ടുപോകുമെന്ന അവസ്ഥ വന്നു. ജനങ്ങളുടെ സഹകരണത്തോടെ നിർമ്മാണം നടന്നു വന്ന പല ആശ്രമങ്ങളുടെയും പണി മുടങ്ങി. കൂടാതെ ശീശ്മയിൽ പെട്ടവർ ചാവറയച്ചനെതിരെ പലതരം അപവാദങ്ങളും പറഞ്ഞു പരത്തി. കൊവേന്ത സംരക്ഷിക്കാൻ പോയാൽ സുറിയാനി സഭ റോമാ സഭയിൽ നിന്നു വെട്ടിമാറ്റപ്പെടും എന്നു മനസിലാക്കിയ ചാവറയച്ചൻ അനാരോഗ്യം തൃണവൽഗണിച്ച് ദൈവത്തിലാശ്രയിച്ച് കഠിനമായി അധ്വാനിച്ചു. റോക്കോസ് ശീശ്മയ്ക്കെതിരെ എല്ലാ ശക്തിയും സംഭരിച്ച് പോരാടി. അങ്ങനെ ഒടുവിൽ റോക്കോസ് പിന്മാറി. 1862 ൽ ബാഗ്ദാദിനു മടങ്ങി.

വിദഗ്ധമായ രീതിയിൽ റോക്കോസിനെ മലങ്കരയിൽ നിന്ന് കെട്ടുകെട്ടിക്കാൻ സഹായിച്ച തങ്ങളുടെ ചാവറയച്ചനെ സമുദായ പ്രതിനിധി എന്ന നിലയിൽ മെത്രാനാക്കുമെന്ന് കേരളത്തിലെ നിഷ്കളങ്കരായ സുറിയാനി കത്തോലിക്കർ ന്യായമായും വിശ്വസിച്ചുപോയി. പ്രശ്നം രൂക്ഷമായ ഘട്ടത്തിൽ അദ്ദേഹത്തെ മെത്രാനാക്കണമെന്നു ബർണർദീനോസ് മെത്രാപ്പോലീത്ത പോലും സഭാ നേതൃത്വത്തോട് ആവശ്യപ്പെട്ടിരുന്നു. (ഡോ. പ്ലാസിഡ് പൊടിപാറ – സീറോ മലബാർ ഹയരാക്കി, പേജ് 165 –166) അന്ന് അവരുടെ നോട്ടത്തിൽ ചാവറയച്ചൻ വളരെ വിവേകമതിയായിരുന്നു. എന്നാൽ റോക്കോസ് തിരികെ പോവുകയും പ്രശ്നം ഏതാണ്ട് കെട്ടടങ്ങുകയും ചെയ്പ്പോൾ അദ്ദേഹം വിദേശ മിഷനറിമാരുടെ ദൃഷ്ടിയിൽ സന്മാർഗ്ഗശാസ്ത്ര വിജ്ഞാനം ഇല്ലാത്തവനും ഭരണപാടവം ഇല്ലാത്തവനുമായി. തന്നെയുമല്ല 63 വയസും ആയിരിക്കുന്നു. അത് യൂറോപ്പി

ലെ സ്ഥിതിക്ക് 80 വയസിനു തുല്യമത്രെ. വാസ്തവത്തിൽ അദ്ദേഹത്തിന് അപ്പോൾ 60 വയസ് മാത്രമെ ഉണ്ടായിരുന്നുള്ളൂ. കർമ്മലീത്ത സഭയുടെ ആരംഭം മുതൽ അതിന്റെ പ്രിയോരായിരുന്ന, ശീശ്മയെ നേരിടുവാൻ നിയുക്തനായിത്തീർന്ന വൈദിക ശ്രേഷ്ഠനാണ് പാലം കടന്നപ്പോൾ ഭരണപാടവം ഇല്ലാത്തവനായി മാറിയത്. അന്ന് ചാവറയച്ചനെ മെത്രാനാക്കാൻ മിഷനറിമാർ അനുവദിച്ചിരുന്നെങ്കിൽ പിന്നീട് കേരളസഭയിൽ മേലൂസിന്റെ ആഗമനവും തുടർന്നുള്ള അന്ത:ഛിദ്രങ്ങളും ഒഴിവാക്കാമായിരുന്നു (ഡോ. കൂടപ്പുഴ, ഭാരതസഭാരിത്രം, പേജ് 415).

ചാവറയച്ചനെ മെത്രാനായി കാണാൻ ആഗ്രഹിച്ച സുറിയാനിക്കാർ നിരാശരായി. റോക്കോസ് പ്രശ്നം അവസാനിച്ചതോടെ വിദേശ മിഷനറിമാർ അവരുടെ പഴയ രീതികളിലേയ്ക്കു മടങ്ങി. അസ്വസ്ഥരായ മലബാർ ക്രിസ്ത്യാനികൾ വീണ്ടും ബാഗ്ദാദുമായി ബന്ധപ്പെട്ടു. അങ്ങനെയാണ് മാർ എലിയാ മേലൂസിനെ മലബാറിലേയ്ക്ക് അയച്ചത്. റോക്കോസ് പ്രശ്നത്തെക്കാൾ വലുതായിരുന്നു മേലൂസ് പ്രതിസന്ധി. പക്ഷെ അതിനെ നേരിടാൻ ചാവറയച്ചൻ ഉണ്ടായിരുന്നില്ല. സത്യത്തിൽ ഒരു വിഭാഗം മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ആവശ്യപ്രകാരമായിരുന്നു മേലൂസും റോക്കോസും കേരളത്തിൽ എത്തിയത്. അവർ അടക്കിഭരിക്കാൻ വന്നവരായിരുന്നില്ല. ആത്മീയ ചൈതന്യമുള്ള സന്യാസിമാരായിരുന്നു. മാർത്തോമ്മാ ക്രിസ്ത്യാനികളുടെ മേൽ അടിച്ചേൽപ്പിക്കപ്പെട്ട ഭരണത്തിൽ നിന്നു രക്ഷ നേടാനുള്ള ഒരു വെമ്പൽ മാത്രമായിരുന്നു റോക്കോസ്, മേലൂസ് സംഭവങ്ങൾ. എങ്കിലും ഇവ രണ്ടും മാർത്തോമ്മാ ക്രിസ്ത്യാനികൾക്ക് വലിയ സാധനാ പാഠമായിരുന്നു.

## 14. ധീരമായ ചുവടുവയ്പ്പുകൾ

ചാവറയച്ചന്റെ വിപ്ലവകരമായ ഒരു ചുവടുവയ്പ്പായിരുന്നു മാന്നാനത്തെ സംസ്കൃത വിദ്യാലയത്തിന്റെ സ്ഥാപനം. ആർഷഭാരത സംസ്കാരത്തിന്റെ പതാകാനൗകയായിരുന്ന സംസ്കൃത ഭാഷയോട് ചാവറയച്ചന് എന്നും ആദരവായിരുന്നു. മാന്നാനത്ത് ആശ്രമം തുടങ്ങി 15–ാം വർഷത്തിൽ 1846-ൽ മാന്നാനത്തെ പ്രഥമ വിദ്യാലയമായി സംസ്കൃത പാഠശാല തുടങ്ങിയപ്പോൾ പലരും നെറ്റി ചുളിച്ചു. ഇതിന്റെ നടത്തിപ്പിനായി തൃശൂരിൽ നിന്ന് മലയാളത്തിലും സംസ്കൃതത്തിലും ഒരുപോലെ സമർത്ഥനായിരുന്ന ഒരു വാര്യരെ കൊണ്ടുവന്ന് അധ്യാപകനായി നിയമിക്കുകയുണ്ടായി. നിർഭാഗ്യവശാൽ അത് ഏറെനാൾ തുടർന്നു കൊണ്ടു പോകാൻ അദ്ദേഹത്തിനു കഴിഞ്ഞതുമില്ല. അതിനു പല കാരണങ്ങളുമുണ്ടായിരുന്നു.

വരാപ്പുഴ വികാരിയാത്തിനു കീഴിലുള്ള മാർത്തോമ്മാ കത്തോലിക്ക വിശ്വാസ സമൂഹത്തിന്റെ വികാരി ജനറാളായി നിയമനം ലഭിച്ച ചാവറയച്ചൻ ആ പസ്തേന്തി (നിയമന ഉത്തരവ്) ഉപയോഗിച്ച് അദ്ദേഹത്തിന്റെ കീഴിലുള്ള എല്ലാ പള്ളികളോടുമനുബന്ധിച്ച് പള്ളിക്കൂടങ്ങൾ സ്ഥാപിക്കാൻ നിർദ്ദേശം നല്കി. പണമില്ല എന്ന് ചില ഇടവകയിൽ നിന്നു പരാതി പറഞ്ഞപ്പോൾ പള്ളിയിലെ സ്വർണ്ണക്കുരിശോ വെള്ളിക്കുരിശോ വിറ്റിട്ടാണെങ്കിലും അതിനു പണം കണ്ടെത്തണമെന്ന് നിർദ്ദേശം നല്കാൻ പോലും അദ്ദേഹം മടിച്ചില്ല. അത്രയ്ക്കും ധീരമായ ഒരു സംരംഭത്തിനായിരുന്നു വികാരി ജനറാൾ എന്ന നിലയിൽ തന്റെ അധികാര പരിധിക്കുള്ളിൽ ചാവറ ആരംഭം കുറിച്ചത്.

പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിൽ വളരെ വിവേകപൂർവമായ കാഴ്ച്ചപ്പാടായിരുന്നു ഫാ. ചാവറയ്ക്ക് ഉണ്ടായിരുന്നത്. സ്ത്രീകൾക്കു വേണ്ടിയുള്ള സന്യാസ സമൂഹം സ്ഥാപിതമാകുന്നതോടെ ഈ ഉത്തരവാദിത്വം അവരെ ഏല്പ്പിക്കുക എന്നതായിരുന്നു ചാവറയച്ചന്റെ ആശയം. അതായത് സമുദായത്തിലെ ആൺകുട്ടികളുടെ വിദ്യാഭ്യാസത്തിന്റെ ഉത്തരവാദിത്വം സിഎംഐ സഭ ഏറ്റെടുത്തതുപോലെ പെൺകുട്ടികളുടെ ഉന്നത വിദ്യാഭ്യാസത്തിന് സിഎംസി സഭ നേതൃത്വം

നല്കുക എന്ന ഉദാത്തമായ വീക്ഷണമായിരുന്നു ചാവറയച്ചന്റെത്. പില്ക്കാലത്ത് തങ്ങളുടെ സ്ഥാപകനായ ചാവറയച്ചന്റെ ഈ കാഴ്ച്ചപ്പാട് ഒരു ദൗത്യമായി തന്നെ സിഎംസി സമൂഹം ശിരസാ വഹിച്ചു. സഭയുടെ സ്കൂളുകളിലും മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലും മികച്ച നിലവാരമുള്ള വിദ്യാഭ്യാസം നല്കുക എന്നതായിരുന്നു ചാവറയച്ചന്റെ മുദ്രാവാക്യം.

# 15. ചാവറയച്ചന്റെ വിദ്യാഭ്യാസ ദർശനം

കേരളം കണ്ട ഉന്നതവും ഉദാത്തവുമായ വിദ്യാഭ്യാസ ദർശനമായിരുന്നു ചാവറയച്ചന്റേത്. അക്ഷരം അഗ്നിയാണെന്നും ഈ അഗ്നി ഉള്ളിലുള്ളവനു മാത്രമെ സമൂഹത്തെ മാറ്റാനും വളർത്താനുമുള്ള ഊർജ്ജം ഉണ്ടാകുകയുള്ളു എന്നും തിരിച്ചറിഞ്ഞതാണ് ചാവറയച്ചന്റെ മഹത്വം. ഒരു യുഗം കൊണ്ട് ചെയ്യാവുന്നതിലധികം കാര്യങ്ങൾ അദ്ദേഹം ഒരു പുരുഷായുസു കൊണ്ടു ചെയ്തു തീർത്തു.

''അറിവിലൂടെ അഭിവൃദ്ധി – വിദ്യാഭ്യാസത്തിലൂടെ വികസനം'' എന്നതായിരുന്നു ചാവറയച്ചന്റെ വീക്ഷണം. സമൂഹത്തിന്റെയും സമുദായത്തിന്റെയും പുരോഗതിക്ക് ആധുനിക വിദ്യാഭ്യാസം അത്യന്താപേക്ഷിതമാണെന്ന് ക്രാന്തദർശിയായ അദ്ദേഹം മനസിലാക്കി. വിദ്യാദാന ശുശ്രൂഷയിലെ പ്രവാചക വീക്ഷണം കൈമുതലായി കരുതിയ അത്യുദാത്തമായ ഒരു വിദ്യാഭ്യാസ ദർശനത്തിന്റെ ഉടമായായിരുന്നു ചാവറയച്ചൻ.

വിദ്യാഭ്യാസത്തെ സംബന്ധിച്ച് ഇന്ന് സഭയക്ക് വ്യക്തമായ കാഴ്ച്ചപ്പാടുണ്ട്. സഭ എവിടെ പ്രവർത്തനം തുടങ്ങിയാലും ആദ്യം ചെയ്യുന്നത് ആ മേഖലയിലെ കുട്ടികൾക്ക് വിദ്യാഭ്യാസ സൗകര്യങ്ങൾ ഒരുക്കുക എന്നതാണ്. മനുഷ്യർക്ക് സമഗ്രമായ വിമോചനവും ഉയർച്ചയും നല്കുക എന്നതാണ് ഇതിലൂടെ സഭയുടെ ദൗത്യം. വിമോചകനായ യേശുക്രിസ്തുവിന്റെ രക്ഷാകര ദൗത്യത്തിന്റെ തുടർച്ച തന്നെയാണ് ഇതും. വിദ്യാഭ്യാസം ഈ വിമോചനത്തിന്റെ അവശ്യമായ ഒരു ഘടകമായതിനാലാണ് സഭ വിദ്യാഭ്യസ പ്രേഷിതത്വത്തിന് ഇത്രയധികം പ്രാധാന്യം നല്കുന്നത്. വ്യക്തികളെയും, അതുവഴി സമൂഹത്തെയും രൂപാന്തരപ്പെടുത്തുവാൻ വിദ്യാഭ്യാസത്തിനേ സാധിക്കുകയുള്ളു. വ്യക്തിയെ പൂർണനാക്കുന്ന പ്രക്രിയയാണ് വിദ്യാഭ്യാസം. സഭാസ്നേഹിയായിരുന്ന ചാവറയച്ചന്റെ ലക്ഷ്യവും മറ്റൊന്നായിരുന്നില്ല.

വിദ്യാഭ്യാസത്തെ കുറിച്ച് ചാവറയച്ചന് വ്യക്തമായ വീക്ഷണം ഉണ്ടായിരുന്നു. രണ്ടാമത്തെ വെളിവ് പഠിത്തം ആകുന്നു. അതുകൊണ്ട്

തിരിച്ചറിവുണ്ടായാലുടൻ പൈതങ്ങളെ പള്ളിക്കൂടത്തിൽ അയക്കണം – എന്നതായിരുന്നു ആ കാഴ്ച്ചപ്പാട്. അതായത് വ്യക്തിയുടെ വികസന ത്തിനു വിദ്യാഭ്യാസം ആവശ്യമാണെന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു. കാരണം മനുഷ്യവ്യക്തി ഒറ്റപ്പെട്ട ദ്വീപല്ല, പ്രകൃതിയോടും സഹജീവി കളോടുമുള്ള ബന്ധത്തിലാണ് മനുഷ്യവ്യക്തിത്വം വികസിക്കുന്നത്. നീതിയിലും സത്യത്തിലും അധിഷ്ഠിതമായ ഒരു സമൂഹത്തിന്റെ നിർമിതിക്ക് വിദ്യാഭ്യാസം വഴിതെളിക്കണം. മനുഷ്യമഹത്വവും വ്യക്തി സ്വാതന്ത്ര്യവും ഉറപ്പുവരുത്തുന്ന ഒരു നവസമൂഹസൃഷ്ടിയെ വിദ്യാഭ്യാസത്തിലൂടെ ചാവറയച്ചൻ സ്വപ്നം കണ്ടിരുന്നു.

കുടിപ്പള്ളിക്കൂടങ്ങളുടെയും ആശാൻകളരികളുടെയും നാടായി രുന്നു അക്കാലത്തെ കേരളം. പാശ്ചാത്യ മിഷനറിമാരുടെ വരവോ ടെയാണ് കേരളത്തിലേയ്ക്ക് ഇംഗ്ലീഷ് വിദ്യാഭ്യാസം കടന്നു വരുന്നത്. ഏതാനും ഇംഗ്ലീഷ് സ്കൂളുകൾ പ്രൊട്ടസ്റ്റന്റ് മതവിഭാഗക്കാരുടേതായി പ്രവർത്തിച്ചിരുന്നെങ്കിലും അവിടെ കത്തോലിക്കാ കുട്ടികളെ അയക്കു ന്നതും ഇംഗ്ലീഷ് പഠിപ്പിക്കുന്നതും ആത്മനാശത്തിനു കാരണമാകും എന്നായിരുന്നു മാർത്തോമ്മാ ക്രിസ്ത്യാനികളെ ധരിപ്പിച്ചിരുന്നത്. അതു കൊണ്ട് വിദ്യാഭ്യാസം ലഭിക്കാതെ സുറിയാനി കത്തോലിക്കരായ ചെറു പ്പക്കാർ പാടത്തും പറമ്പിലും അടുക്കളയിലുമായി ഒതുങ്ങി കഴിഞ്ഞി രുന്നത് ചാവറയച്ചൻ കണ്ടു. കൃഷി കച്ചവടാദികളിൽ നിപുണരായിരു ന്നതിനാൽ അതു വിട്ട് ഒരു വഴിയെക്കുറിച്ച് അവർ ആലോചിച്ചിരുന്നു മില്ല. എന്നാൽ ഇംഗ്ലീഷ് വിദ്യാഭ്യാസം നേടിയവർക്കും സംസ്കൃതം പഠി ച്ചവർക്കും സമൂഹത്തിൽ സ്ഥാനവും സർക്കാർ ജോലിയും ലഭിച്ചിരുന്നു എന്ന് ചാവറയച്ചൻ മനസിലാക്കി. അങ്ങനെയാണ് വിദ്യയുടെ വെളിച്ചം തന്റെ സമുദായക്കാരുടെ ഇടയിൽ തെളിക്കാനുള്ള ശ്രമം അദ്ദേഹം ആരം ഭിച്ചത്. സുറിയാനി കത്തോലിക്കർക്ക് വിദ്യാഭ്യാസത്തിനുള്ള സൗകര്യം ഉണ്ടാക്കുക, അതുവഴി സമുദായത്തിലും സഭയിലും നവോത്ഥാനം സംജാതമാക്കുക അതായിരുന്നു ആ മനുഷ്യ സ്നേഹിയുടെ ലക്ഷ്യം.

വിദ്യാഭ്യാസ രംഗത്ത് പിന്നിൽ നിന്നിരുന്ന സമുദായത്തെ കൈ പിടിച്ചുയർത്താൻ അദ്ദേഹം പദ്ധതികൾ ആവിഷ്കരിച്ചത് 1861–ൽ വികാരി ജനറാളായി സ്ഥാനമേറ്റപ്പോഴാണ്. കേരളത്തിലെ കത്തോലിക്ക രുടെ വിദ്യാഭ്യാസ പുരോഗതിയുടെയും സാക്ഷരതയുടെയും മൂല

കാരണം ചാവറയച്ചൻ ബർണർദീനോസ് മെത്രാപ്പോലീത്തയെക്കൊണ്ട് പുറപ്പെടുവിച്ച ഒരു സർക്കുലറാണ്. ഇടവകകൾ തോറും വിദ്യാലയങ്ങൾ സ്ഥാപിക്കണമെന്നും അല്ലാത്തപക്ഷം മുടക്ക് കല്പിക്കുമെന്നും താക്കീത് നല്കിക്കൊണ്ടുള്ള ആ സർക്കുലർ തയാറാക്കിയത് ചാവറയച്ചനും അതിൽ ഔദ്യോഗിക മുദ്ര വച്ചത് ബർണർദീനോസ് മെത്രാപ്പോലീത്തയും ആയിരുന്നു. നിർദ്ദേശം പാലിക്കാത്ത പള്ളികൾ അടച്ചിടുമെന്നു പോലും കല്പിച്ചത് കേരളത്തിന്റെ വൈജ്ഞാനിക മണ്ഡലത്തിൽ വിപ്ലവം സൃഷ്ടിക്കാനുള്ള ഒരുക്കമായിരുന്നു. അങ്ങനെയാണ് പള്ളികളോടു ചേർന്നുള്ള പള്ളിക്കൂടങ്ങൾ കേരളത്തിന്റെ വിദ്യാഭ്യാസ രംഗത്ത് സജീവസാന്നിധ്യമായത്. 150 വർഷം മുമ്പ് സഭയുടെ സ്കൂളുകളിൽ സൗജന്യ ഉച്ചക്കഞ്ഞി വിതരണം നടത്തിക്കൊണ്ട് ചാവറയച്ചൻ കാണിച്ച മാതൃക ഇന്ന് സംസ്ഥാനം ഔദ്യോഗികമായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. മഹാമനസ്കരായ പല ഉദാരമതികളുടെയും സഹായ സഹകരണം കൊണ്ടാണ് അദ്ദേഹം അന്ന് ഇത്തരം സുസ്ഥിര ഉപവി പ്രവർത്തനങ്ങൾ നടത്തിയത്.

മനുഷ്യ ജീവിതത്തിന് യഥാർത്ഥ സംതൃപ്തി തരുന്ന ഗുണങ്ങളാണ് മൂല്യങ്ങൾ. അവ ജീവിതങ്ങളെ ശ്രേഷ്ഠമാക്കുന്നു. അതുകൊണ്ടാണ് വിദ്യാഭ്യാസം മൂല്യാധിഷ്ഠിതമാകണമെന്നു പറയുന്നത്. ചാവറയച്ചനെ സംബന്ധിച്ചിടത്തോളം മതമൂല്യങ്ങളെ മാറ്റി നിർത്തിക്കൊണ്ടുള്ള വിദ്യാഭ്യാസം അർത്ഥ ശൂന്യമാണ്. ദൈവത്തെ പിതാവായി കാണാൻ കഴിയുമ്പോൾ മാത്രമെ സമത്വവും സാഹോദര്യവും ഉണ്ടാകൂ എന്ന് ചാവറയച്ചൻ അടിവരയിട്ടു പറയുന്നുണ്ട്. സ്വഭാവശുദ്ധിയുള്ള മനസും ഹൃദയവും ഉള്ള വ്യക്തികളെ രൂപപ്പെടുത്തുകയാണ് വിദ്യാഭ്യാസം ലക്ഷ്യം വയ്ക്കേണ്ടത്. സിഎംഐ, സിഎംസി സന്യാസ സമൂഹങ്ങൾ നടത്തുന്ന വിദ്യാഭ്യാസ പ്രേഷിത പ്രവർത്തനങ്ങൾ, അദ്ദേഹത്തിന്റെ ഈ ദർശനങ്ങളുടെ തുടർച്ചയാണ്. കേരളം ഇന്ന് വിദ്യാഭ്യാസ മേഖലയിൽ കൈവരിച്ചിട്ടുള്ള നേട്ടങ്ങൾക്കു കാരണം ഈ രണ്ടു സന്യാസസഭകളും നടത്തിയ ത്യാഗോജ്വലമായ സേവനങ്ങൾ കൂടിയാണ് എന്ന വസ്തുത നന്ദിയോടെ ഇവിടുത്തെ പൊതു സമൂഹം ഓർക്കേണ്ടതുണ്ട്.

# 16. ചാവറയച്ചന്റെ ആത്മീയ ദർശനം

സ്വജീവിതം മുഴുവൻ ദൈവജ്ഞാനം പകർന്നു നല്കുവാൻ സ്വയം പാഠപുസ്തകമായി മാറിയ ജ്ഞാനതാപസനായിരുന്നു ചാവറയച്ചൻ. സ്വജീവിതമായിരുന്നു അദ്ദേഹത്തിന്റെ ദർശനം. അതാകട്ടെ പിൻ തല മുറകൾ നെഞ്ചേറ്റുകയും അതിലൂടെ കാലാതിവർത്തിയാവുകയും ചെയ്ത യുഗപുരുഷനാണ് ചാവറയച്ചൻ.

ദൈവത്തെ ഓരോ വ്യക്തിയും അറിയുന്നതും അനുഭവിക്കുന്നതും ഓരോ വിധത്തിലാണ്. ദൈവാനുഭവം ഒരു ഒരു മാനുഷിക പ്രവൃത്തി മാത്രമല്ല. ദൈവികദാനംകൂടിയാണ്. ആ ദാനം സ്വീകരിക്കുന്ന വ്യക്തിയുടെ പ്രത്യേകതയും ഒരുക്കവുമനുസരിച്ച് ആ അനുഭവം വ്യത്യാസപ്പെ ട്ടിരിക്കും. വിശുദ്ധ വേദപുസ്തകത്തിൽ പ്രതിപാദിക്കുന്ന പൂർവ പിതാക്കന്മാരിലും പ്രവാചകരിലും രാജാക്കന്മാരിലും, അപ്പോസ്തോല ന്മാരിലും ഈ യാഥാർത്ഥ്യം നാം ദർശിക്കുന്നുണ്ട്.

ചാവറയച്ചന്റെ ആത്മീയാനുഭവത്തെ വിശകലനം ചെയ്താൽ അതിൽ മുഖ്യമായി മൂന്ന് ദർശനധാരകൾ കാണാം - ദൈവദർശനം, ആത്മദർശനം, സ്നേഹദർശനം. ആഴത്തിൽ വിശകലനം ചെയ്യുമ്പോൾ ഇവ മൂന്നും പരസ്പര പൂരകങ്ങളാണെന്നും കാണാവുന്നതാണ്.

ചാവറയച്ചന്റെ ദൈവദർശനത്തിലെ ഏറ്റവും അടിസ്ഥാന ഘടകം ദൈവം തന്റെ പിതാവാണെന്ന ബോധ്യവും അനുഭവവുമാണ്. അതി ലെ ഏറ്റവും ഊഷ്മളമായ ഭാവം ദൈവം തന്റെ പിതാവാണ് എന്നുള്ള താണ്. അദ്ദേഹത്തിന്റെ വീക്ഷണത്തിൽ ദൈവം തന്റെ പിതാവായിരിക്കുന്ന തിന്റെ കാരണം അവിടുന്ന് തന്റെ സ്രഷ്ടാവാണ് എന്നതത്രെ. ഇതിലും ഉന്നതനായ ഒരു പിതാവിനെ ഇനി തനിക്കു കിട്ടാനുണ്ടോ! ചാവറയച്ചന്റെ ആത്മദർശനം ഉരുത്തിരിയുന്നത് ഈ ദൈവ ദർശനത്തിൽ നിന്നാണ്. ദൈവദർശനം അതിന്റെ സമ്പൂർണതയിൽ സിദ്ധമാകുമ്പോൾ അവശ്യം ഉണ്ടാകുന്ന മറ്റൊരു ദർശനമാണ് ആത്മദർശനം. ദൈവ തിരുമുമ്പിൽ താൻ ആരായിരിക്കുന്നു, എന്തായിരിക്കുന്നു, എങ്ങനെയായിരിക്കുന്നു എന്നത് ദൈവ ദർശനത്തിൽ നിന്ന് ഉരുത്തിരിയുന്ന അനുഭവമാണ്.

ചാവറയച്ചനിൽ നിറഞ്ഞു നില്ക്കുന്ന  ഈ അനുഭവം താൻ ദൈവപിതാവിന്റെ മകനാണ് എന്നുള്ളതാണ്.

ദൈവം തന്റെ പിതാവാണെങ്കിൽ തന്നെ പോലെ ദൈവം സൃഷ്ടിച്ച എല്ലാവരുടെയും പിതാവാണ് അവിടുന്ന്. അപ്പോൾ എല്ലാവരും അവിടുത്തെ മക്കളാണ്. അതിനാൽ അവരെല്ലാം തന്റെ കൂടപ്പിറപ്പുകളും സഹോദരങ്ങളുമാണ്. ഇതായിരുന്നു  ചാവറയച്ചനിൽ രൂഢമൂലമായിരുന്ന ഉൾക്കാഴ്ച്ച. ഇതാണ് അദ്ദേഹത്തിന്റെ സ്നേഹദർശനം. സ്വജന്മത്തിന്റെ മഹനീയതയും, കർമത്തിന്റെ പ്രേരണയും, ജീവിതത്തിന്റെ അർത്ഥവും എന്തിലാണ് നാം കണ്ടെത്തേണ്ടത് എന്നതിന് ഉത്തമ ഉദാഹരണമാണ് ചാവറയുടെ ദൈവ–മനുഷ്യ–ആത്മ ദർശനം. ദൈവകുടുംബത്തിൽ അംഗമായിരിക്കുന്നു  എന്നതിലധികമായി എന്തു കുടുംബമഹിമയാണ് ഒരുവന് ലഭിക്കാനുള്ളത്? സ്വസഹോദരങ്ങളുടെ ആത്മരക്ഷയ്ക്കായി അധ്വാനിക്കുന്നതിനെക്കാൾ ശ്രേഷ്ഠമായ എന്തു ശുശ്രൂഷയാണ് ഒരാൾക്കു നിർവഹിക്കാനുള്ളത്? ദൈവ പുത്രനെന്ന സ്ഥാനത്തെക്കാൾ ഔന്നത്യമുള്ള, സൗഭാഗ്യമുള്ള, ശ്രേഷ്ഠതയുള്ള മറ്റൊന്ന് ഈ ലോകജീവിതത്തിലോ പരലോക ജീവിതത്തിലോ ഇല്ല എന്ന സത്യത്തെ അംഗീകരിക്കുവാൻ  ചാവറയുടെ ദൈവ ദർശനം നമ്മെ നിർബന്ധിക്കുന്നു. എല്ലാവരും ദൈവമക്കൾ എന്ന വിശ്വസാഹോദര്യത്തിന്റെ അനുഭവത്തിൽ ജീവിക്കുവാനും അതിലൂടെ ദൈവരാജ്യം ഭൂമിയിൽ സംസ്ഥാപിക്കുവാനും കഴിഞ്ഞ  ചാവറയച്ചന്റെ ദർശന ധാരകൾ കൈരളിയുടെ പരിമിതമായ സ്ഥലകാലങ്ങളെ ഉല്ലംഘിക്കുന്ന വരപ്രസാദമാണ്. കാലം അത് ഏറ്റു പറയുന്നു.

സഭയെക്കുറിച്ചുള്ള ചാവറയച്ചന്റെ കാഴ്ച്ചപ്പാടിലെ ഉദാത്തമായ ദർശനധാരയാണ് സഭയുടെ വിശുദ്ധി. വിശുദ്ധപള്ളി എന്നാണ് അദ്ദേഹം സഭയെ അഭിസംബോധന ചെയ്യുന്നതു പോലും. സഭയിൽ നിന്ന് അകന്നു പോയവരുടെ തിരിച്ചുവരവിനെ കുറിച്ച് പറയുമ്പോൾ ''വിശുദ്ധപള്ളിയുടെ  മടിയിലേയ്ക്കുള്ള തിരിച്ചു വരവ്'' എന്ന പ്രയോഗമാണ് അദ്ദേഹം ഉപയോഗിക്കുന്നത്. സഭയെ ഒരു കുടുംബമായി അദ്ദേഹം വീക്ഷിച്ചിരുന്നതായി കാണാം. വിശ്വാസികളുടെ സമൂഹത്തെ അദ്ദേഹം അഭിസംബോധന ചെയ്യുന്നത് സ്നേഹിക്കപ്പെട്ട കൂടപ്പിറപ്പുകളേ എന്നാണ്. രക്തബന്ധിയായ സഹോദരങ്ങൾ എന്ന

സങ്കല്പമാണ് ഇതു ദ്യോതിപ്പിക്കുന്നത്. ഇപ്രകാരം സഭാംഗങ്ങളെ കാണാൻ അദ്ദേഹത്തെ പ്രേരിപ്പിക്കുന്നത് തീർച്ചയായും അദ്ദേഹത്തിന്റെ ആബാ അനുഭവമാണ്. സഭയെക്കുറിച്ചുള്ള ചാവറയച്ചന്റെ വീക്ഷണം ഉദാത്തവും വിശുദ്ധഗ്രാന്ഥാധിഷ്ഠിതവും ആധികാരികവുമാണെന്നാണ് അദ്ദേഹത്തെ വായിക്കുമ്പോൾ മനസിലാകുന്നത്. അദ്ദേഹം പറഞ്ഞു വച്ചവയത്രയും പില്ക്കാലത്ത് സഭയുടെ ഔദ്യോഗിക പഠനങ്ങളോടും നിലപാടുകളോടും ചേർന്നു പോകുന്ന ദർശനങ്ങലുടെ നാളേയ്ക്കുള്ള പ്രചോദനങ്ങളുമാകുന്നു. അതായത് പാലസ്തീനായിലെ കർമ്മല മല യുടെ ചൈതന്യ സ്രോതസായിരുന്ന ഏലിയാ പ്രവാചകന്റെ ഇരട്ടി തീക്ഷ്ണതയായിരുന്നു ചാവറയച്ചന്.

# 17. സ്ത്രീ ശാക്തീകരണം

സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങളുടെ യുഗത്തിലാണ് നാം ഇന്ന് ജീവിക്കുന്നത്. സ്ത്രീ ശാക്തീകരണത്തിന്റെ പ്രവാചകനും പ്രോദ്ഘാടക നുമായിരുന്നു ചാവറയച്ചൻ. വിദ്യാഭ്യാസത്തിലൂടെ പ്രാന്തവത്ക്കരിക്ക പ്പെട്ടവരുടെയും സ്ത്രീകളുടെയും ശാക്തീകരണം ചാവറയച്ചന്റെ ജീവിത ദർശനമായിരുന്നു. സ്ത്രീകളെക്കുറിച്ച് മഹത്തായ ഒരു കാഴ്ച്ചപ്പാടായി രുന്നു അദ്ദേഹത്തിന് ഉണ്ടായിരുന്നത്. കുടുംബത്തിന്റെ വിളക്ക്, കുഞ്ഞു ങ്ങൾക്ക് രൂപം നല്കുന്നവൾ തുടങ്ങിയ ഉദാത്തമായ വീക്ഷണമായി രുന്നു അത്. ചാവറയച്ചന്റെ ദർശനത്തിൽ സ്ത്രീ മോശമായാൽ സമൂഹം തന്നെ നാശമടയും. പെൺപൈതങ്ങളെക്കുറിച്ചും അവരുടെ പരിശീ ലനത്തെക്കുറിച്ചും അദ്ദേഹത്തിന് ഒരു സ്വപ്നമുണ്ടായിരുന്നു. സ്വർഗ്ഗ ത്തിന്റെ പ്രതീകമായി ക്രൈസ്തവ കുടുംബങ്ങളെ കണ്ട ചാവറയച്ചൻ കുടുംബങ്ങളിൽ സമാധാനവും സന്തോഷവും നിലനിറുത്തേണ്ടതിന്റെ ഉത്തരവാദിത്വം സ്ത്രീകൾക്കാണ് നല്കിയത്. സ്നേഹം നിറഞ്ഞ സ്ത്രീക്ക് സ്നേഹം പകർന്നു നല്കാൻ മാത്രമല്ല, ആ സ്നേഹത്തിൽ എല്ലാവരെയും ഐക്യപ്പെടുത്തുവാനും സാധിക്കും. വസ്ത്രധാരണ ത്തിലും പെരുമാറ്റത്തിലും സ്ത്രീ അടക്കം പാലിക്കേണ്ടത് ആവശ്യമാ ണെന്ന് അദ്ദേഹം കരുതിയിരുന്നു. കൊച്ചു പെൺകുഞ്ഞുങ്ങളെപോലും ഉടുപ്പ് ധരിപ്പിക്കാതെ നടത്തരുത് എന്ന് അനുശാസിച്ച ചാവറയച്ചന്റെ വീക്ഷണത്തിൽ നിന്ന് നമ്മുടെ കുടുംബങ്ങൾ ഇന്ന് എത്രയോ അകന്നു പോയി. ദൈവഭയം, ക്ഷമ, സൗമ്യത തുടങ്ങിയ സ്വഭാവ ഗു വിളങ്ങേണ്ടത് എന്നും ഇവയൊക്കെയാണ് അവളുടെ യഥാർത്ഥ സമ്പാദ്യവും ആഭരണവും എന്നും ചാവറയച്ചൻ വിശ്വസിച്ചു. ദാനധർമ്മം പ്രോത്സാഹിപ്പിക്കേണ്ടത് അത്യന്താപേക്ഷിതമാണെന്ന് ഉത്ബോധിപ്പിച്ച ചാവറയച്ചൻ അതിന്റെ ചുമതല ഏല്പ്പിച്ചതും സ്ത്രീകളെയാണ്. മക്കളിലും ഭർത്താക്കന്മാരിലും ഈ ശീലം വളർത്തേ ണ്ടതു വീട്ടമ്മമാരാണെന്നും അദ്ദേഹം മനസിലാക്കി.

ജീവിച്ചിരുന്നത് 19–ാം നൂറ്റാണ്ടിലായിരുന്നു എങ്കിലും പെൺകുട്ടി കൾക്ക് സ്വാതന്ത്ര്യം നല്കണം എന്ന നവീന സിദ്ധാന്തക്കാരനായിരുന്നു

ചാവറയച്ചൻ. പെൺകുട്ടികൾക്ക് 14–16 വയസ് പ്രായമാകുമ്പോൾ ത്തന്നെ ഭാവിയെക്കുറിച്ചുള്ള ആശയങ്ങൾ അവരിൽ രൂപപ്പെടണം. സ്വന്തം വഴികൾ അവർ തെരഞ്ഞെടുക്കണം. വികസിത രാജ്യങ്ങൾ പോലും സ്ത്രീ ശാക്തീകരണത്തെക്കുറിച്ച് ചിന്തിക്കുക പോലും ചെയ്യാത്ത കാലത്ത് സ്ത്രീകളുടെ ഉന്നമനത്തിനായി ചാവറയച്ചൻ സജീവ മായി രംഗത്തിറങ്ങി. അങ്ങനെയാണ് സമർപ്പിതരാകാൻ ആഗ്രഹിക്കുന്ന സ്ത്രീകൾക്കായി കർമ്മല സന്യാസിനി സമൂഹം (സിഎംസി) കേരളത്തിൽ സ്ഥാപിതമാകുന്നത്. ആൺകുട്ടികൾക്കായി സിഎംഐ സഭ ചെയ്യുന്ന വിദ്യാഭ്യാസ പ്രവർത്തനങ്ങൾ പെൺകുട്ടികൾക്കായി സിഎംസി സന്യാ സിനികൾ ഏറ്റെടുക്കണം എന്നായിരുന്നു ചാവറയച്ചന്റെ ആഗ്രഹം. ആ ദൗത്യം പൂർണ ഉത്തരവാദിത്വത്തോടെ ചാവറയച്ചൻ വിഭാവനം ചെ യ്തതിലും ഭംഗിയായി ആ സന്യാസിനി സഭ നിർവഹിക്കുന്നു എന്നത് ചാരിതാർത്ഥ്യജനകമാണ്.

കാലത്തിന്റെ ചുവരെഴുത്തുകൾക്കനുസരിച്ച് കേരളത്തിലെ സ്ത്രീ സമൂഹം മാറണമെങ്കിൽ അവരെ വിദ്യാഭ്യാസം കൊണ്ട് ശാക്തീകരിച്ചാൽ മാത്രമേ സാധിക്കുകയുള്ളു എന്ന് സാമൂഹ്യ ചിന്തകൻകൂടിയായ ചാവറയച്ചൻ ദീർഘദർശനം ചെയ്തിരുന്നു. പുരുഷനൊപ്പം തുല്യയായി സ്ത്രീയെ കാണാൻ സാധിക്കാതിരുന്ന പത്തൊമ്പതാം നൂറ്റാണ്ടിന്റെ മത–സാമൂഹിക–സാംസ്കാരിക പശ്ചാത്തലത്തിൽ ഒരു പുരുഷൻ, അതും ഒരു കത്തോലിക്ക പുരോഹിതൻ, സന്യാസി, സ്ത്രീസമുദ്ധാരണ ത്തിനായി സ്ത്രീകളുടെ സഹകരണത്തോടെ കർമ്മപദ്ധതികളുമായി ഇറങ്ങിത്തിരിക്കുക എന്നത് അചിന്ത്യമായ കാര്യമായിരുന്നു. ആദ്ധ്യാ ത്മികവും ഭൗതികവുമായ തലങ്ങളിൽ, വൈവിധ്യമാർന്ന മേഖലകളിൽ വിശ്വാസ രൂപീകരണം, വിദ്യാഭ്യാസം, തൊഴിൽ അഭ്യസനം എന്നിവയി ലൂടെ സ്ത്രീ സമുദ്ധാരണ–ശാക്തീകരണ പ്രവർത്തനങ്ങൾക്ക് അദ്ദേഹം തുടക്കം കുറിച്ചു. സ്ത്രീകൾക്കായി കേരളത്തിൽ ഇദംപ്രഥമമായി മഠവും അതോടനുബന്ധിച്ച് പെൺകുട്ടികൾക്ക് ബോർഡിങ് സ്കൂളും അദ്ദേഹം ആരംഭിച്ചു. 1866 ഫെബ്രുവരി 13–ന് കൂനമ്മാവിൽ സ്ത്രീകളുടെ ആദ്യ സന്യാസനീ ഭവനം സ്ഥാപിക്കുമ്പോൾ അദ്ദേഹത്തിനൊപ്പം ആശയരൂപീ കരണത്തിലും കാര്യനിർവ്വഹണത്തിലും ഇറ്റാലിയൻ വൈദികനായ ലെയോപോൾഡ് ബെക്കാറോയും ഉണ്ടായിരുന്നു.

കന്യാസ്ത്രീ മഠത്തിന്റെ ആരംഭത്തോടെ, ആത്മീയമായി മാത്രമല്ല ഭൗതികമായും സാംസ്കാരികമായും സാമ്പത്തികമായും ഒരു സ്ത്രീ സമൂഹത്തെ രൂപപ്പെടുത്താൻ പെൺകുട്ടികൾക്കു വിദ്യാഭ്യാസവും പരിശീലനവും നല്കാൻ ഗുരുകുല മാതൃകയിൽ മഠത്തിന്റെ പശ്ചാത്തലത്തിൽ തന്നെ രൂപം കൊടുത്തതാണ് ബോർഡിങ്ങ് സകൂൾ. ആത്മീയ കാര്യങ്ങളിൽ ആഴപ്പെടുന്നതിനും എഴുത്തും വായനയും പഠിപ്പിക്കുന്നതിനും കരകൗശല വേലകൾ, തുന്നൽ, ജപമാല നിർമ്മാണം തുടങ്ങിയ മേഖലകളിലും ബോർഡിങ്ങിലെ പെൺകുട്ടികൾക്കു പരിശീലനം നല്കിയിരുന്നു. ഈ പരിശീലനത്തിലൂടെ എല്ലാവരേയും കന്യാസ്ത്രീകളാക്കാൻ ആയിരുന്നില്ല ചാവറയച്ചൻ ആഗ്രഹിച്ചത്. മറിച്ച് വിശ്വാസ ചൈതന്യമുള്ള, സമഗ്രവ്യക്തിത്വമുള്ള കുടുംബിനികളെ രൂപപ്പെടുത്തുക എന്നതും അദ്ദേഹത്തിന്റെ ലക്ഷ്യമായിരുന്നു. സ്വയം സമ്പാദ്യ പദ്ധതി എന്ന കാഴ്ച്ചപ്പാടിലായിരുന്നു ബോർഡിങ്ങിലെ  പെൺകുട്ടികൾക്കും മഠത്തിന്റെ അയൽവീടുകളിലെ കുടുംബിനികൾക്കുമായി കൈവേലകൾ അഭ്യസിപ്പിച്ചിരുന്നത്. വീട്ടിലിരുന്നു ചെയ്യാവുന്ന ഈ തൊഴിലുകൾ കാലാന്തരത്തിൽ കൂനമ്മാവിലും  പരിസരങ്ങളിലും സ്ത്രീകൾക്ക്  വലിയ വരുമാനമാർഗ്ഗമായി എന്നതു ചരിത്രം. ഇന്ന് കൊട്ടിഘോഷിച്ചു നടപ്പാക്കിവരുന്ന സ്ത്രീകളുടെ സ്വാശ്രയ സംഘങ്ങൾ, മൈക്രോ ഫിനാൻസിംങ് തുടങ്ങിയ ആശയങ്ങൾ ഒരു നൂറ്റാണ്ടു മുമ്പേ ചാവറയച്ചൻ കൂനമ്മാവിൽ വിഭാവനം ചെയ്തതാണ് എന്ന് ഓർക്കുക.

എല്ലാ വിഭാഗങ്ങളിലും പെട്ട പെൺകുട്ടികളെയും സ്കൂളിൽ എത്തിക്കാനും വിദ്യാഭ്യാസം വഴി അവരെ സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരാനും ചാവറയച്ചൻ ഉത്സാഹിച്ചു.  ഭക്ഷണവും വസ്ത്രവും മാത്രമല്ല പുസ്തകവും പെൻസിലും പോലും നല്കി അദ്ദേഹം അവരെ വിദ്യാഭ്യാസത്തിനു പ്രോത്സാഹിപ്പിച്ചു. ഇന്ന് സ്കൂളുകളിൽ നടപ്പാക്കുന്ന ഉച്ചക്കഞ്ഞി, സൗജന്യയൂണിഫോം, പഠനോപകരണവിതരണം തുടങ്ങിയ സാമൂഹ്യസേവനങ്ങളുടെ ആദ്യമാതൃകയായിരുന്നു ചാവറയച്ചന്റെ ഈ നടപടികൾ.

ചാവറയച്ചന്റെ ചിന്താസരണിയിലും ആത്മീയ മണ്ഡലത്തിലും ശക്തമായ സ്വാധീനം ചെലുത്തിയ വ്യക്തിയാണ് ആവിലായിലെ വിശുദ്ധ അമ്മ ത്രേസ്യ. പാശ്ചാത്യ ലോകത്ത് തന്റെ ജീവിതം കൊണ്ടും രചനകൾ

കൊണ്ടും നവോത്ഥാനത്തിന്റെ കാഹളം മുഴക്കിയ, തിരുസഭയുടെ ചരിത്രത്തിലെ ഈ ആദ്യ വേദപാരംഗതയെയാണ് ചാവറയച്ചൻ കേരളത്തിലെ സ്ത്രീ സമൂഹത്തിനു മുമ്പിൽ ഉത്തമ മാതൃകയായി എടുത്തു കാണിച്ചത്.

ആത്മീയതയിൽ അടിയുറച്ച സ്നേഹ ഭാവത്തിന്റെ മഹാശക്തി ചാവറയച്ചന്റെ കൈവശം ഉണ്ടായിരുന്നു. ഈ സിദ്ധിയെയാണ് നാം ശാക്തീകരണം എന്നു വിളിക്കുക. സ്വയം ശക്തിപ്പെടാനും മറ്റുള്ളവരെ രക്ഷിക്കാനുമുള്ള കരുതലിന്റെ വിശിഷ്ടബലം. തിന്മയുടെ ശക്തികളാകുന്ന വൻ നാശങ്ങളെ പ്രതിരോധിച്ച് കുടുംബങ്ങളെയും സമൂഹത്തെയും കാത്തു സൂക്ഷിക്കുന്ന രക്ഷാമാർഗ്ഗമായി നിലകൊള്ളേണ്ടത് സ്ത്രീകളിലെ വിശ്വ സ്നേഹം തന്നെയാണ്. അതാണ് ഈ കാലഘട്ടത്തിലെ യഥാർത്ഥ സ്ത്രീ ശാക്തീകരണവും. ഇതായിരുന്നു ചാവറയച്ചന്റെ സ്ത്രീ ശാക്തീകരണത്തിന്റെ അന്തർധാരയും.

# 18. ദളിത് വിമോചനം

സമൂഹത്തിലെ നിമ്ന ശ്രേണിയിൽപ്പെട്ടവരുടെ വിമോചനത്തിനായി ചാവറയച്ചൻ വളരെ യത്നിച്ചു. വെറും സാമ്പത്തികസഹായം കൊണ്ടു മാത്രം പിന്നോക്ക സമുദായക്കാരുടെ ശോച്യാവസ്ഥ പരിഹൃതമാകില്ല എന്ന് അദ്ദേഹം മനസിലാക്കി. സാക്ഷരതയും സംസ്കാരവും ഉണ്ടായാലേ ചവിട്ടി മെതിക്കപ്പെട്ട അവരുടെ മനുഷ്യത്വത്തെ ഉയർത്തിക്കൊണ്ടു വരാനാവൂ എന്ന് അദ്ദേഹം മനസിലാക്കി. ദളിതർക്ക് അക്ഷരജ്ഞാനം നല്കാനുള്ള ചാവറയച്ചന്റെ ഐതിഹാസികമായ തീരുമാനം അക്കാലത്തെ ദളിത പീഡനത്തിനെതിരെയുള്ള പ്രതിഷേധവും വലിയ ഒരു സാമൂഹിക വിപ്ലവത്തിന്റെ തുടക്കവുമായിരുന്നു.

മാർത്തോമ്മാ ശ്ലീഹായുടെ കാലം മുതലുള്ള പാരമ്പര്യം അവകാശപ്പെട്ട നസ്രാണികൾക്കു പോലും ഔപചാരിക വിദ്യാഭ്യാസത്തിനുള്ള സൗകര്യം ഇല്ലാതിരുന്ന അക്കാലത്ത് അവർക്കും ദളിത് ക്രൈസ്തവർക്കും ഒരുപോലെ പഠന സൗകര്യം നല്കാൻ ചാവറയച്ചൻ പദ്ധതി ആവിഷ്കരിച്ചത് ദളിതരുടെ ഉന്നമനത്തിനുവേണ്ടിയുള്ള പ്രഥമ കാൽവയ്പായിരുന്നു. അതെക്കുറിച്ച് ചാവറയച്ചന്റെ സമകാലികനായിരുന്ന പാറപ്പുറത്ത് വർക്കിയച്ചൻ രേഖപ്പെടുത്തിയിരിക്കുന്നത് ഇപ്രകാരമാണ്: മാന്നാനത്ത് ഈ കുന്നേൽ സ്കൂൾ പണി തുടങ്ങുകയും ആർപ്പൂക്കര തുരുത്തുമാലിയുടെ കുന്നേൽ വിശ്വാസത്തിലേയ്ക്ക് വരുന്ന ദളിത് വിഭാഗങ്ങൾക്കായി ഒരു കപ്പേളയും അതോടു ചേർന്ന് ഒരു സ്കൂളും പണിയുന്നതിന് സ്ഥലം കണ്ട് നിശ്ചയിച്ചു. 1846–ലാണ് ദളിത് വിഭാഗത്തിനായി ചാവറയച്ചൻ വിദ്യാലയം സ്ഥാപിച്ചത്. പിടിയരിപ്പിരിവ് നടത്തിയാണ് അതിനുള്ള പണം സ്വരൂപിച്ചത്. കൂടാതെ പഠിക്കാൻ എത്തുന്ന വിദ്യാർത്ഥികൾക്ക് ഉച്ചക്കഞ്ഞി, വസ്ത്രം, പുസ്തകങ്ങൾ എന്നിവ നല്കിക്കൊണ്ട് കേരളത്തിന്റെ വിദ്യാഭ്യാസ ചരിത്രത്തിൽ വിപ്ലവകരമായ ആശയങ്ങൾക്ക് മുന്നേറ്റം കുറിക്കുകയും ചെയ്തു.''

ശക്തമായ ജാതിവ്യവസ്ഥ നിലനിന്നിരുന്ന അക്കാലത്ത് അസ്പൃശ്യരെന്ന് സമൂഹം വിലക്കു കല്പ്പിച്ചിരുന്നവരെ ആശ്രമത്തിൽ പ്രവേശിപ്പിക്കുകയും അവർക്ക് ഭക്ഷണവും ജോലിയും നല്കി സംരക്ഷിക്കുകയും

ചെയ്ത ധീരനായിരുന്നു ചാവറയച്ചൻ. വിദ്യാഭ്യാസ രംഗമെന്നപോലെ സാമൂഹികമായ മറ്റ് മണ്ഡലങ്ങളിലും ജാതിയുടെ പേരിലുള്ള വിലക്കുകളെ 19–ാം നൂറ്റാണ്ടിന്റെ പൂർവാർധത്തിൽ ധീരമായി വെല്ലുവിളിച്ചുകൊണ്ട്  ചാവറയച്ചൻ തുടക്കമിട്ട കർമ്മ പരിപാടികളാണ് ദളിത് വിഭാഗങ്ങളുടെ ഇന്നത്തെ ഉന്നതിക്ക് ഉത്തോലകമായിട്ടുള്ളത്.

# 19. മുദ്രണാലയ പ്രേഷിതത്വം

ഒരു സാമൂഹിക പരിഷ്കർത്താവ് എന്ന നിലയിൽ വിദ്യാഭ്യാസ മണ്ഡലത്തിൽ മാത്രം ഒതുങ്ങി നിന്നില്ല ചാവറയച്ചന്റെ പ്രവർത്തനങ്ങൾ. പ്രഗത്ഭ വാഗ്മി, അനുഗൃഹീത സാഹിത്യകാരൻ തുടങ്ങിയ നിലകളിലും ശോഭിച്ച അദ്ദേഹം അച്ചടി മാധ്യമ രംഗത്തേയ്ക്കും താല്പര്യം കാണിച്ചത് സ്വാഭാവികം മാത്രം. പുതുമകളോട് എന്നും ആഭിമുഖ്യം പുലർത്തിയിരുന്ന അദ്ദേഹം അച്ചടിവിദ്യയ്ക്ക് വരും കാലങ്ങളിൽ ഉണ്ടാകാവുന്ന അനന്ത സാധ്യതകൾ മുൻകൂട്ടി തിരിച്ചറിഞ്ഞു. കേരളത്തിൽ അക്കാലത്ത് പ്രസുകൾ നാമമാത്രമായിരുന്നു. ഉള്ളവ തന്നെ അവയുടെ പ്രാരംഭ ദശയിലുമായിരുന്നു.

തിരുവിതാംകൂറിൽ അന്ന് രണ്ടു അച്ചുകൂടങ്ങൾ മാത്രമെ ഉണ്ടായിരുന്നുള്ളു. ഒന്ന് തിരുവനന്തപുരത്തും, മറ്റൊന്ന് കോട്ടയത്തും. കോട്ടയം മാന്നാനത്തോട് സമീപസ്ഥമായിരുന്നതിനാൽ ചാവറയച്ചൻ ആദ്യം കോട്ടയത്തുള്ള പ്രസിൽ പോയി അച്ചടിയുടെ വ്യാകരണം മനസിലാക്കാൻ തീരുമാനിച്ചു. പക്ഷെ, നിർഭാഗ്യവശാൽ കോട്ടയത്തെ പ്രസ് ഉടമകൾ പ്രസ് പോയിട്ട് അതു വച്ചിരിക്കുന്ന കെട്ടിടം കാണാൻ പോലും ചാവറയച്ചനെ അനുവദിച്ചില്ല. ആദ്യം അല്പം നിരാശ തോന്നിയെങ്കിലും അദ്ദേഹം പിന്മാറിയില്ല. പിന്നെ വൈകാതെ അദ്ദേഹം നേരെ തിരുവനന്തപുരത്തേയ്ക്കു പോയി. അവിടത്തെ പ്രസ് ഗവൺമെന്റ് ഉടമസ്ഥതയിലുള്ളതായിരുന്നതുകൊണ്ട് കാര്യങ്ങൾ കുറെക്കൂടി എളുപ്പമായി. അതിബുദ്ധിമാനായിരുന്ന അച്ചൻ ആദ്യം തന്നെ പ്രസിലെ ജോലിക്കാരുമായി ചങ്ങാത്തം സ്ഥാപിച്ചു. ഏതാനും ദിവസം അവിടെ തങ്ങി, അവരിൽ നിന്ന് പ്രസിന്റെ പ്രവർത്തനങ്ങളും സാങ്കേതിക വിദ്യയും അദ്ദേഹം ഹൃദിസ്ഥമാക്കി. തിരിച്ചെത്തിയ ഉടനെ ചാവറയച്ചൻ മാന്നാനത്ത് വിദഗ്ധനായ ഒരു ആശാരിയെ സമീപിച്ച് തിരുവനന്തപുരത്തെ അച്ചടിയന്ത്രത്തിന്റെ മാതൃകയിൽ ഒരു അച്ചുകൂടം നിർമ്മിച്ചെടുത്തു. അതിന്റെ മുഴുവൻ മേൽനോട്ടവും അദ്ദേഹമായിരുന്നു. അങ്ങനെ 1844ൽ മരം കൊണ്ടു നിർമ്മിച്ച ഈ അച്ചുകൂടത്തിലാണ് വിശുദ്ധ യൗസേപ്പിന്റെ നാമധേയം നല്കിയ മാന്നാനത്തെ പ്രസിൽ അച്ചടിയും പ്രസാധനവും ആദ്യം

നടന്നത്. അത് അഭൂതപൂർവമായ ഒരു വൈജ്ഞാനിക വിപ്ലവത്തിന്റെ തുടക്കമായി.

അച്ചടി അന്ന് വളരെ ബദ്ധപ്പാടു പിടിച്ച ഒരു ഏർപ്പാടായിരുന്നു. ധാരാളം അനുബന്ധ സാമഗ്രികൾ വേണം, വിദഗ്ധരായ തൊഴിലാളികൾ വേണം, നല്ല സാങ്കേതിക വിദ്യ വേണം – ഇവയെല്ലാം ഒത്തിണങ്ങിയാലേ പ്രിന്റിംഗ് ഭംഗിയാകൂ. തിരുവനന്തപുരത്തെ സർക്കാർ വക പ്രസിൽ നിന്ന് വിദഗ്ധനായ ഒരു പ്രിന്ററെ ചാവറയച്ചൻ ഒരു തരത്തിൽ മാന്നാനത്തു കൊണ്ടുവന്നു. കൂടാതെ ബോംബെയിൽ നിന്നു പരിശീലനം ലഭിച്ച കൊച്ചിക്കാരൻ ഒരു യൂദനെയും അദ്ദഹത്തിനു ലഭിച്ചു. അയാൾക്ക് ബയന്റിങ്ങ് നല്ല വശമായിരുന്നു. കൂടാതെ പ്രസിലേയ്ക്ക് നാട്ടുകാരായ ഏതാനും ചെറുപ്പക്കാരെയും അച്ചൻ ജോലിക്കു നിയമിച്ചു. അവരെ സാവകാശത്തിൽ അച്ചടിയും ബുക്ക് ബയന്റിങ്ങും പരിശീലിപ്പിക്കുകയും ചെയ്തു. വളരെ ബുദ്ധിമുട്ടിയും സാമ്പത്തിക ക്ലേശങ്ങൾ സഹിച്ചുമാണ് ചാവറയച്ചൻ മാന്നാനത്ത് അച്ചടി ആരംഭിക്കുന്നതിന് ആവശ്യമായ മഷി, കടലാസ് തുടങ്ങിയ സാമഗ്രികൾ സംഘടിപ്പിച്ചത്.

അക്കാലത്ത് പ്രസ് സ്ഥാപിച്ച് അച്ചടി നടത്തുന്നതിന് ഗവൺമെന്റിൽ നിന്നു പ്രത്യേക അനുമതി ആവശ്യമായിരുന്നു. ബിഷപ് ലുഡ്‌വിക്കിന്റെ സഹായത്തോടെ ബ്രിട്ടീഷ് റെസിഡന്റിൽ സമ്മർദ്ദം ചെലുത്തി, അന്നത്തെ തിരുവിതാംകൂർ രാജാവിൽ നിന്ന് ചാവറയച്ചൻ പ്രസ് നടത്താനുള്ള ലൈസൻസും സമ്പാദിച്ചു. പിന്നീട് ബിഷപ് ലുഡ്‌വിക്ക് തന്നെ അച്ചന്റെ ഈ ഉത്സാഹം കണ്ട് മാന്നാനം പ്രസിലേയ്ക്ക് ആവശ്യമായ കുറെ സാമഗ്രികൾ റോമിൽനിന്ന് വരുത്തി നല്കുകയുണ്ടായി. സ്വാഭാവികമായും കത്തോലിക്കാ സഭയുടെ മത പ്രചാരണാർത്ഥമുള്ള ചില പുസ്തകങ്ങളും മറ്റും അച്ചടിക്കുക എന്നതായിരുന്നു മാന്നാനം പ്രസിന്റെ പ്രാഥമിക ലക്ഷ്യം. തമിഴായിരുന്നു അക്കാലത്ത് കൂടുതൽ പ്രചാരമുള്ള ഭാഷയെങ്കിലും മാന്നാനത്ത് ആദ്യം അച്ചടിച്ചത് മലയാളത്തിലുള്ള ചില പ്രാർത്ഥനാ പുസ്തകങ്ങളായിരുന്നു. അങ്ങനെ തിരുവിതാംകൂറിലെ മൂന്നാമത്തെ പ്രസ് എന്ന ഖ്യാതി മാന്നാനം സെന്റ് ജോസഫ്സ് അച്ചുകൂടത്തിനു ലഭിച്ചു.

മാന്നാനത്തെ അച്ചടിയുടെ തുടക്കം ചാവറയച്ചന്റെ മേൽനോട്ടത്തിലായിരുന്നെങ്കിലും പില്ക്കാലത്താണ് യഥാർത്ഥത്തിൽ മാന്നാനം പ്രസ് മലയാളത്തിലെ അച്ചടി വിപ്ലവത്തിന്റെ കേന്ദ്രമായി മാറിയത്. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തോടെ മലയാളത്തിലെ പ്രഥമ ദിനപ്പത്രമായ നസ്രാണി ദീപിക ഉൾപ്പെടെ എണ്ണമറ്റ പ്രസിദ്ധീകരണങ്ങൾ മാന്നാനം പ്രസിൽ നിന്ന് പുറത്തിറങ്ങി. പിന്നീട് കേരളത്തിൽ അരങ്ങേറിയ സാംസ്കാരിക വിപ്ലവത്തിന്റെ പതാകനൗകയായി നിലക്കൊണ്ട ദീപികയ്ക്ക് ആദ്യം അച്ചടിമഷി പുരളുന്നത് മാന്നാനം പ്രസിലായിരുന്നു. ഈ പശ്ചാത്തലത്തിലാണ് മലയാള പത്രപ്രവർത്തന മേഖലയിലെ പൂർവഗാമി എന്ന നിലയിൽ മാധ്യമ ചരിത്രത്തിൽ ചാവറയച്ചന്റെ നാമം അനുസ്മരിക്കേണ്ടത്.

സാമൂഹിക സാംസ്കാരിക നവോത്ഥാനത്തിനു വേണ്ടി കേരളത്തിന്റെ ഗ്രാമങ്ങളിൽ അന്നു ചാവറയച്ചൻ പരീക്ഷിച്ച പല മാർഗ്ഗങ്ങളും പിന്നീട് ബ്രിട്ടീഷുകാരുമായുള്ള ധർമ്മസമരത്തിൽ വിജയകരമായി ഗാന്ധിജിയും പരീക്ഷിച്ചു. ചാവറയച്ചന്റെ പ്രവർത്തനങ്ങൾ പക്ഷെ പരിമിതമായ മേഖലയിൽ ഒതുങ്ങി എന്നു മാത്രം. അദ്ദേഹം അത്രയേ ആഗ്രഹിച്ചിരുന്നുള്ളുതാനും. ഈ താരതമ്യത്തിനു കാരണം ഒരു പുതിയ വ്യവസ്ഥിതിയുടെയും ലോകക്രമത്തിന്റെയും നിർമ്മിതിക്കായി പരിശ്രമിക്കുമ്പോൾ എല്ലാ സാമൂഹ്യ പരിഷ്കർത്താക്കളും ഏകദേശം ഒരേ രീതിയിൽ ചിന്തിക്കുകയും പ്രവർത്തിക്കുകയും ഒരേ സാമൂഹ്യ വീക്ഷണം പുലർത്തകയും ചെയ്യുന്നു എന്നു സൂചിപ്പിക്കാനാണ്.

നിർഭയരായിരിക്കാനും ധീരരായിരിക്കാനുമാണ് സ്വാമി വിവേകാനന്ദൻ ജനങ്ങളെ ആഹ്വാനം ചെയ്തത്. എല്ലാ ജനങ്ങൾക്കും, മതങ്ങൾക്കും രാജ്യങ്ങൾക്കും മുന്നിൽ അദ്ദേഹം വിശ്വപൗരനായി സ്വയം മാറി. അദ്ദഹത്തിന്റെ ചിക്കാഗോ പ്രസംഗം ഏബ്രഹാം ലിങ്കന്റെ പ്രസംഗത്തിനു തുല്യമായിട്ടാണ് ലോക ചരിത്രത്തിൽ ഇടം നേടിയത്.

വിദ്യയിലൂടെ സ്വതന്ത്രരാകാനാണ് ശ്രീനാരായണഗുരു ജനങ്ങളെ ഉപദേശിച്ചത്. അതിലൂടെ ജാതിയുടെയും വർഗീയതയുടെയും നീരാളിപ്പിടുത്തങ്ങളിൽ നിന്ന് സ്വയം മോചിതരായി പുറത്തുവരാൻ അദ്ദേഹം ഉദ്ബോധിപ്പിക്കുകയുണ്ടായി. ഒരു ജാതി, ഒരു മതം, ഒരു ദൈവം എന്ന

അദ്ദേഹത്തിന്റെ പ്രശസ്തമായ മുദ്രാവാക്യം തന്നെ അതിനു സാക്ഷ്യം. ജനങ്ങൾക്കിടയിൽ സഞ്ചരിച്ച് അവരെ പ്രബുദ്ധരാക്കിക്കൊണ്ട് ഒരു വലിയ സാമൂഹ്യ പരിവർത്തനത്തിനാണ് ശ്രീനാരായണ ഗുരു ശ്രമിച്ചത്.

ഗാന്ധിജിയാകട്ടെ ജനങ്ങളെ പഠിപ്പിച്ചത് അക്രമാരാഹിത്യത്തിന്റെ പാതയിൽ ചരിക്കാനാണ്. ഏറ്റവും വലിയ ആയുധം അക്രമരാഹിത്യ മാണ് എന്ന് അദ്ദേഹം വിശ്വസിച്ചു, പഠിപ്പിച്ചു. എല്ലാ യുദ്ധങ്ങൾക്കും പോരാട്ടങ്ങൾക്കും അക്രമങ്ങൾക്കുമുള്ള ഏക മറുപടിയും അക്രമരാഹി ത്യമാണ് എന്ന് ഗാന്ധിജി ചൂണ്ടിക്കാട്ടി.

എല്ലാ മേഖലകളിലും സ്വയം പര്യാപ്തത നേടുവാൻ ഗാന്ധിജി ജനങ്ങളോട് ആവശ്യപ്പെട്ടു. അതിനായി സ്വയം തൊഴിലുകൾ പരിശീ ലിക്കുക, അതിലൂടെ സ്വയം പര്യാപ്തമായ ഗ്രാമങ്ങൾ ഉയർന്നുവരണം. അങ്ങനെ സമൂഹം സാമ്പത്തികമായി ഉയരണം. ഇതായിരുന്നു ഗാന്ധി ജിയുടെ ഗ്രാമസ്വരാജ്. ജനങ്ങളെ ബോധവത്ക്കരിക്കാൻ ഏറ്റവും ശക്ത മായ ഉപകരണം മാധ്യമങ്ങളാണെന്ന് ഗാന്ധിജിയും വിശ്വസിച്ചിരുന്നു.

നീതിയും മനുഷ്യാവകാശങ്ങളും ഉറപ്പുനല്കുന്ന ഒരു സാമൂ ഹിക വിപ്ലവത്തിനായി പൊതു സമൂഹത്തെ ബോധവത്ക്കരിക്കാനാണ് ഈ സാമൂഹ്യ പരിഷ്കർത്താക്കളെല്ലാം പരിശ്രമിച്ചത്. മനുഷ്യർക്ക് പര മാവധി മഹത്വം ഉറപ്പു നല്കുന്ന ഒരു പുതിയ സാമൂഹ്യ വ്യവസ്ഥിതി യുടെ സൃഷ്ടിയാണ് അവരെല്ലാം ലക്ഷ്യം വച്ചത്. ചാവറയച്ചനും ഇതിൽ നിന്നു വ്യത്യസ്തനായിരുന്നില്ല. സ്വാമി വിവേകാനന്ദനെ പോലെ, ശ്രീ നാരാ യണ ഗുരുവിനെ പോലെ, മഹാത്മഗാന്ധിയെ പോലെ സാധ്യമായ എല്ലാ സംവിധാനങ്ങളും ഉപയോഗിച്ച് ചാവറയച്ചനുംപുതിയ ഒരു സമൂഹസൃ ഷ്ടിക്കായി കഠിദ്ധ്വാനം ചെയ്തു. ഇവർക്കു മുമ്പെ നടന്നയാൾ എന്ന ബഹുമതിക്ക് ചാവറയച്ചൻ എന്തുകൊണ്ടും അർഹനാണ്. കാരണം താൻ ജനിക്കുകയും ജീവിക്കുകയും ചെയ്ത സമൂഹത്തിന്റെ വിമോ ചനം, വിദ്യാഭ്യാസ വിപ്ലവത്തിലൂടെ ആ സമൂഹത്തിൽ നിന്ന് നിരക്ഷരത ഉന്മൂലനം ചെയ്യുവാൻ അദ്ദേഹം അതിയായി ആഗ്രഹിച്ചിരുന്നു. അതിൽ ഒരു പരിധി വരെ അദ്ദേഹം വിജയിക്കുകയും ചെയ്തു. സംസ്കൃത വിദ്യാ ലയത്തിന്റെയും മറ്റും ആരംഭം ഇതിനു തെളിവാണ്. ആൺകുട്ടികൾക്കു മാത്രമല്ല, പെൺകുട്ടികൾക്കും വിദ്യാഭ്യാസം നല്കുവാൻ അദ്ദേഹം

മുന്നിട്ടിറങ്ങി. സ്ത്രീവിദ്യാഭ്യാസം, സ്ത്രീശാക്തീകരണം തുടങ്ങിയ മണ്ഡലങ്ങളിലെ ആദ്യകാല പ്രവർത്തകനായി മാറി ചാവറയച്ചൻ. വികാരി ജനറാൾ എന്ന അധികാരം ഉപയോഗിച്ച് എല്ലാ പള്ളികളിലും സ്കൂളുകൾ ആരംഭിക്കാൻ അദ്ദേഹം കല്പന ഇറക്കി. അതിൽ ജാതിമത വർഗ്ഗ വർണ ലിംഗ വ്യത്യാസമെന്യേ എല്ലാ കുട്ടികൾക്കും പ്രവേശനം നല്കാനും അദ്ദേഹം നിർദ്ദേശിച്ചു. കേരളത്തിന്റെ തുടർന്നുള്ള എല്ലാ സാമൂഹിക മാറ്റങ്ങൾക്കും തുടക്കം കുറിക്കാനും സാമൂഹ്യ ചരിത്രം തന്നെ തിരുത്തിയെഴുതാനും കാരണമാക്കിയ വലിയ വിപ്ലവത്തിനായിരുന്നു ഇതിലൂടെ ചാവറയച്ചൻ തുടക്കം കുറിച്ചത്.

# 20. മൗലികമായ അക്ഷര സപര്യ

കേരളത്തിന്റെ നവോത്ഥാന നായകനായിരുന്ന ചാവറയച്ചൻ കടന്നു ചെല്ലാത്ത മേഖലകൾ ഇല്ല. ആദ്ധ്യാത്മിക, സാമൂഹിക, സാംസ്കാരിക, വിദ്യാഭ്യാസ, മുദ്രണാലയ മണ്ഡലങ്ങളിലെ അവിസ്മരണിയ സംഭാവന കൾക്കൊപ്പം സുദീർഘമായ സാഹിത്യ സപര്യയും അദ്ദേഹം നടത്തിയി രുന്നു. വിശ്വാസത്തിൽ കത്തോലിക്കനായിരുന്നു എങ്കിലും ആർഷഭാ രത പൈതൃകം ഹൃദയത്തിൽ സൂക്ഷിച്ച സന്യാസീ വര്യനായിരുന്നു ചാ വറയച്ചൻ. ഭാരത സംസ്കാരത്തോടും ഭാഷാസാഹിത്യ പൈതൃക ത്തോടും അദ്ദേഹത്തിന് തീക്ഷ്ണമായ ആഭിമുഖ്യമായിരുന്നു ഉണ്ടായി രുന്നത്. അതാണ് സംസ്കൃത വിദ്യാലയം ആരംഭിക്കാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചതും. സുവിശേഷ പ്രചാരണത്തിന് ക്രിസ്ത്യാനികൾ ഈ ഭാര തീയ ശൈലി സ്വീകരിക്കാത്തതിന്റെ കുറവ് ആദ്യം കണ്ടുപിടിച്ചത് മിഷന റിയായ അർണോസ് പാതിരിയാണ്. വിദേശത്തു നിന്നുവന്ന് സംസ്കൃ തവും മലയാളവും പഠിച്ച് ഇവിടെ സാഹിത്യരചന നടത്തിയ ഭാഷാസ്നേ ഹിയായിരുന്നു ആ വിദേശ പാതിരി.

കേരളത്തിന്റെ കാവ്യപാരമ്പര്യത്തിൽത്തന്നെ ക്രിസ്തുവിന്റെ സുവി ശേഷം ഇവിടെ പ്രചരിക്കണം എന്നു തിരിച്ചറിഞ്ഞ നാട്ടുകാരനായ ആദ്യ വൈദികൻ ചാവറയച്ചനായിരുന്നു. അർപ്പിതാത്മാവായ ഒരു പുരോഹി തന്റെ കാവ്യപരമായ ആത്മാവിഷ്കാരമെന്ന നിലയിലാണ് അദ്ദേഹ ത്തിന്റെ കവിതകളെ നാം കാണേണ്ടത്. കവിത ശബ്ദതലത്തിൽ നിന്ന് അർത്ഥതലത്തിലേയ്ക്കും ഭാവതലത്തിലേയ്ക്കും എത്തുമ്പോഴാണ് ചാവറയച്ചന്റെ കവിത്വം ഔന്നത്യം പ്രാപിക്കുന്നത്. അനുതാപ വിവശ മായ ഒരു ആത്മാവിന്റെ നെടുവീർപ്പും, തേങ്ങലും, കണ്ണീരും അദ്ദേഹ ത്തിന്റെ കവിതകളിൽ തുടിച്ചു നില്ക്കുന്നു. രണ്ടാം വത്തിക്കാൻ സൂന ഹദോസ് സാംസ്കാരിക അനുരൂപണത്തെകുറിച്ച് ചിന്തിക്കുന്നതിനും മുമ്പു തന്നെ ചാവറയച്ചൻ കേരളത്തിലെ ഹൈന്ദവ കാവ്യ സംസ്കാര വുമായി ഒരു അനുരൂപണത്തിന് മുൻകൈയെടുത്തു കഴിഞ്ഞിരുന്നു. മത ഭേദങ്ങളോ വിശ്വാസപ്രമാണങ്ങളോ കലാസാംസ്കാരിക മാർഗ്ഗങ്ങളിലെ സമന്വയങ്ങളെ നിഷിദ്ധമാക്കുന്നില്ല, അത് സുവിശേഷ ഘോഷണത്തെ

പൂർണമാക്കുന്നതേയുള്ളൂ എന്ന തിരിച്ചറിവ് ചാവറയച്ചന് ഉണ്ടായിരുന്നു. എഴുത്തച്ഛൻ പോലും ചാവറയച്ചനെ സ്വാധീനിച്ചിരുന്നതായി കാണാം.

തീക്ഷ്ണമായ പ്രതിജ്ഞാബദ്ധതയോടെ സാഹിത്യത്തെ സജ്ജനങ്ങളുടെ ആത്മീയാഹാരമാക്കി മാറ്റുകയായിരുന്നു ചാവറയച്ചൻ തന്റെ കാവ്യരചനയിലൂടെ അനുഷ്ടിച്ച ധർമ്മം. അദ്ദേഹം കാവ്യസപര്യ നടത്തിയ പത്തൊമ്പതാം നൂറ്റാണ്ട്, കൊടുങ്ങല്ലൂർ തമ്പുരാക്കന്മാരും വെൺമണി നമ്പൂതിരിമാരും തങ്ങളുടെ കാവ്യ വ്യാപാരം കൊണ്ട് കേരളത്തെയാകമാനം ഉഴുതു മറിക്കുന്ന കാലമായിരുന്നു. കവിതയുടെ രൂപഭദ്രതയിലും ഭാവസൗന്ദര്യത്തിലും മാത്രം ശ്രദ്ധ കേന്ദ്രീകരിച്ചിരുന്ന ആ കാലഘട്ടത്തിൽ ആത്മവിശുദ്ധിയുടെ കവിതകളുമായി ചാവറയച്ചൻ രംഗപ്രവേശം ചെയ്തതിന്റെ സാംഗത്യം നാം മനസിലാക്കണം. ജീർണിച്ചു കിടന്ന മലയാള കവിതാ മണ്ഡലത്തിലേയ്ക്ക് തുമ്പപ്പൂവിന്റെ വെണ്മയും തുളസിക്കതിരിന്റെ വിശുദ്ധിയും ആവാഹിച്ച മിസ്റ്റിക് കവിയായിരുന്നു ചാവറ കുറിയാക്കോസ് ഏലിയാസ് അച്ചൻ.

# ഉപസംഹാരം

സ്വജീവിതത്തെ നിഷ്കാമ കർമ്മം കൊണ്ടും, കർമ്മത്തെ ജ്ഞാനം കൊണ്ടും ജ്ഞാനത്തെ ഈശ്വരോപാസന കൊണ്ടും ചാവറയച്ചൻ ധന്യമാക്കി. ദൈവിക വിസ്മയങ്ങളുടെ വിധിതീർപ്പുകളാൽ മനോഹര മാക്കപ്പെട്ട മനുഷ്യ ജന്മത്തിന്റെ പൂർണത പരസ്നേഹത്തിലാണ് എന്ന് സ്വജീവിതം കൊണ്ടു ചാവറയച്ചൻ സാക്ഷ്യപ്പെടുത്തി. അദ്ദേഹത്തിന്റെ ചരമ ശതാബ്ദി ആചരിച്ച സന്ദർഭത്തിൽ ഡോ. സുകുമാർ അഴീക്കോട് നടത്തിയ വിലയിരുത്തൽ കൂടി ഉദ്ധരിച്ചുകൊണ്ട് ഈ കുറിപ്പ് സമാപി പ്പിക്കാം: ''പത്തൊമ്പതാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഒരാൾ ഇരുപതാം നൂറ്റാണ്ടിൽ ആദരപൂർവം അനുസ്മരിക്കപ്പെടുന്നുണ്ടെങ്കിൽ ആ വ്യക്തി പത്തൊമ്പതാം നൂറ്റാണ്ടിൽ ജീവിച്ചിരുന്നുകൊണ്ടു തന്നെ ഇരുപതാം നൂറ്റാണ്ടും ഇരുപത്തിയൊന്നാം നൂറ്റാണ്ടും സൃഷ്ടിച്ച ആൾ ആയിരുന്നി രിക്കണം. അങ്ങനെയുള്ളവരെയാണ് നാം യുഗസ്രഷ്ടാക്കൾ എന്നു വി ളിക്കുക. ചാവറയച്ചൻ അത്തരത്തിൽ ഒരു യുഗസ്രഷ്ടാവായിരുന്നു. പത്തൊമ്പതാം നൂറ്റാണ്ടിൽ ജീവിച്ച് കേരളീയ സമൂഹത്തിന് ശക്തിയും വെളിച്ചവും പകർന്ന ചാവറയച്ചൻ ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ ജീ വിക്കുന്ന നമുക്ക് സൂര്യതേജസായി ഊർജ്ജവും വെളിച്ചവും പകരുന്നു. ഇതു തുടർന്നുകൊണ്ടേയിരിക്കും...''

തികച്ചും സങ്കീർണ്ണമായിരുന്ന ഒരു സാമൂഹിക കാലഘട്ടത്തിൽ അവിശ്വസനീയമായ ക്രാന്തദർശിത്വത്തോടു കൂടിയാണ് ചാവറയച്ചൻ കാലത്തിനു മുമ്പേ നടന്നു നീങ്ങിയത്. കാലത്തിനൊപ്പം, അതിനു മുന്നി ലായി നടക്കുമ്പോഴും കാലത്തിനപ്പുറം കാണാനുള്ള അസാമാന്യമായ ഒരു സിദ്ധിസവിശേഷതയാണ് അദ്ദേഹം തെളിയിച്ചത്. സാധാരണ സാഹചര്യങ്ങളിൽ ജനിച്ച് സാധാരണ സാഹചര്യത്തിൽ തന്നെ വളർന്ന് സന്യാസത്തിന്റെ സഹനസമ്പൂർണ്ണമായ പാതകൾ സ്വീകരിച്ച് പൗരോഹി ത്യത്തിന്റെ പടവുകൾ കയറിയ ചാവറയച്ചൻ ജീവിതത്തിൽ ഉടനീളം അസാ ധാരണമായ സാഹചര്യങ്ങളെ നേരിടാനും അവയെ അതിവർത്തിക്കാനും നിയോഗമുള്ളവനായിരുന്നു.

അവിശ്വസനീയമായ വിശ്വാസദാർഢ്യവും ആഴമായ ഭക്തിയും അസാധാരണമായ ദൈവാശ്രയബോധവും ചാവറയച്ചനെ തന്റെ സമകാലീന സന്യസ്ഥരിൽനിന്ന് വ്യത്യസ്ഥനാക്കി. സഭയെക്കുറിച്ചും സമൂഹത്തെക്കുറിച്ചും അദ്ദേഹത്തിന് വ്യക്തമായ ധാരണകളും കാഴ്ച പ്പാടുകളും ഉണ്ടായിരുന്നു. അപ്രാപ്യമെന്നു തോന്നാവുന്ന ലക്ഷ്യങ്ങൾ നിശ്ചയിക്കുമ്പോഴും ആരേയും അദ്ഭുതപ്പെടുത്തുന്ന പ്രായോഗിക ബുദ്ധിയും വൈഭവവും അദ്ദേഹം പ്രകടിപ്പിക്കുകയുണ്ടായി. യഥാ സ്ഥിതിക ക്രിസ്ത്യൻ സമൂഹത്തിന്റെ വിദ്യാഭ്യാസപരമായ പിന്നോക്കാവ സ്ഥയും സമുദായത്തിന്റെ താരതമ്യേന ഭദ്രമായ സാമ്പത്തിക സ്ഥിതിയും സാംസ്കാരികവും സാമൂഹികവുമായ വളർച്ചയുടെയും വികസനത്തി ന്റെയും സാധ്യതകളും വ്യക്തമായി തിരിച്ചറിയാനുള്ള അസാമാ ന്യമായ ഒരുൾക്കാഴ്ചയാണ് ചാവറയച്ചൻ സ്വന്തം ജീവിതത്തിലൂടെ സാക്ഷ്യപ്പെടുത്തിയത്.

ചാവറയച്ചന്റെ ''ചാവരുൾ'' വിദ്യാഭ്യാസപരമായി മുന്നോട്ടുപോ കുവാൻ ക്രൈസ്തവസമൂഹത്തിനുള്ള ഒരുഗ്രശാസനയായിരുന്നു. സ്കൂളു കൾ സ്ഥാപിക്കാത്ത പള്ളികൾക്ക് മുടക്കു കൽപ്പന പുറപ്പെടു വിക്കുമെന്ന് ഭീഷണിയുയർത്താൻപോലും അദ്ദേഹം തയ്യാറായത് ആ വഴിക്കുള്ള സമുദായത്തിന്റെ സാദ്ധ്യതകളേയും സേവനബാദ്ധ്യതക ളേയും തിരിച്ചറിഞ്ഞതുകൊണ്ടാണ്. ആദ്ധ്യാത്മികതയിൽ അധിഷ്ഠി തമല്ലാത്ത അറിവുകൾ അപകടമാണെന്ന തിരിച്ചറിവ് ഉണ്ടായിരുന്നതു കൊണ്ടാവണം ആത്മാനുഷ്ഠാനങ്ങൾക്ക് സ്വന്തം ജനങ്ങളെ അദ്ദേഹം നിരന്തരം നിർബന്ധിച്ചുകൊണ്ടിരുന്നത്. റോമൻ സിംഹാസനത്തിന്റെ ആദ്ധ്യാത്മിക മേൽക്കോയ്മയെ അംഗീകരിച്ചപ്പോഴും സുറിയാനി സഭ യുടെ വികാരിജനറലായി ഉയർത്തപ്പെട്ടപ്പോൾ സഭയുടെ ആത്മീയാ ചാര്യനും ഭരണമേധാവിയുമെന്ന നിലയിൽ സീറോ-മലബാർ സഭയുടെ പിൽക്കാല വളർച്ചയ്ക്ക് ശക്തമായ അടിത്തറയിടാനും അച്ചൻ ശ്രദ്ധി ക്കുകയുണ്ടായി. നവീനാശയങ്ങളെ സഹർഷം സ്വാഗതം ചെയ്യാനുള്ള സന്മനസ്സ് കാണിക്കുമ്പോഴും സഭയുടെ ആദ്ധ്യാത്മികവും ഘട നാപരവുമായ പാരമ്പര്യങ്ങൾ ഉപേക്ഷിക്കാതിരിക്കാനുള്ള വിവേകവും അച്ചനുണ്ടായി.

വാഴ്ത്തപ്പെട്ട ചാവറയച്ചൻ ഒരേ സമയം ചരിത്രത്തിന്റെ സംരക്ഷകനും വർത്തമാനകാലത്തിന്റെ കാവൽക്കാരനുമായി. സ്വന്തം നിലപാടുകളിൽ ഉറച്ചുനിന്നുകൊണ്ടുതന്നെ സഭയുടെയും സമുദായത്തിന്റെയും ഭാവി കരുപ്പിടിപ്പിക്കുന്നതിൽ അനുപമമായ ഉൾക്കാഴ്ചയും അദ്ദേഹം പ്രദർശിപ്പിച്ചു. ഒരേസമയം തന്നെ അദ്ദേഹം സഭാദ്ധ്യക്ഷനും സമൂദായ നേതാവുമായി. സന്യാസത്തിന്റെ സമഗ്രതയിലും സാമൂഹിക പരിഷ്കർത്താവിന്റെ ദൗത്യമേറ്റെടുക്കാൻ അച്ചൻ ധൈര്യപ്പെട്ടു.

വിശുദ്ധ ചാവറയച്ചൻ മാന്നാനം കുന്നിലുയർത്തിയ ആത്മീയതയുടെ അദ്ഭുതപൂർവ്വമായ അഗ്നിജ്വാല അദ്ദേഹം ജീവിച്ച കാലത്തു മാത്രമല്ല പിന്നീടുവന്ന കാലങ്ങളേയും ദിപ്തമാക്കി. സീറോ-മലബാർ സഭ ഇന്ന് ചൂടി നിൽക്കുന്ന അവളുടെ സ്വാതന്ത്ര്യ കിരീടത്തിന് ഒരുപക്ഷേ നാം ഏറ്റവും കൂടുതൽ കടപ്പെട്ടിട്ടുള്ളതിൽ മുൻനിരയിൽ നിൽക്കുന്നത് ചാവറയച്ചൻതന്നെയാവണം. പാറേമാക്കൽ ഗോവർണദോറുടെ സാഹസികതയും സ്വാതന്ത്ര്യേച്ഛയും ചാവറയച്ചന്റെ ദീർഘവീക്ഷണവും പ്രായോഗിക ക്ഷമതയുമാണ് സീറോ-മലബാർ സഭയുടെ പിൽക്കാല വളർച്ചയ്ക്കും ഇന്നത്തെ ഉയർച്ചയ്ക്കും അടിസ്ഥാന കാരണങ്ങളായി വർത്തിച്ചിട്ടുള്ളതെന്നതിൽ സംശയമില്ല.

# സഹായക ഗ്രന്ഥങ്ങൾ


1. ചാവറയച്ചൻ രചിച്ച കവിതകൾ

2. ഭാരതസഭാ ചരിത്രം – ഡോ. സേവ്യർ കൂടപ്പുഴ

3. സീറോ മലബാർ ഹയരാർക്കി –
   ഡോ. പ്ലാസിഡ് പൊടിപാറ സിഎംഐ

4. വാഴ്ത്തപ്പട്ട ചാവറഃ കേരള സഭാ സമുദ്ധാരകൻ പുസ്തകം 1
   ഫാ. കനീഷ്യസ് സിഎംഐ
   CMI General Dept - Kochi, 1994

5. Blessed Kuriakose Elias Chavara
   Fr. Thomas Kochumuttom CMI
   St. Pauls' Bandra, Mumbai

6. ഞാൻ കണ്ട സിഎംഐ സഭ
   ഫാ. തോമസ് ഐക്കര
   ധർമ്മാരം പബ്ലിക്കേഷൻസ്, ബംഗ്ലൂർ

7. ജീവിതം തന്നെ സന്ദേശം
   എം. കെ. സാനു

8. Blessed Kuriakose Elias Chavara
   Fr. A. Mathias Mundadan
   Dharmaram Publications, Bangalore

9. ചാവറയച്ചൻ ഒരു പരിചിന്തനം
   എഡിറ്റർ - സിസ്റ്റർ എലിസബത്ത് വില്ല്യം CMC
   Published by Sr. Anne Bensitta CMC
   Provincial Superior, Amala Province, Kanjirappally, 2012

10. ദർശനം, പുണ്യദർശനം
    Sr. Dr. Sophy Rose CMC
    Beth Rauma Publications, Chavara Central Secretariat
    Kakkanad, Cochin, 2013

11. അത്മായ വിശുദ്ധർ
പ്രൊഫ. തോമസ് കണയംപ്ലാവൻ
HIRS Publications
മാർത്തോമ്മാ വിദ്യാനികേതൻ, ചങ്ങനാശേരി, ഏപ്രിൽ 2014

12. പതിനൊന്നു സ്ഥാപകരും ഏഴു വ്യാകുലങ്ങളും
റാൽഫച്ചൻ കരിപ്പാശ്ശേരി CMI
മാന്നാനം 1996

13. Lead Kindly Light - A Voyage into the Saintly Life and Vision of Kuriakose Elias Chavara
Chevalier KC Chacko
Beth Rauma Publications. (First Published 1959)
Beth Rauma Edition, Chavara Hills, Cochin, 2014

14. Kuriakose Elias Chavara Great Soul of India
Fr. Thomas Panthaplakal CMI
Published By Chavara Central Secretariat
Chavara Hills, Cochin, December 2013

15. Igniting Minds to Transform the Society: Legacy of K. E. Chavara for Innovative and Inclusive Education
Fr. Saju Chackalackal CMI,
Dharmaram Publications, Bangalore, 2013

16. വാഴ്ത്തപ്പെട്ട ചാവറയച്ചൻ
Picture Story
ഡോ. സെഡ്. എം. മുഴൂർ CMI

17. ചാവറയച്ചന്റെ സമ്പൂർണ കൃതികൾ
നാലാഗമങ്ങൾ
Publishing Committee
CMI Prior General's House, Cochin, 1985

18. അനസ്താഷ്യയുടെ രക്ഷസാക്ഷ്യം
Fr. Kuriakose Elias Chavara
Ed. Dr. Z.M. Moozhoor CMI
Chavara Hills, Cochin, January 2010

19. ചാവറയച്ചന്റെ സമ്പൂർണ കൃതികൾ
കത്തുകൾ
Ed. Fr. Lucas Vithuvattickal CMI
CMI Prior General's House, Cochin, 1986

20. മഞ്ചേരിയിൽ യൗസേപ്പ് അന്തോനിയച്ചനും ചാവറയച്ചനും
ഫാ. ജെ. ചിറയിൽ സിഎംഐ
ചാവറ ഹിൽസ്, കൊച്ചി, 2013

21. അവിസ്മരണീയ വ്യക്തികൾ, അപൂർവ്വ സംഭവങ്ങൾ
ജോൺ കച്ചിറമറ്റം
പിഴക്, 2013

22. സുകൃതം സ്മര
എഡിറ്റർ: ഫാ. തോമസ് പന്തപ്ലാക്കൽ സിഎംഐ
Beth Rauma Publications
Published by CMI Prior General's House, Cochin, 2014

23. ഒരു നല്ല അപ്പന്റെ ചാവരുൾ
ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ
മാന്നാനം 2010

24. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ
എഡിറ്റർ ഫാ. സെഡ്. എം. മൂഴൂർ സിഎംഐ
Published by CMI Prior General's House, Cochin